Reg. No. M. 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 മേയ് 2—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് എറണാകുളം 1131 മേടം 20 | ലക്കം 37

## ആ മംഗളവാർത്ത

(ടി. മേരി തിരപ്പേൽ ബി. എ.)

സന്തോഷകരമായ വാർത്തകൾ ശ്രവിക്കയെന്നുള്ളതു് എല്ലവർക്കും ആനന്ദപ്രദമാണു്. എല്ലവരും അതിനായി ആഗ്രഹിക്കുകയും ചെയ്യുന്നു. കൂട്ടുകാരിൽനിന്നും മംഗളസന്ദേശം നമുക്കു ലഭിക്കാറുണ്ടു്. നടന്നുകൊണ്ടിരിക്കുന്ന യുദ്ധത്തിൽ വിജയം പ്രാപിക്കുന്ന രാജ്യം അതിലെ നിവാസികൾക്കു് ആ സന്തോഷവാർത്ത പ്രദാനംചെയ്യുന്നു. പരീക്ഷാഫലം പ്രതീക്ഷിച്ചിരിക്കുന്ന വിദ്യാർത്ഥിക്കു് ജയിച്ചുവെന്നറിയുന്നതു് എത്രമാത്രം ആനന്ദപ്രദമാണു്. ഇങ്ങനെ സുഖദുഃഖസമ്മിശ്രമായ ഈ ലോകത്തിൽ സദ്വാർത്തകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതു തുടർന്നുപോകയുംചെയ്യും.

ലോകത്തിൽ ഉണ്ടായിട്ടുള്ളവയിൽ ഏററവും പ്രാധാന്യമേറിയ ഒരു മംഗളവാർത്ത പത്തൊൻപതു നൂററാണ്ടുകൾക്കുമുൻപു നടന്നുകഴിഞ്ഞു. അതെന്തായിരുന്നുവെന്നോ? അജ്ഞാനാന്ധകാരത്തിൽ ആമഗ്നമായിരുന്ന ലോകത്തിൽ വിജ്ഞാനത്തിന്റെ പ്രകാശകിരണങ്ങൾ വിശുവാനും പാപംനിമിത്തം മൃതിയടഞ്ഞിരുന്ന മനുഷ്യരാശിയെ രക്ഷയുടെ പ്രാണവായു ശ്വസിപ്പിച്ചു് ഉത്തേജിപ്പിക്കുവാനും യാതനകളും വേദനകളും അനുഭവിക്കുന്നവർക്കു സമാധാനത്തിന്റെ മധുരസന്ദേശമരുളുവാനുമായി ആഗതനായ ക്രിസ്തുനാഥന്റെ മനുഷ്യാവതാരരഹസ്യം ദൈവദൂതപ്രമുഖനായ ഗബ്രിയേൽ മറിയത്തെ അറിയിക്കുന്നതായിരുന്നു അതു്. ലോകചരിത്രത്തിൽ ഇത്ര മഹത്തമേറിയ ഒരു മംഗളവാർത്ത ഉണ്ടായിട്ടില്ല. ഉണ്ടാകുകയുമില്ല. സ്രഷ്ടാവായ ദൈവം സൃഷ്ടിയായ മറിയത്തെ തന്റെ ഇംഗിതം അറിയിക്കുന്നു. ആദിമാതാപിതാക്കന്മാരുടെ പാപംനിമിത്തം അധഃപതിച്ചു, ദൈവകോപത്തിനു പാത്രീഭൂതമായ മനുഷ്യവർഗ്ഗത്തിനു് വീണ്ടും സ്വർഗ്ഗരാജ്യത്തിനു് അവകാശം സിദ്ധിച്ചതു് സത്യദൈവവും സത്യമനുഷ്യനുമായവതരിച്ച ക്രിസ്തുവിന്റെ പീഡകളും കുരിശുമരണവുംമൂലമാണു്. അങ്ങനെ മനുഷ്യനായി അവതരിക്കുന്നതിനു് ഒരു ജനനി ആവശ്യമായിരുന്നു. അതിനുള്ള സമ്മതം മറിയത്തോടു ചോദിക്കുന്നു. അങ്ങനെ ആ ദൗത്യം അറിയിക്കുന്നു.

അതിപ്രധാനമായ ആ സന്ദേശം—അതെ സ്നേഹസമ്പൂർണ്ണനായ ദൈവത്തിന്റെ കാരുണ്യാധിക്യത്തെ പ്രസ്പഷ്ടമാക്കുന്ന ആ സന്ദേശം—മറിയത്തെ അറിയിക്കുന്നു. വിനയപൂർവ്വം മറിയം സമ്മതം നൽകുന്നു. ആ നിമിഷത്തിൽ പുത്രൻതമ്പുരാൻ മറിയത്തിന്റെ ഉദരത്തിൽ വാസം ആരംഭിച്ചു. മനുഷ്യാവതാരത്തിന്റെ ആ നിമിഷം! ഇത്രയും പ്രാധാന്യമേറിയ ഒരു വിനാഴിക ലോകചരിത്രത്തിൽ ഉണ്ടായിട്ടില്ല.

അതെ, ദൈവപുത്രൻ മർത്ത്യരൂപമെടുത്തു് ഈ ഭൂമിയിൽ അവതരിച്ച ആ വിനാഴിക ലക്ഷോപലക്ഷം കൊല്ലങ്ങൾ കഴിഞ്ഞാലും അജയ്യമായി നിലകൊള്ളും.

പാവനമായ ആ രഹസ്യം വിശാലമായ ഈ ലോകത്തിനു് അജ്ഞാതമായി നിർവ്വഹിക്കപ്പെട്ടു. ഒരു വിനാഴിക; ഒരു നിമിഷം; മറിയത്തിന്റെ നിർമ്മലരക്തം ഇപ്പോഴും പരിപൂർണ്ണമായി അവളുടേതാണു്. ദൈവശക്തിയുടെ ഒരു കതിർ അവളിൽ പ്രവേശിക്കുന്നു; പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നടക്കുന്നു. പുത്രൻതമ്പുരാൻ പരിശുദ്ധമായ അവളുടെ ഗർഭപാത്രത്തിൽ വളരുവാൻ ആരംഭിച്ചു.

"സമാധാനപൂർണ്ണമായ ആ രാത്രിയിലെ ഏകാന്തതയാൽ നസ്രസ്സിലെ ചെറിയ മുറി നിറയപ്പെട്ടിരുന്നു. നക്ഷത്രജാലങ്ങൾ ആകാശത്തു മിന്നിത്തിളങ്ങി. ലില്ലികൾ മുകുളാവസ്ഥയിൽ സ്ഥിതിചെയ്യുന്നു. അവളപ്പോഴും ഉറങ്ങുകയാണു്. ഇടയന്മാരുടെ കാവൽപ്പട്ടികൾമാത്രം രാത്രിയുടെ ഏകാന്തതയെ ചിലപ്പോഴൊക്കെ ഭേദിക്കാറുണ്ടു്. ഇങ്ങനെയുള്ള അവസരത്തിൽ ദൈവികമായ രഹസ്യം അവരുടെ ഇടയിൽക്കൂടി കടന്നുപോയി. ശീതളവും നിർമ്മലവും വസന്തതുല്യവുമായ പ്രഭാതം ആഗതമായി. ചിരകാലമായി പ്രതീക്ഷിച്ചുകൊണ്ടിരുന്ന രക്ഷകൻ വന്നുകഴിഞ്ഞു. എന്നാൽ അമ്മയൊഴികെ ആരും അതറിഞ്ഞില്ല."

ഇങ്ങനെയാണു് മനുഷ്യാവതാരവിനാഴികയെ വർണ്ണിക്കുന്നതു്.

ഈ സുമംഗളവാർത്തയിലും തദനന്തരവും നടന്ന സംസാരരീതിയേയും ഭാവപ്രകടനങ്ങളേയുംപററി അല്പം പര്യാലോചിക്കാം. മാലാഖാ മറിയത്തെ സംബോധന ചെയ്യുന്നതു് ദൈവവരപ്രസാദപൂർണ്ണ എന്നാണു്. പ്രസാദവരം അവളിൽ നിറഞ്ഞിരുന്നു. അതിനെ അന്വർത്ഥമാക്കുമാറു് അടുത്ത സംഭവങ്ങളും നടക്കുന്നു. ഗബ്രിയേൽദൂതൻ, "നീ ഗർഭം ധരിച്ചു് പുത്രനെ പ്രസവിക്കും" (Luke 1—31) എന്നു് അറിയിച്ചപ്പോൾ ദൈവമാതൃത്വത്തേക്കാൾ കന്യാത്വത്തെ കാര്യമായി പരിഗണിച്ചിരുന്ന ആ തന്വംഗി. "പുരുഷൻ എനിക്കു അറിയപ്പെടാത്തവനായിരിക്കയാൽ ഇതു് എങ്ങനെ സംഭവിക്കും" എന്നു് ഭയവിഹ്വലയായി ചോദിക്കയുണ്ടായി. (Luke 1—34) കന്യാത്വത്തിനു ഭംഗംവരാതെ പരിശുദ്ധാത്മാവിന്റെ ശക്തിയാലാണു മറിയം ഗർഭിണിയാകുന്നതെന്നു ദൈവദൂതൻ അറിയിച്ചപ്പോൾ "ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ" എന്നിങ്ങനെ വിനയപൂർവ്വം മറിയം പ്രത്യുത്തരിച്ചു.

അല്പസമയത്തെ ഈ സംഭാഷണത്തിൽനിന്നും നമുക്കു മനസ്സിലാക്കാം, മറിയം പാപത്തെ ഭയന്നിരുന്നു. അവൾ ധൈര്യവതിയായിരുന്നു. അവൾ എളിമയും അനുസരണവും കീഴ്‌വഴക്കവുമുള്ളവളായിരുന്നു. സർവ്വോപരി അവൾ വിവേകസമ്പൂർണ്ണയായിരുന്നു. മംഗളവാർത്തയുടെ അവസരം അതു തെളിയിക്കുന്നു. നാം എന്താണു ചെയ്യേണ്ടതു്. ദൈവം നമ്മേയും ഓരോ വാർത്തകൾ അറിയിച്ചുകൊണ്ടിരിക്കുന്നു. അവകൾ നിശ്ചയമായും മംഗളകരമായ വാർത്തകൾതന്നെയാണു്. നമുക്കു നേരെ മറിച്ചായിരിക്കും തോന്നുക. പക്ഷേ സ്വർഗ്ഗസമ്മാനത്തിനു് നമ്മെ അർഹരാക്കുന്നതിനുപയുക്തമായ സദ്വാർത്തകളായിരിക്കും അവ. ദൈവം നമ്മിൽനിന്നു എന്താവശ്യപ്പെടുന്നുവോ അതു കൊടുപ്പാൻ നാം ബാദ്ധ്യസ്ഥരാണു്. മറിയം അന്നു സമ്മതംമൂളിയില്ലായിരുന്നെങ്കിൽ നമ്മുടെ സ്ഥിതി എന്താകുമായിരുന്നു. എന്നാൽ മറിയം ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങി. ദൈവം വലിയ വലിയ കാര്യങ്ങൾ നമ്മിൽനിന്നും ആവശ്യപ്പെടുന്നുണ്ടു്. ദൈവപുത്രൻ ജനിക്കുന്നതിനു് മറിയത്തിന്റെ സമ്മതം ദൈവം ആവശ്യപ്പെട്ടു. അതുപോലെ ദൈവതിരുമനസ്സു് നമ്മിൽ നിറവേറുന്നതിനു നമ്മുടെ സഹകരണം അത്യന്താപേക്ഷിതമാണു്. ദൈ



## മേയ് മാസ റാണി

(മേയ് മാസം—പ്രത്യേകമായി മാതാവിനു് പ്രതിഷ്ഠിതം)

## ചെറുകഥ

# പഞ്ഞിയും ചകരിയും

(ചാരുമ്മൂട്)

(തുടർച്ച)

എന്റെ സ്നേഹിതനു എന്റെ അഭിപ്രായം അറിയണം. ഞാനെന്തുപറയട്ടെ! അദ്ദേഹത്തിന്റെ നിർബന്ധം. എന്റെ പരുങ്ങൽ. ഞാനാലോചിച്ചു. ഉള്ള പരമാർത്ഥങ്ങൾ പറഞ്ഞാൽ എന്നെക്കുറിച്ചുള്ള മതിപ്പു കുറയുകയില്ലേ. പറയാതിരുന്നാലോ? അതെത്രവലിയ അബദ്ധമാകും. ഒടുവിൽ ഇളിഭ്യതയ്ക്കും കാരണമാകുകയില്ലേ? ഞാൻ നിശ്ചയിച്ചു, സത്യാവസ്ഥ അറിയിക്കുക തന്നെ പിന്നെ അവരുടെ ഇഷ്ടംപോലെ. പാറിയെങ്കിൽ ഒരു നല്ല ധനാഗമം. വീടിനും ഒരു തുണ! പെൺകുട്ടി ഹോർത്തൂസാമിൽ പഠിക്കയാണു്. കാഴ്ചയ്ക്കും തരക്കേടില്ല പഠിക്കാൻ മോശമായിരിക്കണം. ഈ ആലോചന അവളും ഗ്രഹിച്ച മട്ടുണ്ടു്. അവളുടെ ഭാവഹാവാദികളിൽ അതു വ്യക്തമായിരുന്നു. ഒരു ഭാവനാമാധുരി.

എന്റെ കുടുംബകഥകൾ എന്റെ സ്നേഹിതനെ ഞാൻ ഗ്രഹിപ്പിച്ചു: "ഇങ്ങനെയുള്ള ഒരു കുടുംബവുമായി ഒരു ബന്ധുത്വത്തിനു ധന സൗകര്യങ്ങളൊന്നും എനിക്കില്ല. എന്റെ വീട്ടുകാര്യങ്ങൾ കുറെയൊക്കെയൊന്നു ശരിപ്പെടുത്തിയിട്ടു് കല്യാണം മതിയെന്നാണു ഞാൻ വിചാരിക്കുന്നതു്. പിന്നെ—"

അദ്ദേഹത്തിന്റെ ചിരപ്രതീക്ഷിതമായ എന്റെ മറുപടി. അദ്ദേഹം മ്ലാനവദനനാകുന്നതു ഞാൻ കണ്ടു. എങ്കിലും സ്വാഭാവികമായി ഉണ്ടായിരുന്ന ആ ഭാവപ്പകർച്ച ഞാൻ ഗ്രഹിച്ചതായി അദ്ദേഹം അറിഞ്ഞില്ല. നിശ്ശേഷം ഉപേക്ഷിച്ചായിരുന്നില്ല എന്റെ മറുപടി. ഒരു നല്ല സ്ത്രീധനം! എന്റെ ചിന്ത കടന്നു കയറിപ്പറന്നു. രണ്ടു ദിവസത്തിനുശേഷം അദ്ദേഹം എന്റെ വീട്ടുമേൽവിലാസം ആവശ്യപ്പെട്ടു. എന്റെ ദയനീയാവസ്ഥ അവർ ഗ്രഹിക്കുമല്ലോ. എന്നെപ്പറ്റി അവരിൽ ഉണ്ടായിരുന്ന ഘനഭാവം ഇടിഞ്ഞുതകരുമല്ലോ. എങ്കിലും മേൽവിലാസം കുറിച്ചുകൊടുത്തു എനിക്കറിയാം അവർ എന്നെക്കുറിച്ചു പൂർണ്ണമായി അന്വേഷിക്കും. അവർ എന്റെ വീട്ടിൽ പോകും. മേൽവിലാസം കൊടുത്തു. ഞാൻ വീട്ടിലേക്കെഴുതി. ഇന്നാളുകാരായിരുന്ന രണ്ടുപേർ അങ്ങോട്ടു വരാനിടയുണ്ടു്. അവരെ വേണ്ടവണ്ണം സൽക്കരിച്ചയക്കണം. കുറച്ചുകാശും ഞാൻ വീട്ടിലേക്കയച്ചു.

അവർ എന്റെ വീട്ടിൽ ചെന്നിരുന്നു എന്നും മറ്റുമുള്ള വിവരം എന്റെ വീട്ടിൽനിന്നും കത്തു കിട്ടുമ്പോഴാണു ഞാനറിയുക. അവർക്കെന്നെപ്പറ്റിയുള്ള മതിപ്പും അങ്ങനെ കുറഞ്ഞു. ആ സഹായോപകനു മുൻപിലത്തെപ്പോലെ അടുപ്പമില്ല. എനിക്കും ഒരു ക്ഷീണം തട്ടിയമാതിരി. ദിവസങ്ങൾ അങ്ങനെ കഴിഞ്ഞു. ഒരു ദിവസം ആ ഇടവകവികാരി എന്നെക്കാണുവാൻ ആവശ്യപ്പെട്ടു. അദ്ദേഹം എന്നോടു പറഞ്ഞു: "ആ പെൺകുട്ടി സാറിനെ മാത്രമേ വിവാഹം കഴിക്കയുള്ളു. വീട്ടുകാർ പ്രതികൂലിക്കുന്നു. എങ്കിലും ഞാനവരെ നേരെയാക്കിക്കൊള്ളാം, സാർ എന്തുപറയുന്നു?"

കഥകളെല്ലാം ഗ്രഹിച്ചിരുന്ന അദ്ദേഹത്തോടു് ഞാനെന്തു പറയാൻ? സാമ്പത്തികമായ അവസ്ഥാന്തരങ്ങൾ ഞാൻ ചൂണ്ടിക്കാണിച്ചു. അദ്ദേഹം പറഞ്ഞു: "എതിരഭിപ്രായങ്ങളൊന്നും സാറിനില്ലല്ലോ. സാറിനു വിദ്യാധനം ഉണ്ടു്. അവർ കുറെ ദ്രവ്യം കൂട്ടിത്തരും. അപ്പോൾ എല്ലാമൊക്കും."

ഞങ്ങളുടെ കല്യാണാലോചന ചൂടുപിടിച്ചു. ആ പെൺകുട്ടിയുടെ ശാഠ്യം. എന്റെ മനോനുകൂലം. വീട്ടുകാർ അനുകൂലിച്ചു അങ്ങനെ ഞങ്ങളുടെ കല്യാണം നടന്നു. വധുവിന്റെ ഇടവകപ്പള്ളിയിൽവച്ചു, ഏറ്റം ആഡംബരസമന്വിതം.

കല്യാണത്തിനുശേഷം ഞങ്ങൾ എന്റെ വീട്ടിലേക്കു വന്നു. എന്റെ ഭാര്യക്കു എന്റെ വീടു് ഒട്ടും ഇഷ്ടപ്പെട്ടില്ല. ഒരാഴ്ച വല്ലവിധവും അവൾ അവിടെ കഴിഞ്ഞുകൂടി, മൂട്ടപെരുത്ത കട്ടിലിൽ കിടക്കുംപോലെ. അഥവാ ഞെരിഞ്ഞിൽ വിരിച്ച വഴിയിൽ ചെരിപ്പില്ലാതെ നടക്കുംപോലെ. അല്ലെങ്കിൽ മെയ്യാകെ പൊതിഞ്ഞുകൊണ്ടിരിക്കുന്ന കൊതുകുനിറഞ്ഞ മുറിക്കകത്തകപ്പെട്ടതുപോലെ. ഒരാഴ്ച! അതിനകം അവളുടെ "വലിപ്പ"ത്തിന്റെയും എന്റെ "ചെറുപ്പ"ത്തിന്റെയും ചിത്രം ഭാവപ്പകർച്ചകളോടുകൂടി സിനിമാതിരശ്ശീലയിലെന്നവണ്ണം ഭാവനയിൽ കണ്ടു് അവൾ നടുങ്ങുകയായിരുന്നു. ആ കാഴ്ചതന്നെ കാണുകയായിരുന്നു ഞാൻ ഒരാഴ്ച.

യാതൊരു വിശേഷാൽകാഴ്ചകളും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ ഓരോ ദിവസവും എന്റെ അപ്പൻ അപ്പന്റെ അനുദിനജോലികളിൽ വ്യാപൃതനായിരുന്നു. ഒറ്റത്തോർത്തും തൊപ്പിപ്പാളയും മൺവെട്ടിയുമായി പ്രഭാതത്തിൽ വലിയവീട്ടിലേക്കുപോകും. അന്തിക്കു തിരിച്ചുവരും. അപ്പന്റെ ഈ വേഷവും പോക്കുവരവും അവൾക്കു വലിയ അസ്വാസ്ഥ്യമായി ഞങ്ങൾ വിവാഹത്തിനുശേഷം വീട്ടിൽ വന്ന പ്രഥമദിവസംതന്നെ, സ്വന്തം വീട്ടിലേക്കു കയറിവന്ന എന്റെ അപ്പനെ കണ്ടുകൊണ്ടവൾ ചോദിക്കയാണു്, "അതാരാണു?" മറ്റാരോടുമല്ല, എന്നോടുതന്നെ. മറുപടിപറയാൻ എനിക്കു ശക്തിയുണ്ടായില്ലെങ്കിലും ഒന്നു പല്ലിളിച്ചുകാണിച്ചാലെങ്കിലും മതിയെന്നു ഞാൻ അഭിലഷിച്ചു. പക്ഷെ, എന്റെ രക്തം എങ്ങോട്ടോ, ഒന്നായി ഓടിയൊളിക്കുംപോലെ ഒരനുഭവമാണു് എനിക്കുണ്ടായതു്. തുടർന്നുള്ള ഒരാഴ്ചയിൽ വീണ്ടും അവൾ അഭിപ്രായപ്പെട്ടു: "വീട്ടിൽ നില്ക്കുന്ന ചാക്കാലച്ചട്ടയെപ്പോലെയിരിക്കുന്നു" എന്നു്. എന്റെ അപ്പനെപ്പറ്റി എന്റെ ഭാര്യ എന്നോടഭിപ്രായപ്പെടുകയാണു്...!! എന്റെ സകല അഭ്യുദയത്തിനും വേണ്ടി അങ്ങേ അറ്റം ത്യാഗം അനുഭവിച്ച എന്റെ അപ്പനു്, ഞാൻ നൽകേണ്ട പ്രതിഫലം, ഇക്കണക്കിൽ ഇതിലും കൂടുതലാകാനൊന്നുമില്ലാ സൗകര്യം ലഭിച്ചിരിക്കുന്നതു്. ആ ചിന്തയിൽ ഞാനിരുന്നുപോയി, ഒരു മരപ്പാവകണക്കെ. എത്രസമയം അങ്ങനെ ഇരുന്നു! ഓർമ്മയില്ല. എന്റെ കുഞ്ഞുപെങ്ങൾവന്നു്, പിടിച്ചുകുലുക്കി വിളിക്കുന്നു്. "ഇച്ചാച്ചൻ ഉണ്ണേണ്ടേ? ചോറുകൊണ്ടുവച്ചിട്ടെത്ര നേരമായി" എന്നു പറഞ്ഞപ്പോഴാണു്, ഞാനുറങ്ങിപ്പോയോ! എനിക്കെന്തുസംഭവിച്ചു എന്നിങ്ങനെ ഓർക്കാനെനിക്കു കഴിവുണ്ടായതു്.

എന്റെ അമ്മയും സഹോദരങ്ങളും. എന്റെ ഭാര്യയും അവരോടും, മറിച്ചും എത്രവലിയ അടുപ്പമായിരുന്നു ഉണ്ടാകേണ്ടിയിരുന്നതു്. എന്റെ അമ്മയ്ക്കു വാത്സല്യമേറിയ ഒരു മകൾ. സഹോദരികൾക്കു ഇഷ്ടതോഴിയായ ഒരു നാത്തൂൻ. ഹാ! എന്തൊരു മനോരഥം! എത്രവലിയ [illegible]

ഉത്സാഹമായ ഒരു സാഹചര്യം ചുറ്റുപാടും ആളിക്കത്തുന്ന അഗ്നിനാവുകൾക്കിടയിലകപ്പെട്ടു ചുട്ടു്! ഒരാഴ്ച! അതിന്റെ ദൈർഘ്യം ഒരാണ്ടിലും കൂടുതൽ. വല്ലവിധവും ഞങ്ങൾ എന്റെ വീടുവിട്ടു. ഭാര്യാഗൃഹത്തിലെത്തി. ഞങ്ങൾ തമ്മിലും എന്തോ ഒരു വലിയ അന്തരം! എങ്കിലും ഞങ്ങൾ ഭാര്യാഭർത്താക്കന്മാരായി ജീവിച്ചു. ഞങ്ങൾ മാതാപിതാക്കന്മാരായി. ഒപ്പംതന്നെ മക്കളോടുള്ള വാത്സല്യത്തിന്റെ വായ്പു് എനിക്കനുഭവപ്പെട്ടുതുടങ്ങി. പക്ഷേ...!

ഒരു നല്ല വീടും കുറെ നിലം പുരയിടങ്ങളും. സ്ത്രീധനം, ഭാര്യയുടെ വക. ഞങ്ങൾക്കു കിട്ടി. ഒരു നല്ല കുടുംബത്തിനു സുഖമായി കഴിഞ്ഞുകൂടാനുള്ള വകകൾ. ആവശ്യത്തിനും അലങ്കാരത്തിനും പറ്റിയ വീട്ടുസാമാനങ്ങൾ വളരെ. പശുക്കൾ. എന്നുവേണ്ട, വലിയ വീട്ടിലെ മിക്കവാറും സൗകര്യങ്ങൾ. എനിക്കു ശമ്പളവും. എങ്കിലും എന്തുചെയ്യട്ടെ! എനിക്കു വേണ്ടതുമാത്രമില്ല. മനസ്സമാധാനം. വേട്ടക്കാരനെകണ്ട പക്ഷികണക്കെ അതു പറന്നകന്നുപോയി.

ഞാൻ എങ്ങനെ വസ്ത്രം ധരിക്കണം, എന്തു കഴിക്കണം എപ്പോഴുണരണം, എവിടെ പോകണം, എന്തു ചെയ്യണം, എല്ലാം എന്റെ ഭാര്യ നിശ്ചയിക്കുംപോലെ. അവൾക്കു ശിങ്കിരിയാടിക്കുന്നുള്ള ഒരു വാനരത്താൻമാത്രം ഞാൻ. ശമ്പളം ഒന്നാംതീയതി വൈകുന്നേരം പൈ കുറയാതെ അവളെ ഏല്പിച്ചുകൊള്ളണം. പ്രാപ്തിയുള്ളൊരു ഭാര്യ!

ഞാനോ, ഒരു ഹൈസ്കൂളദ്ധ്യാപകൻ! ഇപ്പോൾ ഒരു നല്ല ഭൂസ്വത്തുടമസ്ഥൻ. എന്റെ അപ്പൻ വലിയ വീട്ടിലെ തൂമ്പാപ്പണിക്കാരൻ. എന്റെ അമ്മയും സഹോദരങ്ങളും കൂടിയേ തീരൂ എന്നുള്ള അത്യാവശ്യങ്ങൾക്കുപോലും ദാരിദ്ര്യം അനുഭവിക്കുന്നു. ഒരുനേരത്തെ ആഹാരത്തിനു വകകൊടുക്കാൻ, ഒരു തുണി വാങ്ങിച്ചുകൊടുക്കാൻ—ഹാ! എന്റെ അവസ്ഥ!

എന്റെ അപ്പൻ എന്നെക്കുറിച്ചു് എത്രയെത്ര മോഹനസ്വപ്നങ്ങൾ കണ്ടിരിക്കയില്ല! എന്റെ അമ്മയുടെ ഭാവനയിൽ എന്തെല്ലാം മനോഹാരിതകൾ നിഴലിച്ചു വിരിച്ചിരിക്കയില്ല! ഇച്ചാച്ചനിൽ എന്തെല്ലാം അഭിലാഷങ്ങൾ എന്റെ കൂടപ്പിറപ്പുകൾക്കു് മൊട്ടിട്ടുനിന്നിരിക്കയില്ല! ഹാ! നല്ലൊരു മാവു്. നിറയെപ്പൂത്തു എന്തൊരു ഭംഗി. വിരിഞ്ഞാൽ എത്ര വലിയ മാങ്ങകൾ. പഴുത്താൽ എത്ര നല്ല മാമ്പഴങ്ങൾ! പക്ഷെ കൊടിയമഴ, കൊടുങ്കാറ്റു്, ഒരു ഓറ ഉണ്ണിവിരിയാതെ ആ പൂക്കളൊക്കെ നിലംപതിച്ചു. ഹൃദയവേദനയാൽ ഉരുകിയൊഴുകുന്ന കണ്ണീർകണങ്ങൾപോലെ മാമ്പൂവിലെ തേൻ, ഉരുകി നിലംപതിച്ചു് പശ കട്ടിപിടിച്ചിരിക്കുന്നു. എന്റെ കുടുംബാംഗങ്ങളുടെ ഹൃദയാകാശത്തിൽ മോടിപിടിപ്പിച്ച അഭിലാഷമാരിവില്ലു്. ആ നിഴലുപോലും മാഞ്ഞുമറഞ്ഞു. ഹാ! എന്തൊരു നൈരാശ്യം!

നല്ലൊരു ഭൂസ്വത്തിന്റെ ഉടമസ്ഥനും ശമ്പളക്കാരനുമായ ഞാനല്ലേ ദരിദ്രൻ! കാണുന്നവർക്കോ? ആരാണു ദരിദ്രൻ? ഉള്ളവനോ, ഇല്ലാത്തവനോ? ഉണ്ടായിട്ടും യോഗ്യമാംവണ്ണം അനുഭവിക്കാൻ കഴിയാത്തവനല്ലേ ദരിദ്രൻ?

എന്താണു വലിയ നേട്ടം? എന്തിനു വളരെ പറയുന്നു, മനസ്സമാധാനമല്ലേ? ആത്മസംതൃപ്തിയേക്കാൾ വലിയ ധനമുണ്ടോ? പരീക്ഷാവിജയങ്ങൾ ആർക്കെങ്കിലും മനസ്സുഖം നൽകുമോ? ഭൂവുടമകളെയെങ്കിലും അനുഗ്രഹിതരാക്കുമോ?

എവിടെയാണു തെറ്റു്? ആരെയാണു കുറ്റം പറയേണ്ടതു്? ആരെയെങ്കിലും കുറ്റപ്പെടുത്തുകയല്ലാതെ, സ്വയം കുറ്റം ഏല്ക്കുവാൻ, നിവൃത്തിയുണ്ടെങ്കിൽ അധികമാരും തയ്യാറാവുകില്ലല്ലോ! എന്റെ ഭാര്യയാണോ കുറ്റക്കാരി? അവൾ ധനികന്റെ മകളല്ലേ? ആ സാഹചര്യത്തിലല്ലേ അവൾ വളർന്നതു്. സ്വാഭാവികാഭിലാഷാനുസാരം—മുഖ്യവാസനാനുസരിച്ചു്—അവൾക്കും ഒരു ഭർത്താവുവേണമെന്നവൾക്കു തോന്നി. അവൾ ആയിരുന്ന സാഹചര്യമനുസരിച്ചു്—മനുഷ്യപ്രകൃതിയുടെ ബലഹീനതയിലേക്കു്—ഞാനല്ലെങ്കിൽ എന്നെപ്പോലെ മറ്റാരാളെ തിരഞ്ഞെടുക്കുകയും സാധാരണമല്ലേ? പ്രായത്തിൽ പരിചയസമ്പന്നരായ അവളുടെ രക്ഷിതാക്കൾ, ഉള്ളിലേക്കു കയറിയറിഞ്ഞപ്പോൾ ഞാനവൾക്കു യോഗ്യനായിരുന്നില്ല. യാഥാർത്ഥ്യം! പാവം പെണ്ണു്! അല്ല ഞാൻ! അവളെന്തറിഞ്ഞു? പ്രായത്തിന്റെ കാഴ്ചവ്യത്യാസം. അവൾ കുറ്റക്കാരിയോ? ഒരിക്കലുമല്ല. ഞാൻ—ഞാൻ കുറ്റക്കാരനോ? സംശയമോ?

ചകരിക്കയറിഴയും പരുത്തിനൂലും ചേർത്തു പിരിച്ചുകളയാമെന്നു കരുതിയതു മൗഢ്യമല്ലേ? അകന്നുനില്ക്കൊള്ളുന്ന രണ്ടു സംസ്കാരത്തെ ഒന്നാക്കാൻ കരുതിയതു തെറ്റല്ലേ? ഞാൻ ഏതു സാഹചര്യത്തിൽ ജനിച്ചു? എങ്ങനെ വളർന്നു? എന്തിനു മോഹിച്ചു? എന്തുകൊണ്ടു സ്വയം മറന്നു? എന്നെ മറന്നപ്പോൾ, എന്റെ പാവപ്പെട്ട കുടുംബാംഗങ്ങളെ മറന്നു. ഒരുത്തനെന്തിനു ജീവിക്കണം? മറ്റുള്ളവർക്കുവേണ്ടി ഇങ്ങനെ ഒരു വിവാഹം എന്തിനഭിലഷിച്ചു? ദുരഭിലാഷം! മറ്റൊരു വലിയ വീട്ടിലെ കുഞ്ഞാകാനുള്ള എടുത്തുചാട്ടം! അവിടെയല്ലേ തെറ്റുപറ്റിയതു്? കഴിവിൽ കവിഞ്ഞ ചാട്ടമായതുകൊണ്ടല്ലേ വീണുപോയതു്? ആഞ്ഞുചാടി. വീഴ്ചയും ഗുരുതരം. ഇനി എന്തുചെയ്യാൻ?

---

ദൈവേഷ്ടത്തിനു പരിപൂർണ്ണമായി കീഴ്വഴങ്ങുന്നതിനും അങ്ങനെ അവിടുത്തെ ഇഷ്ടം നമ്മിൽ പ്രാവർത്തികമാകുന്നതിനും പരിശുദ്ധ അമ്മയോടു നമുക്കു പ്രാർത്ഥിക്കാം. അമ്മയുടെ തൃപ്പാദത്തിങ്കൽ നമ്മെ സ്വയം അർപ്പിക്കാം. അമ്മയുടെ മാതൃക നമുക്കും അനുകരിക്കാം. പരിശുദ്ധ അമ്മ നമുക്കു ഉത്തേജനം നൽകട്ടെ.

---

# ഇടപ്പള്ളി പള്ളിയിൽ

## വി. ഗീവർഗീസ് സഹദായുടെ

# തിരുനാൾ



1956 മേയ് 4—ാംനു—വെള്ളിയാഴ്ച

മേയ് 11—ാംനു—വെള്ളിയാഴ്ച, എട്ടാമിടം.

എന്നു്,

വികാരി

# മാർപ്പാപ്പാ തിരുമേനിയും കത്തോലിക്കാ ലോകവും

(ഫാദർ തോമസ് മണ്ണഞ്ചേരി)

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനിയുടെ 80-ാമത്തെ ജന്മദിനവും തിരുമനസ്സിലെ കിരീടധാരണത്തിന്റെ 17-ാമത്തെ വാർഷികവും കത്തോലിക്കാലോകം യഥായോഗ്യം ആഘോഷിച്ചു കഴിഞ്ഞിരിക്കുകയാണല്ലോ. അഖിലലോകവന്ദ്യനും കത്തോലിക്കാലോകം മുഴുവന്റെയും കണ്ണിലുണ്ണിയും ആയ പന്ത്രണ്ടാംപീയൂസ് തിരുമേനിയുടെ 80-ാമതു് ജന്മദിനം ആഘോഷിക്കാൻ സാധിച്ചതിൽ ലോകമാസകലമുള്ള കത്തോലിക്കർ അതിവസന്തുഷ്ടിയും സംതൃപ്തിയും ആണ് പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ലോകത്തിലെ അമ്പതുരാജ്യങ്ങൾ മാർപ്പാപ്പാ തിരുമേനിയുടെ ഈ ജന്മദിനവാർഷികം സംബന്ധിച്ച് വത്തിക്കാനിൽ നടന്ന ആഘോഷങ്ങളിൽ സ്വന്തം പ്രതിനിധികൾമുഖേന സംബന്ധിക്കുകയുണ്ടായി. വത്തിക്കാനിൽ നയതന്ത്രപ്രതിനിധികൾ ഇല്ലാത്ത ചില പ്രമുഖരാജ്യങ്ങൾ ഈ ശുഭാവസരം പ്രമാണിച്ചുള്ള ആഘോഷങ്ങളിൽ പ്രത്യേകം പ്രതിനിധികളെ അയച്ചു് സംബന്ധിച്ച എന്നുള്ളകാര്യം സവിശേഷം സ്മർത്തവ്യമാണ്.

എൺപതുവയസ്സു പൂർത്തിയായ മാർപ്പാപ്പാ തിരുമേനി ഇന്നും പൂർണ്ണാരോഗ്യവാനായി തിരുസഭാഭരണം നടത്തിക്കൊണ്ടിരിക്കുന്നതു്, ദൈവത്തിന്റെ മഹത്തായ ഒരു അനുഗ്രഹവും, തിരുസഭയ്ക്കു സിദ്ധിച്ചിരിക്കുന്ന അനന്യസുലഭമായ ഭാഗ്യവും ആണെന്നു് സമ്മതിച്ചേതീരൂ. തിരുസഭയുടെ ചരിത്രത്തിൽ ചുരുക്കം ചില മാർപ്പാപ്പാമാർക്കു മാത്രമേ എൺപതു വയസ്സു പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളു. ഐറിഷ് പ്രസിഡന്റു മി. കെല്ലി, ഇക്കൊല്ലം അദ്ദേഹത്തിനു് നവവത്സരമംഗളമാശംസിക്കാൻ ചെന്ന വിദേശരാജ്യപ്രതിനിധികളോടു പറഞ്ഞതു്, 1955-ാംവത്സരത്തിലെ ഏററവും വലിയ സംഭവം മാർപ്പാപ്പാ തിരുമനസ്സിലെ ആരോഗ്യപുനഃസിദ്ധിയാണെന്നത്രെ."

1954 ഡിസംബർമാസത്തിൽ മാർപ്പാപ്പാ തിരുമേനിയുടെ ആരോഗ്യസ്ഥിതി അത്യന്തം അപകടകരമായ നിലയിൽ എത്തിയപ്പോൾ തിരുമനസ്സുകൊണ്ടു് വീണ്ടും ആരോഗ്യവാനായിത്തീരുകയും സഭാഭരണം തുടന്നു് നടത്തിക്കൊണ്ടുപോകയും ചെയ്യുമെന്നു് ആശിക്കാൻ ആർക്കും സാദ്ധ്യമായിരുന്നില്ല. തിരുമേനിയുടെ ഡോക്ടറന്മാർ അവിടുത്തെ ജീവിതത്തിന്റെ അന്ത്യനിമിഷങ്ങൾ സമീപിച്ചിരിക്കുന്നുവെന്നുപോലും വിചാരിക്കയും മാർപ്പാപ്പായുടെ അപകടനിലയെപ്പററി ലോകത്തെ അറിയിക്കുകയുംചെയ്യുകയുണ്ടായി. കത്തോലിക്കാലോകത്തിനു മുഴുവനും ഇതു് അത്യന്തം മമ്മഭേദകമായ വാർത്തയായിരുന്നുവെന്നു് പറഞ്ഞറിയിക്കേണ്ടതില്ലല്ലൊ. മാർപ്പാപ്പാ തിരുമേനിയുടെ ചരമവാത്ത ഏതുനിമിഷത്തിലും കേൾക്കാൻ ഇടയായേക്കുമെന്നു് ലോകം ഉൽക്കണ്ഠാപൂർവ്വം പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു.

മാനുഷികമായ വിധത്തിൽ മാർപ്പാപ്പായുടെ ജീവനെ രക്ഷിക്കാൻ യാതൊരു മാർഗ്ഗവും ഇല്ലെന്നു് ബോദ്ധ്യമാകയാൽ കത്തോലിക്കാലോകം മുഴുവൻ തിരുമനസ്സിലെ സുഖപ്രാപ്തിക്കുവേണ്ടി തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. തിരുസഭ മുഴുവന്റെയും പ്രാർത്ഥന പരമകാരുണികനായ ദിവ്യരക്ഷകൻ കരുണാപൂരസ്സരം കേൾക്കുകയുണ്ടായി എന്നു് അനന്തരസംഭവങ്ങൾ വെളിപ്പെടുത്തി.

തിരുസഭയുടെ ഒന്നാമത്തെ മാർപ്പാപ്പാ ആയ പത്രോസ് കാരാഗ്രഹത്തിൽ അടയ്ക്കപ്പെട്ടപ്പോൾ സഭ മുഴുവൻ പത്രോസിന്റെ വിമോചനത്തിനുവേണ്ടി ഇടവിടാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നുവെന്നു് വേദപുസ്തകത്തിൽ നാം വായിക്കുന്നു. പത്രോസിനുവേണ്ടി സഭമുഴുവൻ പ്രാർത്ഥിച്ചതിന്റെ ഫലമായി ഹേറോദേസു് രാജാവു് പത്രോസിനെ വധിക്കാൻ നിശ്ചയിച്ചിരുന്നതിന്റെ തലേരാത്രി, സ്വർഗ്ഗത്തിൽനിന്നും ദൈവം ഒരു ദൂതനെ അയച്ചു് പത്രോസിനെ ബന്ധിച്ചിരുന്ന ചങ്ങലകൾ പൊട്ടിക്കുകയും, കാരാഗ്രഹവാതിലുകൾ തുറന്നു് പത്രോസിനെ വിമോചിപ്പിക്കുകയും, ക്രിസ്ത്യാനികളുടെ സങ്കേതസ്ഥാനത്തിൽ സുരക്ഷിതനായി കൂട്ടിക്കൊണ്ടു ചെന്നു് പ്രവേശിപ്പിക്കുകയും ചെയ്തു. പത്രോസിന്റെ അത്ഭുതകരമായ വിമോചനത്തിൽ അന്നത്തെ ക്രിസ്തീയസമൂഹത്തിനുണ്ടായ സന്തോഷം വാചാമഗോചരമായിരുന്നു.

ഇപ്രകാരംതന്നെ ഇന്നത്തെ സഭയും സഭാതലവനായ മാർപ്പാപ്പായ്ക്കുവേണ്ടി പ്രാർത്ഥിച്ചതിന്റെ ഫലമായി സ്വർഗ്ഗത്തിൽനിന്നും ഒരു ദൈവദൂതനെയല്ലാ ദൈവം അയച്ചതു്; ദിവ്യരക്ഷകൻതന്നെ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്നു മാർപ്പാപ്പായുടെ രോഗശയ്യയെ സമീപിക്കയും അദ്ദേഹത്തെ അത്ഭുതകരമായി സുഖപ്പെടുത്തുകയും ചെയ്തുവെന്നാണ് പരക്കെ വിശ്വസിക്കപ്പെടുന്നതു്. മാർപ്പാപ്പായുടെ കിടക്കയുടെ സമീപം ക്രിസ്തുനാഥൻ നില്ക്കുന്നതു്, സുബോധത്തോടെ തിരുമേനിസ്വനേത്രങ്ങൾകൊണ്ടു ദർശിക്കയും, തിരുമേനിയെ കൂട്ടിക്കൊണ്ടുപോകാനായി സ്വർഗ്ഗത്തിൽനിന്നും ദിവ്യരക്ഷകൻ എഴുന്നള്ളിവന്നതായിരിക്കുമെന്നു് വിചാരിക്കയും ചെയ്തു. എന്നാൽ ഈശോ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്നതു് തിരുമേനിയെ കൂട്ടിക്കൊണ്ടു പോകാനായിരുന്നില്ല; തിരുമേനിയെ രോഗവിമുക്തനാക്കി സഭാഭരണം തുടന്നു നടത്തിക്കൊണ്ടുപോകുന്നതിനു് ആവശ്യമായ ശക്തിനൽകി അനുഗ്രഹിക്കാൻവേണ്ടിയായിരുന്നു.

പ്യാരി (REGD)
ഔഷധ സോപ്പ്
ചർമ്മ രോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S

മാർപ്പാപ്പായുടെ സമീപം ഈശോനാഥൻ പ്രത്യക്ഷനായി അദ്ദേഹത്തെ അത്ഭുതകരമായി സുഖപ്പെടുത്തി എന്നതു് ഒരു യഥാർത്ഥസംഭവമായി ലോകം ഇന്നു് അംഗീകരിച്ചു കഴിഞ്ഞിരിക്കയാണു്. ഏററം അപകടകരമായ നിലയിൽനിന്നും മാർപ്പാപ്പാതിരുമേനി അപ്രതീക്ഷിതമായി സുഖം പ്രാപിച്ചുവെന്നുള്ള സന്തോഷവാർത്ത, തിരുമേനിയുടെ രോഗസ്ഥിതിയെപ്പററി പരിശോധന നടത്തിക്കൊണ്ടിരുന്ന ഡോക്ടറന്മാർ ലോകത്തെ അറിയിച്ചു. കത്തോലിക്കാലോകത്തിനു മുഴുവനും ഈ വാർത്ത സീമാതീതമായ സന്തോഷത്തിനു ഹേതുവായിത്തീർന്നു.

കത്തോലിക്കർ മാത്രമല്ല അകത്തോലിക്കരും അക്രൈസ്തവരും മാർപ്പാപ്പായുടെ സുഖപ്രാപ്തിയെപ്പററി കത്തോലിക്കരോടൊരുമിച്ചു് സന്തോഷിക്കയും അഭിനന്ദനങ്ങൾ രേഖപ്പെടുത്തുകയുംചെയ്തു. മാർപ്പാപ്പാ തിരുമനസ്സിലെ രോഗവിമുക്തിയെപ്പററി ലോകം എത്രയധികം സന്തോഷിച്ചുവെന്നു് തിരുമനസ്സിലെ 80-ാമതു ജന്മദിനം ആഘോഷിച്ച അവസരം വ്യക്തമാക്കി. അന്നേദിവസം ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി അസംഖ്യങ്ങളായ അനുമോദനസന്ദേശങ്ങളാണ് കേബിൾമാർഗ്ഗേണ വത്തിക്കാനിലേക്കു പ്രവഹിച്ചുകൊണ്ടിരുന്നതു്.

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനി, ഇന്നത്തെ ഭയങ്കരങ്ങളായ കോളിളക്കങ്ങളുടെ മദ്ധ്യേ പത്രോസിന്റെ പടവു് അപകടംകൂടാതെ അതിന്റെ ലക്ഷ്യത്തിലേക്കു നയിച്ചുകൊണ്ടുപോകുന്നതിനു് സമർത്ഥനായ ക്രിസ്തുവിനാൽ നിയുക്തനായ വിദഗ്ദ്ധനായ മാലുമിയാകുന്നു. തിരുമനസ്സുകൊണ്ടു് കമ്മ്യൂണിസത്തിന്റെ കരാളവക്ത്രത്തിൽനിന്നും കത്തോലിക്കാ ജനതയെ മാത്രമല്ലാ ലോകം മുഴുവനേയും രക്ഷിച്ചുകൊണ്ടാണിരിക്കുന്നതു്. "ആധുനികലോകത്തിന്റെ മഹാ വിപത്തു്" എന്നു് തന്റെ മുൻഗാമിയാൽ വിളിച്ചറിയിക്കപ്പെട്ടിട്ടുള്ള കമ്മ്യൂണിസത്തോടു തിരുമനസ്സുകൊണ്ടു് സന്ധിയില്ലാസമരം പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ്. കമ്മ്യൂണിസ്റ്റ് ദുഷ്പ്രചരണംനിമിത്തം അന്ധകാരാവൃതമായ ലോകത്തിൽ സത്യത്തിന്റെയും സന്മാർഗ്ഗത്തിന്റെയും വെളിച്ചം പ്രകാശിപ്പിച്ചുകൊണ്ടു് വത്തിക്കാൻ സമുദ്രോട്ടയായ തിരുമേനി അഖിലലോകത്തിനും മാർഗ്ഗദർശിത്വം നൽകിക്കൊണ്ടിരിക്കുന്നു.

കമ്മ്യൂണിസ്റ്റ് പ്രചരണത്തിന്റെ അവശ്യഫലമായ ഭൗതികമാത്രചിന്താഗതിയിൽ നിന്നും ലോകത്തെ സമുദ്ധരിച്ചു് ആദ്ധ്യാത്മികതത്വത്തിന്റെ വിലയും മാഹാത്മ്യവും ലോകത്തിനു മനസ്സിലാക്കിക്കൊടുക്കാൻ തിരുമേനി അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടാണിരിക്കുന്നതു്. തിരുമേനി സത്യത്തേയും നീതിയേയും മനുഷ്യസാഹോദര്യത്തേയും സന്മാർഗ്ഗമൂല്യങ്ങളേയുംപററി ലോകത്തെ അനുസ്യൂതം ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇന്നത്തെ സാമുദായികവ്യവസ്ഥിതിയുടെ ഫലമായി ആവിർഭവിച്ചിട്ടുള്ള സാമൂഹ്യപ്രശ്നങ്ങൾക്കും, തൊഴിലാളിമുതലാളിമത്സരങ്ങൾ മുതലായ സകല പ്രശ്നങ്ങൾക്കും മാർപ്പാപ്പാതിരുമേനി പ്രതിവിധികൾ നിർദ്ദേശിച്ചുകൊണ്ടിരിക്കുന്നു. സർവ്വോപരി ലോകത്തിൽ നീതിപൂർവ്വകവും ശാശ്വതവുമായ സമാധാനം സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ലോകമഹാരാഷ്ട്രങ്ങൾക്കു അവിടുന്നു ചൂണ്ടിക്കാണിക്കയും സമാധാനസ്ഥാപനാർത്ഥം അക്ഷീണയത്നം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഇതിനു മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം ലോകം മുഴുവൻ വത്തിക്കാനിൽനിന്നുള്ള പ്രഖ്യാപനങ്ങൾക്കു കൂടുതൽ പ്രാമാണ്യവും വിലയും കല്പിച്ചുകൊണ്ടിരിക്കുന്നു. ലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന വിവിധപ്രശ്നങ്ങൾസംബന്ധിച്ചു് വത്തിക്കാനിൽനിന്നും അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രഖ്യാപനങ്ങളെ ലോകം സശ്രദ്ധം ശ്രവിക്കുകയും പഠിക്കയും കാര്യമായി മതിക്കുകയും ചെയ്തുകൊണ്ടാണിരിക്കുന്നതു്.

കമ്മ്യൂണിസ്റ്റ് മതപീഡനത്തിന്റെ കാഠിന്യംനിമിത്തം ഞെളിപിരികൊള്ളുന്ന റഷ്യയിലേയും അധീനരാജ്യങ്ങളിലേയും ജനങ്ങളെ ഉദ്ദേശിച്ചു് മാർപ്പാപ്പാ ഒരു ചാക്രികലേഖനം പുറപ്പെടുവിക്കുകയുണ്ടായി. ആ ലേഖനത്തിൽ റഷ്യ നടത്തിക്കൊണ്ടിരിക്കുന്ന മതപീഡനത്തെ ശക്തിയായ ഭാഷയിൽ അപലപിച്ചിട്ടുണ്ടു്. മതപീഡനത്തിനു വിധേയരാക്കപ്പെട്ട ജനങ്ങൾ പീഡനംനിമിത്തം മതവിശ്വാസത്തെ ത്യജിക്കാതെ ധൈര്യത്തോടും ക്ഷമയോടുംകൂടി പീഡനങ്ങളെ സഹിച്ചുകൊണ്ടു് വിശ്വാസത്തിൽ ഉറച്ചുനില്ക്കണമെന്നു ആ ലേഖനത്തിൽ സ്നേഹപൂർവ്വം ഉപദേശിക്കയും തന്റെ പൈതൃകഹൃദയത്തിനു് അവരുടെ ദുരവസ്ഥയിലുള്ള സഹതാപത്തെ അറിയിക്കുകയും ചെയ്തിരിക്കുന്നു. പ്രസ്തുത ലേഖനം വത്തിക്കാൻറേഡിയോമൂലം പ്രക്ഷേപിക്കപ്പെട്ടതിനുപുറമെ യൂറോപ്പിലേയും അമേരിക്കയിലേയും റേഡിയോകൾമുഖേനയും റേഡിയോ ഫ്റീയൂറോപ്പ്മുഖേനയും റഷ്യയിലേയും അധീനരാജ്യങ്ങളിലേയും ജനങ്ങൾക്കു സുശ്രാവ്യമാകത്തക്കവണ്ണം പ്രചരിപ്പിക്കുന്നതിനു് പാശ്ചാത്യരാജ്യങ്ങൾ അതിവതാല്പര്യം പ്രദർശിപ്പിക്കുകയുണ്ടായി. ഇതുപോലെതന്നെ മതപീഡനം സഹിച്ചുകൊണ്ടിരിക്കുന്ന ചൈനയിലെ ജനങ്ങൾക്കും മാർപ്പാപ്പാ ഒരു ചാക്രികലേഖനം അയച്ചുകൊടുത്തു. മേൽപ്രസ്താവിച്ച റഷ്യക്കുള്ള ലേഖനംപോലെ ചൈനാക്കാർക്കുവേണ്ടി അയച്ച ലേഖനത്തിനും വിപുലമായ രീതിയിൽ പ്രചരണംസിദ്ധിച്ചു.

മേൽപ്രസ്താവിച്ച സംഗതികളിൽനിന്നും പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായെപ്പററി ഇന്നു ലോകത്തിനു എത്ര വലിയ മതിപ്പാണുള്ളതെന്നു തെളിയുന്നുണ്ടല്ലോ. ജാതിമതഭേദംകൂടാതെ സകല ജനങ്ങളും മാർപ്പാപ്പായെ ലോകമഹാധാർമ്മികനേതാവെന്നും സകല ജനങ്ങളുടേയും ഉററമിത്രമെന്നും കരുതിവരുന്നു.

എന്നാൽ കത്തോലിക്കാലോകം മാർപ്പാപ്പായെ വിശേഷവിധിയായി സ്നേഹിക്കുകയും ബഹുമാനിക്കയും ചെയ്യുന്നതിന്റെ കാരണം എന്തായിരിക്കാം? മാർപ്പാപ്പാതിരുമേനി ഒരു വലിയ രാജ്യതന്ത്രജ്ഞനും മഹാപണ്ഡിതനും ലോകമഹാവന്ദ്യനും വലിയ ലോകോപകാരിയും ആയതുകൊണ്ടല്ലാ കത്തോലിക്കാലോകം ആസകലം മാർപ്പാപ്പായുടെ നേരെ ഇത്രയധികം ഭക്തിബഹുമാനങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതു്.

കാൽവരിമലയിൽവച്ചു ക്രിസ്തുനാഥൻ സ്വജീവനെ അർപ്പിച്ചുകൊണ്ടു നിർവ്വഹിച്ച ലോകപരിത്രാണനമഹായജ്ഞത്തിന്റെ ഫലം സകലമാന മനുഷ്യർക്കും സിദ്ധിക്കുന്നതിനുള്ള മാർഗ്ഗമായി അവിടുന്നു് ലോകവ്യാപകമായ ഒരു സഭയെ സ്ഥാപിച്ചിട്ടുണ്ടു്. ക്രിസ്തുവിനാൽ നിർവ്വഹിക്കപ്പെട്ട ലോകപരിത്രാണനം ലോകാവസാനംവരെ തുടർന്നു നടത്തിക്കൊണ്ടിരിക്കാൻവേണ്ടി ക്രിസ്തുനാഥൻ സ്ഥാപിച്ച സത്യേകസഭയുടെ പരമാദ്ധ്യക്ഷൻ മാർപ്പാപ്പാതിരുമേനി ആയിരിക്കുകയാണു് കത്തോലിക്കർ എവരും




---

എന്തുകൊണ്ടു് പടംപടം കയറാൻ ഒരുമ്പെട്ടില്ല! കടമകളെപ്പററി പിൻതിരിഞ്ഞുനോക്കിയില്ല? എന്റെ അതേ അവസ്ഥാന്തരങ്ങളിൽക്കൂടി കടന്നുവന്നിട്ടുള്ള ഒരു പെൺകുട്ടി എന്റെ ഭാര്യാപദം അലങ്കരിച്ചിരുന്നെങ്കിലോ? അവൾക്കു ഞാൻ സംപൂജ്യനായ ഭർത്താവാകുമായിരുന്നില്ലേ? എന്റെ അപ്പനെ അവൾ അപ്പനായി ബഹുമാനിക്കുമായിരുന്നു. എന്റെ അമ്മയെ അവൾ അമ്മയായും കൂടപ്പിറപ്പുകളെ അങ്ങനേയും കരുതുമായിരുന്നു.

തെററു് എവിടെ? ഈ തെററു ഞാൻ എങ്ങനെ പരിഹരിക്കും? എന്റെ സ്വന്തം അഭിപ്രായങ്ങൾ എന്റെ വീട്ടിൽ വിലപ്പോകുന്നില്ല! എന്റെ വീട്ടിൽ കലഹത്തിന്റെ വിത്തുവിതയ്ക്കുകയോ? ഞാനൊരു ഹൈസ്കൂളദ്ധ്യാപകനല്ലേ? ഞാനൊരു മനുഷ്യനല്ലേ? വീട്ടിൽ കലഹം! കഷ്ടം! ലോകരെന്തു പറയും? എന്റെ കുഞ്ഞുങ്ങൾക്കും മററുള്ളവർക്കും അതൊരു മാതൃക വേണ്ടതു്? അവളെ എന്റെ ഭാര്യയെ—എന്റെ കുഞ്ഞുങ്ങളുടെ തള്ളയെ— ഗുണദോഷിക്കാം. എന്റേയും അവളുടേയും കടമകൾ അവളെ ബോദ്ധ്യപ്പെടുത്താം. അതു കേൾക്കാനുള്ള ചെവി, കാണാനുള്ള കണ്ണു്, ചിന്തിക്കുവാനുള്ള ബുദ്ധി, അനുസരിക്കാനുള്ള വിവേകം ഇല്ലെങ്കിലോ? സകലതും മുൻവിധിയോടുകൂടി, അഹംഭാവത്തിന്റെ വിവേകമററ വിധിത്തീർപ്പോടുകൂടി ആയാൽ? എല്ലാം എന്റേതു്. എനിക്കവകാശപ്പെട്ടതു്. പിന്നെ ആക്കു എന്തുചെയ്യാൻ കഴിയും? ഒരഗ്നിപർവ്വതം ഉള്ളിലൊതുക്കി നെടുവീർപ്പാകുന്ന പുകയും വമിച്ചു് ഞാൻ കഴിയണം!

എന്തൊരവസ്ഥ! വിവേകരഹിതമായ എന്റെ എടുത്തുചാട്ടത്തിന്റെ ഫലം. അനുഭവിക്കാതെന്തു ചെയ്യും? ഒരേകശരണം. എല്ലാവരും എടുത്തുകൊണ്ടുനടക്കാൻ അല്പംപോലും കഴിവില്ലാതാകുമ്പോൾ ഭാരം ഇറക്കുന്ന ചുമടുതാങ്ങി. എന്റെ ഈശ്വരാ! കരുണാകരാ, ജഗത്പിതാവേ! എല്ലാം അങ്ങോട്ടു ഭരമേല്പിക്കുന്നു. അവളെ അല്പ എന്നേയും, സംസ്കാരവും വിവേകവുമുള്ളവരാക്കിത്തീക്കണമേ!

വിവാഹത്തിന്റെ മംഗളമാല്യം, വലിച്ചെടുത്തെറിയാൻ കഴിയാതെ കഴുത്തിൽ ചുററി അനുനിമിഷം ചിററി ഭയപ്പെടുത്തുന്ന കൊടിയ മൂർഖനായി ഭാവം പകരുന്ന അവസ്ഥ! അഹോ! വിവാഹം! അവിവേകികൾക്കു നരകം! വിവേകികൾക്കു സ്വർഗ്ഗം!!

ആത്മകഥാകഥനം

# മാതൃകയുടെ മഹനീയത സഭയിലേക്കു നയിച്ചു

(C. R.)

അധികകാലമായില്ല ഞാൻ കത്തോലിക്കാതിരുസഭയിൽ പ്രവേശിച്ചിട്ട്. അടുത്ത കാലത്തു് കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നവരെക്കുറിച്ചു് അകത്തോലിക്കർ പല പരാതികളും പറയാറുണ്ട്. പ്രത്യേകിച്ചു മലങ്കര അന്ത്യോഖ്യൻ റീത്തു പ്രസ്ഥാനത്തെക്കുറിച്ചും തൽപ്രണേതാക്കളെക്കുറിച്ചും. അധികാരവും അധീശത്വവും ലഭിക്കാൻ, പണവും പ്രതാപവും നേടുവാൻ, പെണ്ണിനെ കെട്ടിക്കാൻ, വസ്തു സമ്പാദിക്കുവാൻ, കടം വീട്ടിക്കിട്ടാൻ, ചെറുക്കനെ പഠിപ്പിക്കുവാൻ, ഇടവകപ്പള്ളിയിലെ വഴക്കു നിമിത്തമുള്ള പണച്ചെലവും മററും നേരിടാതിരിക്കാൻ ഇങ്ങനെ ഒന്നല്ല, പത്തല്ല അനേകം കാരണങ്ങളാണ് അകത്തോലിക്കർ പറയാറുള്ളതു്.


എന്റെ പല സ്നേഹിതരും എന്നോടു ചോദിക്കുകയുണ്ടായി "എന്തോ കിട്ടി; പത്തായിരം ഉണ്ടോ" എന്നും മററും. ഇത്തരം ചോദ്യം അകത്തോലിക്കനായിരിക്കുമ്പോൾ ഞാനും മററു പലരോടും, അവർ റീത്തിൽ ചേർന്നപ്പോൾ ചോദിച്ചിട്ടുള്ളതായിരുന്നു. ഇന്നു എന്റെ ആവശ്യം എനിക്കു ബോദ്ധ്യമായി. ഇത്തരം ചോദ്യം ചോദിക്കുന്നവരോട് ഉത്തരമായും, ചിലരുടെയെങ്കിലും ധാരണപ്പിശകു മാറിക്കിട്ടുമല്ലോ എന്ന പ്രത്യാശകൊണ്ടും, എന്റെ മാനസാന്തരചരിതം ഇവിടെ കുറിക്കുന്നു.

ഒരു മതം ഉപേക്ഷിച്ചു മററൊന്നു സ്വീകരിക്കുക ഒരു മനുഷ്യനും അത്ര എളുപ്പമുള്ള കാര്യമല്ല. ബുദ്ധിയേയും മനസ്സിനേയും തൃപ്തിപ്പെടുത്തത്തക്കവിധം, യുക്തിയും അനുഭവവും ചൂണ്ടിക്കാണിച്ചുതരണം നാം സ്വീകരിക്കാൻ പോകുന്ന മതം, സ്വീകരിച്ചിരിക്കുന്ന മതത്തെക്കാളും ശ്രേഷ്ഠമാണെന്നു്. ദൈവത്തെ പ്രാപിക്കുവാൻ ദൈവത്താൽ മാത്രം നിർദ്ദിഷ്ടമായ ഒരു മാർഗ്ഗമാണു് മതം. അതു അപ്രകാരമായിരിക്കുന്നില്ലെങ്കിൽ മതത്തിന്റെ ലക്ഷ്യം ശരിയായിട്ടില്ലതന്നെ. ലോകത്തിൽ നാം വിവിധമതങ്ങൾ കാണുന്നുണ്ടു്. അതിനെല്ലാം ഓരോ സ്ഥാപകരുമുണ്ടു്. പക്ഷേ, അവരെല്ലാം ദൈവത്താൽ അയക്കപ്പെട്ടവരാണെന്നു അറിയാൻ തക്ക ഒരു അടയാളവും തന്നിട്ടില്ല.

വിവിധസഭകൾ കെട്ടിപ്പടുക്കാൻ അശ്രാന്തം ശ്രമിച്ചവരും ഇന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നവരുമായ അനേകരുണ്ടു്. ചിന്താശീലർക്കു കാണാൻ കഴിയും, ദൈവമായ ക്രിസ്തുവിനെക്കാൾ ഉയർന്ന ഒരു നിലയിലേക്കു സ്വയം വലിഞ്ഞുകയറുന്നവരാണവരെന്നു്. ക്രിസ്തുവിനെ ദോഷനാക്കയും, സ്വയം വിശുദ്ധനും പണ്ഡിതനുമാക്കയും ചെയ്യുന്ന അത്തരക്കാരോടു സഹതാപം പ്രകടിപ്പിക്കാതിരിക്കാൻ കഴികയില്ല. എന്തായാലും ക്രിസ്തീയസഭ ഇത്തരക്കാരുടെ തോന്ന്യാസംകൊണ്ടു ജാതികളുടെ ഇടയിൽ അവഹേളനാവിഷയമായി എന്നുള്ളതു ഒരു പരമാർത്ഥമാണു്. നമ്മുടെ നാട്ടിലും വളരെ വിനകൾ വരുത്തിക്കൂട്ടിയിട്ടുണ്ടു് ഇത്തരം നേതൃമ്മന്യർ. അതുമൂലമാണു് കൂനൻകുരിശു സത്യത്തെത്തുടർന്നു ഇത്ര വളരെ സഭകൾ ഇവിടെ മുളച്ചുപൊങ്ങിയതു്. പാറമേൽ വീണ സ്ഫടികപ്പാത്രം കണക്കേ കേരളസഭ പൊട്ടിത്തെറിച്ചു.

കൂനൻകുരിശിങ്കൽ, 1653ൽ, വീണു. 1665 മുതൽ പൊട്ടുവാനും ചിതറുവാനും തുടങ്ങി. മൂന്നു നൂററാണ്ടു കഴിഞ്ഞപ്പോൾ ഇന്നിതാ വൈകൃതിയുടെ ആകെത്തുകയായിരിക്കുന്നു. ചിന്താശീലർക്കു ഇതൊരു വിഷയമായിരിക്കട്ടെ.

അന്നൊരുദിവസം നാലു മണിക്കു ഞാൻ റാന്നിയിലുള്ള ആശുപത്രിയിൽ ഒരു രോഗിണിയെ സന്ദർശിക്കുവാൻ പോയി. ചുട്ടുവെള്ളം വീണു ദേഹമാകെ വെന്തുവെളുത്ത— നാററംകൊണ്ടു സമീപിക്കാൻപോലും പാടില്ലാത്ത— ആ വൃദ്ധയുടെ സഹതാപാർഹമായ നിലയെക്കുറിച്ചു കരയാത്തവർ ആരും കാണുകയില്ല. ആശുപത്രിയിൽ പ്രവേശിക്കുകകൂടി വഹിയാത്തവിധം ദുർഗന്ധം അവിടെങ്ങും വ്യാപിച്ചിട്ടുണ്ടു്. സ്വന്തം മക്കൾപോലും അടുത്തിരുന്നു ശുശ്രൂഷിക്കുവാൻ വിഷമിക്കുന്നു; മാതൃസ്നേഹമാകുന്ന ബല



വി. പത്താം പീയൂസിന്റെ സഹായത്താൽ അസാദ്ധ്യകാര്യം സാധിച്ചതിനു കൃതജ്ഞത.

മത്തായി ദേവസ്യ
ഇരുത്തിയിൽ, തിടനാടു്

മുള്ള ബന്ധത്താൽ സംബദ്ധരായിട്ടുപോലും.

ഭീജനകമായ കാഴ്ച, ദുസ്സഹമായ ഗന്ധം, അനുകമ്പാകുലമായ ദയനീയനില. അസഹനീയമായ മരണയാതന. അവർ, ഞാനും ഉൾപ്പെട്ടുനില്ക്കുന്ന മാർത്തോമ്മാസമുദായത്തിലെ ഒരംഗമായിരുന്നു. അവർക്കു അന്തിമശുശ്രൂഷകൾ നൽകുവാൻ ഞങ്ങളുടെ സമുദായത്തിൽപ്പെട്ട ഒരു വെ. അച്ചനോടു ആവശ്യപ്പെട്ടു. അച്ചൻ ആശുപത്രിയിൽ എത്തി. അദ്ദേഹത്തിന്റെ കുററമല്ല, ദുർഗന്ധത്തിന്റെ അസഹനീയതയും സഹിഷ്ണുതയുടെ വലുപ്പക്കുറവും മൂലം, അവരെ സമീപിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. സ്വന്തം മക്കൾക്കു സാധ്യമല്ലെങ്കിൽ പിന്നെ.

ആ സ്ത്രീ തികഞ്ഞൊരു ഭക്തയായിരുന്നു. ഈ സംഭവം അവരുടെ ഭക്തിയെ ഉലച്ചില്ല. അവരുടെ ചിന്തയെ ഉദ്ദീപിപ്പിക്കയാണു് ചെയ്തതു്. ഏറെക്കാലമായി

വൈധവ്യം പ്രാപിച്ചിരുന്ന അവരുടെ ഭർത്തൃസഹോദരങ്ങളിൽ പലരും കത്തോലിക്കരായിരുന്നു. അവരുടെ വീട്ടിൽ ചെല്ലുമ്പോഴെല്ലാം കത്തോലിക്കാതിരുസഭയെക്കുറിച്ചും, അകത്തോലിക്കാസഭകളെക്കുറിച്ചും അവർ സംസാരിക്കുമായിരുന്നു. ഈ സന്ദർഭവും സംഭവവും അത്തരം സംസാരങ്ങളെ ഓർമ്മിക്കുവാൻ അവരെ സഹായിച്ചു. മൂത്തമകനെ വിളിച്ചു അവർ ആവശ്യപ്പെട്ടു "എനിക്കു കത്തോലിക്കാപ്പള്ളിയിലെ അച്ചനെ കാണണ"മെന്നു്.

അച്ചൻ അവിടെ വന്നുചേർന്നു. കത്തോലിക്കാസഭയുടെ ക്രമപ്രകാരം അവരെ സഭയുടെ അംഗമാക്കി. വിധിപ്രകാരം അന്ത്യകൂദാശകൾ നൽകി. അച്ചനു ആ മുറിയിൽ കയറുന്നതിനുപോലും വിഷമം നേരിട്ടുവെങ്കിൽ, വേറൊരു വൈദികൻ ആ രോഗിണിയോടു് ഏററം സമീപിച്ചു് ഇരിക്കുകയും, സ്വന്തം മുഖം വികൃതവും ദുർഗന്ധപൂരിതവുമായ ആ രോഗിണിയുടെ മുഖത്തോടടുപ്പിക്കയും, അവരുടെ ആത്മാവിനു കുളിർമ്മയേറുവാൻ പര്യാപ്തമായ കുമ്പസാരമെന്ന കൂദാശയും ആത്മശരീരങ്ങൾക്കു സുഖവും ശാന്തിയും നൽകുന്ന തൈലാഭിഷേകം എന്ന കൂദാശയും നടത്തിക്കൊടുക്കുകയും ചെയ്തു. ഈ സംഭവം എന്നെ ശക്തിയായി സ്പർശിച്ചു. ആ രോഗിണിയുടെ പ്രത്യാശാഭരിതമായ ഒരുക്കവും മരണവും; നിസ്സ്വാർത്ഥവും സ്നേഹപൂർണ്ണവുമായ ആ വൈദികന്റെ പെരുമാററവും.

പിന്നീടു് സഭകളുടെ കിടപ്പു ഗ്രഹിക്കാൻ അധികപ്രയാസം എനിക്കു നേരിട്ടില്ല. തെററിദ്ധാരണകളാകുന്ന മൂടുപടം മാററി ചരിത്രപക്ഷങ്ങളെ ഒന്നു പരിശോധിച്ചപ്പോൾ എല്ലാം തന്നിനിറത്തിൽ ഞാൻ കണ്ടു. വിശ്വാസപരമായ കാര്യത്തിലും എനിക്കു വലിയ പ്രയാസം നേരിട്ടില്ല. കുടുംബപരമായ കാര്യങ്ങളിൽ അല്പമല്ലാത്ത പ്രയാസം നേരിട്ടു.


ദൈവകൃപയാൽ ഞാനിന്നു് ഒരു കത്തോലിക്കനാണു്. അതിൽ ഞാൻ അഭിമാനംകൊള്ളുന്നു. കൂദാശപരമായ ഒരു ജീവിതത്തിനു്—അതിനാഗ്രഹിക്കുന്നവർക്കു കത്തോലിക്കാതിരുസഭയല്ലാതെ മറെറാരു സഭയും പ്രചോദനം നൽകുന്നില്ല; നൽകുകയുമില്ല.

അകത്തോലിക്കാസഭകൾ കൂദാശകളെ സംബന്ധിച്ചുള്ള ഉപദേശങ്ങളിൽതന്നെ പരസ്പരവിരോധമായി നില്ക്കുന്നു ഭിന്നതയും അന്യോന്യകലഹവുമല്ലാതെ മറെറാന്നും അവിടങ്ങളിൽ നിന്നു ലഭിക്കയില്ല. ദൈവത്തെ സമീപിക്കുവാൻ, സ്വർഗ്ഗത്തിൽ എത്തിച്ചേരുവാൻ, മനുഷ്യനായ ദൈവം നമുക്കു കല്പിച്ചുനൽകിയ മാർഗ്ഗമാണു് അവിടുത്തെ തിരുസഭ. നാമെല്ലാവരും അതിൽ ആയിരിക്കുവാൻ ക്രിസ്തുനാഥൻ ആഗ്രഹിക്കുന്നു.

മാർപ്പാപ്പായെ സ്നേഹിക്കയും ബഹുമാനിക്കയും തിരുമേനിയുടെ നേരെ വളരെയധികം ഭക്തിയാദരങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതു്.

മാർപ്പാപ്പാതിരുമേനി തിരുസഭയുടെ ദൃശ്യതലവനായി ക്രിസ്തുവിനാൽ നിയമിക്കപ്പെട്ട വി. പത്രോസിന്റെ പിൻഗാമിയും ക്രിസ്തുവിന്റെ പ്രതിപുരുഷനും (വികാരിയും) ആകുന്നു. ക്രിസ്തു വി. പത്രോസിനോടു് കല്പിച്ചരുളുകയുണ്ടായി. "പത്രോസേ, നീ പാറയാകുന്നു; ഈ പാറമേൽ എന്റെ പള്ളി ഞാൻ പണിയും; നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല; സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും; ഭൂമിയിൽ നീ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെടും; ഭൂമിയിൽ നീ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെടും" ക്രിസ്തു തന്റെ പുനരുത്ഥാനത്തിനുശേഷം പത്രോസിനോടു് "നീ, എനിക്കായി എന്റെ കുഞ്ഞാടുകളെ മേയിക്കുക; നീ, എനിക്കായി എന്റെ ആടുകളെ മേയിക്കുക" എന്നു കല്പിച്ചരുളുകയുണ്ടായി.

പത്രോസിനു സിദ്ധിച്ചിട്ടുള്ള ഈ അധികാരാവകാശങ്ങൾ എല്ലാം പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായ മാർപ്പാപ്പാക്കു സിദ്ധിച്ചിട്ടുള്ളതും ഈ അധികാരങ്ങൾ പ്രയോഗിച്ചുകൊണ്ടു്, തിരുമനസ്സുകൊണ്ടു ക്രിസ്തുവിന്റെ അജവൃന്ദമായ തിരുസ്സഭയെ ഭരിച്ചുകൊണ്ടിരിക്കുന്നതും ആകുന്നു. കത്തോലിക്കർ എല്ലാവരും മാർപ്പാപ്പായെ തങ്ങളുടെ ആദ്ധ്യാത്മികപിതാവും ക്രിസ്തീയതത്വങ്ങളുടെ അപ്രമാദിയായ പ്രബോധകനും വ്യാഖ്യാതാവും ആയി പരിഗണിച്ചു് ബഹുമാനിച്ചുകൊണ്ടിരിക്കുന്നു. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാതിരുമേനി, ദീർഘായുഷ്മാനായി പത്രോസിന്റെ കപ്പലിനെ സുദീർഘം നയിച്ചുകൊണ്ടിരിക്കാൻ ജഗദീശ്വരൻ കടാക്ഷിക്കട്ടെ.




ആദ്ധ്യാത്മികവീഥി

# പരിത്യാഗത്തിന്റെ ആവശ്യകത

(തുടർച്ച)

ദൈവത്തിന്റെ വത്സലമക്കളേ,

കേവലം ഭൗതികമായ അഭിവൃദ്ധിക്കുപോലും നൈസർഗ്ഗികവാസനകളുടെ ബുദ്ധിപൂർവ്വമായ നിയന്ത്രണം, മററു വാക്കുകളിൽ പറഞ്ഞാൽ പരിത്യാഗം ആവശ്യമാണെന്നു കഴിഞ്ഞ ലക്കത്തിൽ നാം കണ്ടു. ഇനി ആദ്ധ്യാത്മികമായ അഭിവൃദ്ധിക്കു അതു എത്രകണ്ടു ആവശ്യമാണെന്നു നമുക്കു നോക്കാം.

ലോകത്തിലുള്ള ദൃശ്യസൃഷ്ടങ്ങളെ പരിശോധിച്ചുനോക്കുന്നപക്ഷം അവ പടിപടിയായി ഉയർന്നുവരുന്ന പല പദവികളിലാണു സ്ഥിതിചെയ്യുന്നതെന്നു നിഷ്പ്രയാസം കാണാം. ഏററം താണ പടിയിൽ വെള്ളം, വായു, മണ്ണു മുതലായ നിർജ്ജീവവസ്തുക്കളും അവയ്ക്കു മുകളിലായി ജീവനുള്ളതെങ്കിലും പഞ്ചേന്ദ്രിയങ്ങളോ സഞ്ചാരസ്വാതന്ത്ര്യമോ ഇല്ലാത്ത സസ്യങ്ങളും അവയിൽനിന്നു ഒരു പടികൂടി ഉയർന്നു ജീവനും പഞ്ചേന്ദ്രിയങ്ങളും സഞ്ചാരസ്വാതന്ത്ര്യവുമുള്ള ജന്തുക്കളും എല്ലാററിനും മീതെയായി ജന്തുക്കൾക്കുള്ളവകൂടാതെ വിശേഷവിധിയായി വിവേചനാശക്തികൂടിയുള്ള മനുഷ്യനും സ്ഥിതിചെയ്യുന്നു.

ഓരോ പദവിയിലുമുള്ള ജീവികൾ അവയ്ക്കു താഴെ ഉള്ളവയെ നിഗ്രഹിച്ചോ നശിപ്പിച്ചോ ആണു് സ്വജീവനെ പോററുന്നതു്. സസ്യങ്ങളുടെ ആഹാരം സാമാന്യമായി നിർജ്ജീവവസ്തുക്കളാണു്. ജന്തുക്കൾ സസ്യങ്ങളുടേയോ തങ്ങളെക്കാൾ താണജീവികളുടേയോ ജീവനെ നശിപ്പിച്ചാണു സ്വജീവനെ പുലർത്തിക്കൊണ്ടിരിക്കുന്നതു്. മനുഷ്യനും അങ്ങനെതന്നെ ചെയ്യുന്നു.

മനുഷ്യനു തന്റെ ജഡികജീവൻ കൂടാതെ ഒരു ആത്മീയജീവൻകൂടെയുണ്ടു്, എന്നെന്നേക്കും നിലനില്ക്കുന്ന ഒരു ജീവൻ. ആ




ദത്തിന്റെ പാപത്താൽ നഷ്ടപ്പെട്ട ആ അതിസ്വാഭാവികജീവൻ വീണ്ടും നൽകുന്നതിനാണല്ലോ ദൈവപുത്രൻ മനുഷ്യാവതാരം ചെയ്യുകയും കുരിശുമരണം കൈവരിക്കയും ചെയ്തതു്. ദൈവികമായ ആ ആത്മീയജീവൻ ജഡികജീവനെക്കാൾ വളരെയധികം ഉയന്ന ഒരു പദവിയിലാണു സ്ഥിതിചെയ്യുന്നതു്.

താഴ്ന്നപടിയിലുള്ളവയെ നിഗ്രഹിച്ചു് ഉയന്നപദവിയുള്ളവ ജീവിക്കുന്നുവെന്ന തത്വമനുസരിച്ചാണു ഇവിടേയും സംഭവിക്കുന്നതു്. ജഡത്തിന്റെ നിഗ്രഹംകൂടാതെ ആത്മാവു ജീവിക്കയില്ല. എത്ര കൂടുതലായി നമ്മുടെ ജഡികവാസനകളെ നാം നിയന്ത്രിക്കുമോ അത്ര കൂടുതലായി ആത്മീയജീവൻ നമ്മിൽ അഭിവൃദ്ധിപ്പെടും.

ജഡത്തിന്റെ നിഗ്രഹം കൂടാതെ ഒരു ക്രിസ്ത്യാനിയായി ജീവിക്കുകതന്നെ അസാദ്ധ്യമാണു്. "എന്നെ അനുഗമിക്കുവാൻ മനസ്സാകുന്നവൻ തന്നെത്തന്നെ പരിത്യജിച്ചു് തന്റെ കുരിശും എടുത്തുകൊണ്ടു് എന്റെ പിന്നാലെ വരട്ടെ" എന്നു നമ്മുടെ ദിവ്യരക്ഷകൻ അസന്നിഗ്ദ്ധമായ ഭാഷയിൽ ഉദ്ബോധിപ്പിക്കുന്നുണ്ടല്ലോ.

കൂടുതൽ വേദവാക്യങ്ങൾ അടുത്തതിൽ. എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

—വളരെക്കൊല്ലങ്ങൾക്കു ശേഷം യൂഗോസ്ലാവിയായിൽനിന്നുള്ള ഒരു തീർത്ഥാടകൻ ഒരു മോട്ടോർകോച്ചിൽ ഈയിടെ വിശുദ്ധ പത്രോസിന്റെ ബസ്ലിക്കായിലെത്തുകയുണ്ടായി.

—കഴിഞ്ഞ 10 കൊല്ലമായി കാസ്ലൽ ഗൊൺഡോൾഫോയിലെ വത്തിക്കാൻ വാനനിരീക്ഷണശാലയിൽ ജോലിചെയ്തുകൊണ്ടിരുന്ന ഫാദർ വില്യം ജെ. മില്ലർ എസ്. ജെ. ക്കു അമേരിക്കയിലെ നാഷനൽ സയൻസ് ഫൗണ്ടേഷൻ 30,000 ക. പാരിതോഷികം നൽകിയിരിക്കുന്നു. സചലതാരങ്ങളെപ്പററി ഗവേഷണം നടത്തുന്നതിനുവേണ്ടിയാണു ഈ തുക നൽകിയിരിക്കുന്നതു്.

—o—

## ഇന്ത്യാവാർത്തകൾ

—പ്രൈവററുബാങ്കുകൾ ദേശവൽക്കരിക്കണമെന്നു കാണിച്ചു മി. ഗുരുപാദസ്വാമി ലോകസഭയിൽ അവതരിപ്പിച്ച ബിൽ വോട്ടിനിട്ടു തള്ളിക്കളഞ്ഞിരിക്കുന്നു. പ്രൈവററുബാങ്കുകൾ ദേശവൽക്കരിക്കുന്നതു തിരുകൊച്ചിയെ സംബന്ധിച്ചിടത്തോളം ദോഷകരമായ ഒരു നടപടിയാണെന്നും സ്റ്റേററിന്റെ സാമ്പത്തികനിലയെ അതു തകിടം മറിക്കുമെന്നും, ബില്ലിനെ എതിർത്ത ധനകാര്യമന്ത്രി പ്രസ്താവിക്കുകയുണ്ടായി.

—എരുമപ്പാലിൽനിന്നും പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള ലോകത്തിലെ ഒന്നാമത്തെ സ്ഥാപനം ബോംബെക്കടുത്തു ആനന്ദ എന്ന സ്ഥലത്തു ഇൻഡ്യൻ പ്രധാനമന്ത്രി ഉൽഘാടനം ചെയ്തിരിക്കുന്നു.

—പട്ടിക ജാതിക്കാരിൽനിന്നും, ഗോത്രവർഗ്ഗക്കാരിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കു്, തങ്ങളുടെ ഹൈന്ദവസഹോദരങ്ങൾക്കു ലഭിച്ചുപോരുന്ന സൗജന്യാനുകൂല്യങ്ങൾ നൽകേണ്ട പ്രശ്നത്തെപ്പററി ആലോചിക്കുന്നതാണെന്നു് തിരുകൊച്ചി അഡ്വൈസർ മി. റാവു ഡൽഹിയിൽവെച്ചു പ്രസ്താവിച്ചിരിക്കുന്നു. ഇതുപോലെയുള്ള വ്യവസ്ഥകൾ പഞ്ചാബിലും പെപ്സുവിലും സിക്കുകാരെ സംബന്ധിച്ചു നിലവിലിരിക്കുന്ന വസ്തുത അദ്ദേഹം അനുസ്മരിച്ചു.

## തിരുക്കൊച്ചിവാർത്തകൾ

കർമ്മലീത്താ ഒന്നാംസഭയുടെ സുപ്പീരിയർ ജനറൽ വെരി റവ. ഫാദർ അനസ്താസിയാസ് ഒ. സി. ഡി. നാലാം ഡഫനിറററർ വെരി റവ. ഫാദർ തോമസ് ഒ. സി. ഡി. യുമൊന്നിച്ചു വിദൂരപൗരസ്ത്യരാജ്യങ്ങളിൽ പര്യടനം നടത്തിയശേഷം വിമാനമാർഗ്ഗം തിരുവനന്തപുരത്തെത്തിയിരിക്കുന്നു. ഒരാഴ്ച കേരളത്തിൽ താമസിച്ചു് ആശ്രമങ്ങൾ സന്ദർശിക്കുന്നതാണു്.

21 ലക്ഷം രൂപാ ചെലവുവരുന്ന അരൂർ എടക്കൊച്ചിപാലത്തിന്റെ പണി ആരംഭിച്ചിരിക്കുന്നു. രണ്ടായിരം അടി നീളമുള്ള പ്രസ്തുതപാലത്തിന്റെ പണി 15 മാസംകൊണ്ടു പൂർത്തിയാകുന്നതാണു്.

കഴിഞ്ഞ ഒരാഴ്ചയായി തിരുകൊച്ചിയിൽ പര്യടനം നടത്തിക്കൊണ്ടിരുന്ന കോൺഗ്രസ് പ്രസിഡൻറു മി യു. എൻ. ധേബാർ തിരിച്ചുപോയിരിക്കുന്നു.

തിരുകൊച്ചി അഡ്വൈസർ മി. പി. എസ്. റാവു വീണ്ടും ഡൽഹിയിലേക്കു പോയിരിക്കുന്നു.

പ്ലാനിങ്ങ് കമ്മീഷനിൽ ഉദ്യോഗത്തിലിരിക്കുന്ന മി. കെ. എൻ. സുബ്രഹ്മണ്യത്തെ തിരുകൊച്ചി ജോയിൻറ് അഡ്വൈസറായും, ബോംബേയിലെ ഒരു റിട്ടയേർഡ് ഇൻസ്പെക്ടർ ജനറലായ മി. ടി എ. ബോമ്പെവാലേയെ അഴിമതിനിരോധനവകുപ്പദ്ധ്യക്ഷനായും നിയമിച്ചിരിക്കുന്നു.

പള്ളിവാസൽ തിപിടുത്തത്തെപ്പററി അന്വേഷിക്കുവാൻ കേന്ദ്ര ഇലക്ട്രിസിററി വകുപ്പിലെ മി. ജെ. ബി. ആർ. കുമാറിനെ നിയമിച്ചിരിക്കുന്നു.

# മൂക്കന്നൂർ മരിയസഖ്യ രജതജൂബിലി

മൂക്കന്നൂർ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ രജതജൂബിലിമഹാമഹം ത്രിദിനപരിപാടികളോടുകൂടി ഏററം ആഡംബരമായി ഏപ്രിൽ 27, 28, 29 എന്നി തിയതികളിൽ ആഘോഷിച്ചിരിക്കുന്നു. പ്രാരംഭദിവസം കാലത്തു 7 മണിക്കു വെരി റവ. ഫാദർ ബസേലിയോസ് സി. എസ്സ്. ടി. അവർകൾ പതാകാഉയർത്തൽകർമ്മം നിർവ്വഹിച്ചു. പരേതരായ സഖ്യാംഗങ്ങൾക്കുവേണ്ടിയുള്ള ഭക്തപരിപാടികളാണു് തുടർന്നു നടന്നതു്. 8 മണിക്കു സഖ്യാംഗങ്ങളുടെ ഗംഭീരമായ റാലിനടന്നു. ഉച്ചതിരിഞ്ഞു മൂന്നുമണിക്കു ചേർന്ന പൊതുയോഗത്തിൽ റവ. ഫാദർ ചെറിയാൻ പാറയ്ക്കൽ ജൂബിലി ഉൽഘാടനപ്രസംഗം നിർവ്വഹിച്ചു. റവ. ഫാദർ ജോസഫ് വടക്കൻ അവർകളുടെ അദ്ധ്യക്ഷതയിൽ തുടർന്നു നടത്തപ്പെട്ട കർഷകതൊഴിലാളിസമ്മേളനത്തിൽ ജനാബ് സെയ്തു മഹമ്മദ് ബി. എ പ്രസംഗിച്ചു. 2-ാംനു സഖ്യാംഗങ്ങളുടെ ഭക്തപരിപാടികളെ തുടർന്നു കാലത്തു 8-30നു് കുമാരി റോസമ്മ ചാക്കോ ബി എ ബി എൽ ന്റെ അദ്ധ്യക്ഷതയിൽ വനിതാസമ്മേളനവും ഉച്ചകഴിഞ്ഞു 3-30നു് വെരി റവ. ഫാദർ ജി. കവലക്കാട്ടു അവർകളുടെ അദ്ധ്യക്ഷതയിൽ സാമൂഹ്യസമ്മേളനവും നടത്തപ്പെട്ടു. വനിതാസമ്മേളനത്തിൽ കുമാരി അച്ചാമ്മ ചുങ്കത്തിൽ ബി എ ബി എലും, ടി വി ഗ്രേസി എം എയും പ്രസംഗിച്ചു. സാമൂഹ്യസമ്മേളനത്തിലെ പ്രസംഗകൻ ശ്രീ സി എം സ്റ്റീഫൻ ബി എ ബി എൽ, ബി സി വർഗ്ഗീസ് എം എ, കെ എം ജോർജ് എന്നിവരായിരുന്നു. സമാപനദിനമായ 29-ാംനു ഞായറാഴ്ച കാലത്തു പള്ളിയിലെ ആഘോഷമായ തിരുകർമ്മങ്ങളെ തുടർന്നു 9 മണിക്കു മിഷ്യൻ സമ്മേളനം ആരംഭിച്ചു. റവ മാർട്ടിൻ സി എസ് ടി യായിരുന്നു പ്രസംഗിച്ചതു്. ഉച്ചകഴിഞ്ഞു 3-30നു എറണാകുളം അതിരൂപതാ അഡ്മിനിസ്ട്രേററർ അപ്പസ്തോലിക്ക് റൈററ് റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി എ, ഡി ഡി തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ സമാപനപൊതുസമ്മേളനം സമാരംഭിച്ചു. ശ്രീ ഇ പി വർഗ്ഗീസ് എം എ ബി എൽ, ശ്രീമതി മേരി അബ്രാഹം കൊളങ്ങര എന്നിവരായിരുന്നു പ്രസംഗകർ. പരിപാടികളെല്ലാം വിജയപ്രദമായി നടന്നു. അനേകായിരം വരുന്ന വമ്പിച്ച ജനാവലി മഴയുടെ ശല്യമുണ്ടായിരുന്നെങ്കിലും ആദ്യന്തം അവയിൽ പങ്കെടുത്തു. ഓരോ ദിവസവും സന്ദർഭോചിതമായ വിവിധ കലാപരിപാടികൾ തുടർച്ചയായി നടന്നുകൊണ്ടിരുന്നു. ആദ്ധ്യാത്മികമായ ചൈതന്യവും സാമൂഹികവും വിദ്യാഭ്യാസപരവും കലാപരവുമായ പ്രകടനങ്ങളും ഒത്തിണക്കി സജ്ജീകരിച്ചിരുന്ന ത്രിദിനപരിപാടികൾ ആഘോഷപൂർണ്ണവും ഉൽബോധനപരവുമായിരുന്നു എന്നു തീർത്തും പറയാവുന്നതാണു്.

## ഇടവകവാർത്തകൾ

**അറക്കുളം പഴയ:** മിഷൻലീഗ്, സൊഡാലിററി, സൺഡേസ്കൂൾ എന്നിവയുടെ ഇക്കൊല്ലത്തെ സംയുക്തവാർഷികസമ്മേളനം മിഡിൽസ്കൂളിൽവച്ചു് റവ ഫാദർ ജോർജ് വയലിൽ എം എസ് എഫ് എസ് അവർകളുടെ അദ്ധ്യക്ഷതയിൽ ഏപ്രിൽ 22-ാംനു നടത്തപ്പെട്ടു. ബ്രദർ ജയിക്കബ്ബ് കുട്ടുങ്കൽ, മി എ കെ അഗസ്റ്റിൻ, ശ്രീ പി സി എബ്രാഹം ചെമ്മലമററം എന്നിവർ പ്രസംഗിച്ചു. കുട്ടികൾ വിനോദപ്രകടനങ്ങൾ നടത്തി.

**കല്ലൂർ:** സ്ഥലം കിഴക്കേ പള്ളിയിലും സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിന്റെയും വിൻസെൻറു് ഡി പോൾ സൊസൈററിയുടേയും സംയുക്തവാർഷികമഹാമഹം ഏപ്രിൽ 22-ാംനു ഞായറാഴ്ച റവ ഫാദർ ജോസഫ് വടക്കന്റെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. പ്രൊഫസർ ടി ഒ മാത്യു എം എ പ്രസംഗിച്ചു. മി പി കെ ആൻറണി കൃതജ്ഞത പ്രകടിപ്പിച്ചു. യോഗാനന്തരം "കുലസന്യാസി" എന്ന നാടകം തന്മയത്വമായി അഭിനയിക്കുകയും ഇടക്കിടെ ജോസഫ് വടക്കേതലയുടെ കോമിക്ക് പ്രകടനങ്ങൾ പ്രേക്ഷകരെ ആനന്ദഭരിതരാക്കുകയും ചെയ്തു.

**കല്ലോടി:** ഏപ്രിൽ 22-ാം തിയതി മൂന്നുമണിക്കു് കല്ലോടി പള്ളിയുടെ കുരിശിൻതൊട്ടിയിൽ തയ്യാറാക്കിയ കമനീയമായ പന്തലിൽ ആഗതനായ റൈററ് റവ ഡോക്ടർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനിയെ വമ്പിച്ച ഒരു ജനക്കൂട്ടത്തിൻ മദ്ധ്യേ വച്ചു് ബാൻറുമേളത്തോടുകൂടി വികാരി ബ: സേവ്യർ മൂലച്ചൽ ഹാരമണിയിച്ചു സ്വീകരിച്ചു. ഇതേ തുടർന്നു നടന്ന സ്കൂൾവാർഷികത്തിൽ തിരുമേനി അദ്ധ്യക്ഷതവഹിച്ചു. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ മാതാപിതാക്കന്മാരും അദ്ധ്യാപകരും വഹിക്കേണ്ട പങ്കിനെപ്പററി അദ്ധ്യക്ഷൻ തിരുമേനി സരസമായി വിശദീകരിച്ചു. കുട്ടികളുടെ വിവിധകലാപരിപാടികൾ ഉണ്ടായിരുന്നു. പിറേറദിവസം പള്ളിയുടെ നാമകാരണനായ വി ഗീവർഗ്ഗീസിന്റെ തിരുനാൾപ്രസംഗം നടത്തിയതു് അഭിനവമെത്രാനച്ചൻതന്നെയായിരുന്നു. 350 ഓളം കുട്ടികൾക്കു് സ്ഥൈര്യലേപനവുംനൽകി. വിശുദ്ധ നഗരത്തിൽനിന്നുകൊണ്ടുവന്ന വേദസാക്ഷി വി ഗീവർഗ്ഗീസിന്റെ തിരുശേഷിപ്പ് പള്ളിക്കു ദാനംചെയ്തു.

**വല്ലം:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന സൊഡാലിററിയുടെ 14-ാമതുവാർഷികം ഏപ്രിൽ 22-ാംനു റവ ഫാദർ ഫ്രാൻസിസ് തച്ചിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. തദവസരത്തിൽ ശ്രീ എ ഡി വർഗ്ഗീസ് ബി എ, പി ഡി ഗർവ്വാസിസ് ബി എസ്‌സി ബി ടി എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധകലാപരിപാടികൾ യോഗത്തെ മോടിപിടിപ്പിച്ചു. ആൺകുട്ടികൾ, "മണവാളൻ", "ആരുടെ സാരി", പെൺകുട്ടികൾ "ഈറന്ന കണ്ണുകൾ" എന്നീ പ്രഹസനങ്ങൾ തന്മയത്വത്തോടുകൂടി അഭിനയിച്ചു. കുട്ടികളുടെ കലാവാസനയെ പോഷിപ്പിക്കുവാൻ ഉപന്യാസം, സംഗീതം, പ്രസംഗം, വേഷപ്രച്ഛന്നം ഇവയിൽ മത്സരങ്ങൾ നടത്തി പ്രോത്സാഹജനകമായ സമ്മാനങ്ങൾ കൊടുത്തുവെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്.

## ചരമവാർത്ത

**കൊഴുവനാൽ** സ്ഥലത്തെ മണിയങ്ങാട്ടു ശ്രീ ചാണ്ടി മകൾ ബ്രിജിത്താ 17-ാമത്തെ വയസ്സിൽ ഹൃദ്രോഗനിമിത്തം ഏപ്രിൽ 22-ാംനു കർത്താവിൽ നിദ്രപ്രാപിച്ചു. പിറേറദിവസം രാവിലെ പല വൈദികരുടേയും വൻപിച്ച ഒരു ജനാവലിയുടേയും സഹകരണത്തോടുകൂടി ഫാദർ ലൂക്കാ മണിയങ്ങാട്ടു അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ സംസ്കാരകർമ്മങ്ങൾ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

R. I. P.

ജീവചരിത്രം

## "ചൈനയിലെ രക്തസാക്ഷി"

1953 സെപ്റ്റംബർ 17-ാം തിയതി പ്രഭാതം, കമ്മ്യൂണിസ്റ്റ് ചൈനയിലെ ഷാംഹായ് നഗരം അതിദാരുണമായ ഒരു സംഭവത്തിനു മൂകമായി സാക്ഷിനിന്നു; അപ്രതീക്ഷിതമായി ഒരു മനുഷ്യരൂപം അവിടത്തെ പോലീസ് വളപ്പിനുള്ളിലെ ഒരു മാളികമുകളിൽനിന്നും ജനാലവഴി നിലംപതിച്ചു; ഏതാനും പേർകൂടി അയാളെ ആശുപത്രിയിലേക്കു വഹിച്ചുകൊണ്ടുപോയെങ്കിലും, ആ ആൾ മരിച്ചുപോയിരുന്നു; ഷാംഹായിലെ പോലീസ് മേധാവികളുടെ റിപ്പോർട്ടു ഇപ്രകാരമായിരുന്നു "അൻറോണിയോ വാങ്ങ് (Antonio Wang) എന്നൊരു ബന്ദി, ജനൽവഴി ചാടി ആത്മഹത്യചെയ്തിരിക്കുന്നു."

ഇതുപോലെ വിചിത്രമായൊരു "ആത്മഹത്യ" കമ്മ്യൂണിസ്റ്റുകാർ കയ്യടക്കിയ പ്രേഗനഗരിയിലും സംഭവിക്കയുണ്ടായി. "ജാൻമസ്സാറിക്ക്" എന്ന രാജ്യാഭിമാനിയാണ് ആ അവസരത്തിൽ ഈ ദുരന്തത്തിനു വിധേയനായതു്. ഇരുമ്പുമറയ്ക്കുള്ളിൽ ഇപ്രകാരം "ആത്മഹത്യയായി" റിപ്പോർട്ടു ചെയ്യപ്പെടുന്ന "ജനൽചാട്ടം" സാധാരണ സംഭവമാണെന്നു പറയപ്പെടുന്നു.

ഷാൻഹായ് നഗരിയിലെ കത്തോലിക്കാകലാലയത്തിൽ കാനൺ നിയമങ്ങൾ പഠിപ്പിച്ചുകൊണ്ടിരുന്ന നിയമപണ്ഡിതനായ ഒരു ഈശോസഭാവൈദികനായിരുന്നു അൻറോണിയോ വാങ്ങ്. കമ്മ്യൂണിസ്റ്റുകാർ ചൈനയിൽ ദേശീയസഭ സ്ഥാപിച്ചതോടുകൂടി, കത്തോലിക്കാപുരോഹിതരെ അതിൽ ചേർക്കുവാൻ അവർ സർവ്വ അടവുകളും പ്രയോഗിച്ചുപോന്നു; വിദ്യാർത്ഥികളുടെയിടയിൽ സുസമ്മതനായിരുന്ന പ്രൊഫസർ വാങ്ങിനെ തങ്ങളുടെ പിടിയിലമർത്തുവാൻ, അതുവഴി വിദ്യാർത്ഥികളെ കീഴടക്കുവാൻ കമ്മ്യൂണിസ്റ്റുനേതാക്കൾ "പരമാവധി പരിശ്രമിക്കുകയായിരുന്നു; ആ വൈദികവര്യനെ പാട്ടിലാക്കുവാൻ സാമദാനഭേദദണ്ഡനോപായങ്ങൾ മാറിമാറി ഉപയോഗിച്ചു; ഇവയൊന്നും സ്ഥിരചിത്തനായ ഫാ: വാങ്ങിന്റെ മനസ്സ് മാററുവാൻ പര്യാപ്തമായില്ല. ഒടുവിൽ അദ്ദേഹത്തെ ദുരിതപൂരിതമായ കാരാലയത്തിലടയ്ക്കുകയും, 5 ദിവസത്തേക്കു് ദേഹോപദ്രവമേല്പിച്ചും, പട്ടിണിയിട്ടും, വാദങ്ങൾ നടത്തിയും വിഷമിപ്പിക്കയും ചെയ്തു. 5-ാംദിവസം ആരുമറിയാതെ അവർ അർത്ഥപ്രാണനായ അദ്ദേഹത്തെ ജനാലയിൽക്കൂടി പുറത്തേക്കെറിയുകയാണുണ്ടായതു്. അങ്ങനെ, ചൈനയിലെ ദേശീയസഭയ്ക്കു് ഒരു സംരക്ഷകനെ നഷ്ടപ്പെട്ടതിൽ അവർ ഖേദിച്ചു. പക്ഷേ തിരുസഭ ആനന്ദം പൂണ്ടു, അവൾക്കൊരു "രക്തസാക്ഷി" കൂടി ലഭിച്ചതിൽ.

ചൈനയിലെ ഷോപ്പെപ്രോവിൻസാണു് ഫാ: അൻറോണിയോയുടെ ജന്മദേശം. 1912 ഡി: 23-ാംനു ഭൂജാതനായ ഇദ്ദേഹം കഷ്ടാരിഷ്ടതകളുടെ മദ്ധ്യേയാണു വളർന്നുവന്നതു്. 1930 ആഗസ്റ്റ് 14-ാംനു അദ്ദേഹം ഈശോസഭയിൽ ചേർന്നു; ചൈനയിൽതന്നെയാണു് വൈദികവിദ്യാഭ്യാസം പൂർത്തിയാക്കിയതു്. 1946-ൽ റോമിൽ പോയി കാനൺ നിയമത്തിൽ ഡോക്ടർ ബിരുദം കരസ്ഥമാക്കിയശേഷം 1949-ൽ ആണു് സ്വദേശത്തു മടങ്ങിയെത്തിയതു്.

തീരെ കൃശഗാത്രനും രോഗാതുരനുമായിരുന്ന അദ്ദേഹം തുടർച്ചയായി അഞ്ചുദിവസത്തേക്കുണ്ടായ കമ്മ്യൂണിസ്റ്റു ദുരിതങ്ങളെ അതിജീവിച്ചതു് പലർക്കും അത്ഭുതജനകമായിരുന്നു. വേദനകളുടെ മദ്ധ്യേ പുഞ്ചിരി പൊഴിച്ചിരുന്ന ഈ ധീരചിത്തനെ ദർശിക്കുന്നതുതന്നെ കമ്മ്യൂണിസ്റ്റുകാർക്കു ദുസ്സഹമായിരുന്നു; ഫാദർ വാങ്ങിനെ വധിച്ചതു് വലിയ ഒരു ഹീനകൃത്യമായിപ്പോയി എന്നു സംഭവാനന്തരം ഒരു ഇടതുപക്ഷനേതാവുതന്നെ സമ്മതിക്കയുണ്ടായി; കമ്മ്യൂണിസ്റ്റ് ചൈനയിൽ, സഭാതരു പടർന്നുപന്തലിക്കുന്നതിനു് ഫാദർ അൻറോണിയോ വാങ്ങിന്റെ വീരമരണം ഉത്തേജനമരുളട്ടെ.

V. P.

—o—

## തിരുഹൃദയ പ്രവിശ്യയിലേക്ക്

### ദൈവസ്നേഹത്തിനും പ്രേഷിതവൃത്തിക്കും

കേരളകർമ്മലസഭയുടെ തിരുഹൃദയപ്രവിശ്യയിൽ വൈദികാന്തസ്സിലോ, സഹായസഹോദരന്മാരുടെ ഗണത്തിലോ ചേർന്നു്, കോളേജിലോ, വിദ്യാലയങ്ങളിലോ, മിഷ്യൻ കേന്ദ്രങ്ങളിലോ ദൈവസ്തുതിക്കും ആത്മാക്കളുടെ രക്ഷക്കുമായി ജോലിചെയ്തു് പുണ്യപൂർണ്ണത പ്രാപിക്കുവാനാഗ്രഹിക്കുന്ന യുവാക്കന്മാരെ സാനന്ദം ക്ഷണിച്ചുകൊള്ളുന്നു.

1. വൈദികാദ്ധ്യയനത്തിനായി സ്വീകരിക്കപ്പെടുന്നതിനു School Final പരീക്ഷ ജയിച്ചിരിക്കണം. Intermediate, B A മുതലായ പരീക്ഷകൾ ജയിച്ചിട്ടുള്ളവർക്കു മുൻഗണന നൽകപ്പെടുന്നതാണു്.

2. ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർക്കു ഈ പ്രവിശ്യയിലെ യോഗാർത്ഥിഭവനത്തിൽ ചേർന്നു് പഠനം തുടരാവുന്നതാണു്.

3. സഹായ സഹോദരന്മാരുടെ ഗണത്തിൽ ചേരുന്നതിനു് Form III പരീക്ഷ കഴിഞ്ഞിരിക്കണം.

താഴെ കാണുന്ന മേൽവിലാസത്തിൽ എഴുതിയാൽ കൂടുതൽ വിവരങ്ങൾ അറിയാവുന്നതാണു്.

Fr. Provincial, S. H. Provincial House, Alwaye

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസീഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 | MAY 2, ERNAKULAM | No. 37


# മേരിവണക്കം

മേയ്മാസത്തിനു മേരിയോടു് അഭേദ്യമായൊരു ബന്ധമുണ്ടു്. ശബ്ദത്തിൽ മാത്രമല്ല, അർത്ഥത്തിലും ഉൽപ്രേക്ഷയിലും അതു ദർശനീയമാണു്. പരിപൂർണ്ണമായ സൂര്യപ്രകാശത്തിൽ കാട്ടുപൂക്കൾ മനോഹരമായി വിരിഞ്ഞു് പ്രകൃതി ഇളംതെന്നലിൽ നൃത്തമാടുന്ന മേയ്മാസത്തിൽ ദൈവോന്മുഖമായ മനുഷ്യമനസ്സു് മനോഹരസൃഷ്ടിയായ മറിയത്തിന്റെ അപദാനങ്ങളെ അനുസ്മരിച്ചു് ആദ്ധ്യാത്മികനിർവൃതിയടയുന്നതു സമുചിതമല്ലയോ? തീർച്ചയായും മരിയവണക്കം കത്തോലിക്കർക്കെന്നല്ല ക്രിസ്ത്യാനികൾക്കു പൊതുവേയും അക്രൈസ്തവരായ പലർക്കും ഏറെയാകർഷകമായ ഒരു പരിപാടിയാണു്. കാരണം പ്രസിദ്ധ ആംഗ്ലേയകവിയായ വേർഡ്സ്‌വർത്തിന്റെ വാക്കുകളിൽ പറഞ്ഞാൽ, "സ്ത്രീലോകത്തിൽ ഏററവുമധികം സ്തുതിക്കപ്പെടുന്നവളും, പാപപങ്കിലമായ മനുഷ്യസ്വഭാവത്തിന്റെ ഏകാഭിമാനപാത്രവും, ആഴിയുടെ മദ്ധ്യത്തിൽ വിരിയുന്ന പതയേക്കാൾ നിർമ്മലയുമാകുന്നു മറിയം. മരിയഭക്തിയുടെ നവ്യശ്രീകരമായ ഈ പ്രചോദനം മേയ്മാസത്തിൽ ഉപരിപരി ജനഹൃദയങ്ങളെ ഉത്തേജിപ്പിക്കുവാൻ ഇടയാകട്ടെയെന്നാണു് ഞങ്ങളാശംസിക്കുന്നതു്.

1948-ൽ കമ്മ്യൂണിസ്റ്റു് മുന്നണിയിൽനിന്നു കത്തോലിക്കാമതത്തിലേക്കു മാനസാന്തരപ്പെട്ട ഖ്യാതിലബ്ധനായ ഒരു വ്യക്തിയാണല്ലോ ഡഗ്ലസ് ഹൈഡ് എന്ന ദേഹം. അദ്ദേഹം തന്റെ മാനസാന്തരത്തെ അധികരിച്ചു് എഴുതിയിട്ടുള്ള "ഞാൻ വിശ്വസിച്ചു" എന്നുള്ള പ്രശസ്തഗ്രന്ഥത്തിൽ ഒരു ഭാഗം ഇങ്ങനെയാണു്:-

"അന്നു രാവിലെ അതു സംഭവിച്ചു. പതിവുപോലെ ഞാൻ വിശുദ്ധ എഥൽഡ്റെഡായുടെ ദേവാലയത്തിലെ ഏററം പുറകിലെ ബെഞ്ചിൽ ഇരിക്കുകയായിരുന്നു. വെളിച്ചം നന്നേ കുറവായിരുന്നു. ഇരുപതോടടുത്തു പ്രായംവരുന്ന ഒരു യുവതി പള്ളിയിൽ കയറിവന്നു. കാണാൻ ഭംഗിയില്ലാത്ത മുഖം. മുഷിഞ്ഞ വസ്ത്രങ്ങൾ. അവർ ഐർലണ്ടുകാരിയായ ഒരു വേലക്കാരിയായിരിക്കണമെന്നു ഞാൻ വിചാരിച്ചു. എന്റെ അടുത്തുകൂടി കടന്നുപോയപ്പോൾ അവളുടെ മുഖഭാവം എനിക്കു വ്യക്തമായി കാണാമായിരുന്നു. അവൾക്കു എന്തോ ക്ലേശങ്ങളെല്ലാമുണ്ടായിരുന്നു. എന്നെപ്പോലെതന്നെ അവളും മനസ്സിൽ ഏതോ വലിയ അസ്വാസ്ഥ്യം അനുഭവിക്കുന്നുണ്ടായിരിക്കണം. അവൾ മദ്ധ്യേ ഇടപ്പിൽക്കൂടി മുമ്പോട്ടുപോയി. ഇടത്തുഭാഗത്തേക്കു തിരിഞ്ഞു മാതാവിന്റെ പീഠത്തിനുമുമ്പിൽ തിരി കത്തിക്കുകയും ഏതാനും നാണയത്തുട്ടുകൾ നേർച്ചപ്പെട്ടിയിൽ നിക്ഷേപിക്കുകയും ചെയ്തശേഷം ദിവ്യനാഥയുടെ മുമ്പിൽ ഒരു സ്റ്റൂളിന്മേൽ അവൾ മുട്ടുകുത്തുകയും ചെയ്തു. പുറം മാച്ചിരുന്ന ജനാലയിൽക്കൂടി കടന്നുവന്ന മങ്ങിയ വെളിച്ചവും തിരിയുടെ പ്രകാശവും മൂലം അവൾ എന്താണു ചെയ്യുന്നതെന്നു എനിക്കു കൂട്ടിച്ചു കാണാമായിരുന്നു. അവൾ കൊന്തജപിക്കുകയാണു്. ഇടക്കിടക്കു കൈകൾ ചലിക്കുന്നുണ്ടു്; ശിരസ്സു നമിക്കുന്നുണ്ടു്. ഇതു കത്തോലിക്കരുടെ പ്രാർത്ഥനാരീതിയാണു്. എനിക്കതു പരിചയമായിരുന്നില്ല. അതു ലോകത്തിൽ വിശ്വാസം ചൈതന്യത്തോടുകൂടിയിരുന്ന ഒരു കാലസന്ധിയെ എന്നെ അനുസ്മരിപ്പിച്ചു. ആ ലോകത്തിനുവേണ്ടിയായിരുന്നു ഞാൻ ആശിച്ചുകൊണ്ടിരുന്നതു്. ഇതു അന്ധവിശ്വാസമായിരിക്കുമോ? വിഗ്രഹാരാധനയാകുമോ? ഈവക പ്രശ്നങ്ങൾ എന്റെ മനസ്സിലുദിച്ചു.

"അവൾ മടങ്ങിപ്പോകുമ്പോൾ ഞാനവളുടെ മുഖഭാവം സൂക്ഷിച്ചു. അവളുടെ ക്ലേശങ്ങളെല്ലാം പമ്പകടന്നിരുന്നു. എനിക്കങ്ങനെ തോന്നി. ഞാനോ! മാസങ്ങളല്ലാ, ആണ്ടുകൾതന്നെ വളരെയായി എന്റെ വ്യഥാഭാരവും പേറിക്കൊണ്ടു നടക്കുവാൻതുടങ്ങിയിട്ടു്! പള്ളിയകത്തു മററാരുമില്ലെന്നു ഉറപ്പുവന്നപ്പോൾ പത്തു് പതുങ്ങിയും ഞാൻ അവൾ പോയ വഴിക്കുതന്നെ ഇടപ്പിൽക്കൂടി മുമ്പോട്ടുനടന്നു. ഇടത്തോട്ടു തിരിഞ്ഞു തിരികത്തിച്ചു നേർച്ചയിട്ടു. സ്റ്റൂളിന്മേൽ മുട്ടുമടക്കി. ദിവ്യ അമ്മയോടു പ്രാർത്ഥിക്കാൻ ശ്രമിച്ചു. വിവിധസ്വരങ്ങൾ എന്നിൽ പ്രതിധ്വനിച്ചു. അന്ധവിശ്വാസത്തിലേക്കു നീങ്ങുന്നതിനും ഇല്ലാത്ത ഒരാളോടു പ്രാർത്ഥിക്കുന്നതിനും നീ മാപ്പിക്കുകയാണെങ്കിൽ നിന്റെ അന്ധവിശ്വാസം വർദ്ധിക്കുകയായിരിക്കും ചെയ്യുക; വിഗ്രഹത്തിന്റെ മുമ്പിൽ പ്രാർത്ഥിച്ചാൽ എല്ലാം അവതാളത്തിലാകും!

"എങ്ങിനെയാണു് മറിയത്തോടു് പ്രാർത്ഥിക്കുക? എനിക്കറിയാൻ പാടില്ലായിരുന്നു. നീ അവളോടു പ്രാർത്ഥിച്ചുവോ? അവളുടെ മാദ്ധ്യസ്ഥം തേടി അവൾ വഴി പ്രാർത്ഥിച്ചുവോ? നീ ആ പ്രതിമയെ വീക്ഷിച്ചപ്പോൾ അതിനു പുറകിലുള്ള യാഥാർത്ഥ്യത്തെ ദർശിച്ചുവോ? അതോ ആ പ്രതിമയെമാത്രമാണോ നീ അഭിസംബോധന ചെയ്തതു്? ഇതൊന്നും എനിക്കറിയാൻ വയ്യ. മദ്ധ്യശതകങ്ങളിൽ പ്രചുരപ്രചാരത്തിലിരുന്നതും സാഹിത്യത്തിൽ ചിരപ്രതിഷ്ഠ വഹിച്ചിരുന്നതുമായ ചില പ്രാർത്ഥനാശകലങ്ങൾ അനുസ്മരിക്കുവാൻ ഞാൻ ശ്രമിച്ചു. ചെസ്റ്റർട്ടന്റെയും ബെല്ലോക്കിന്റെയും ചില പദ്യശകലങ്ങൾ ഞാനുരുവിട്ടു. എന്നാൽ എന്റെ മനസ്സു ശൂന്യമായിരുന്നു. കത്തിക്കൊണ്ടിരുന്ന മെഴുകുതിരി ഉരുകുന്നതിനും എരിഞ്ഞടങ്ങുന്നതിനും തുടങ്ങി. എന്നിൽനിന്നു വാക്കുകളൊന്നും പുറപ്പെട്ടില്ല. ഒടുവിൽ ഉചിതങ്ങളെന്നു തോന്നിയ ചില വാക്കുകൾ ഞാൻ സ്വയം ഉച്ചരിക്കുന്നതുപോലെ തോന്നി. അപ്രസക്തങ്ങളെന്നു തോന്നുകയാൽ അതവസാനിപ്പിച്ചു. പക്ഷെ ഇതൊന്നും അത്ര പ്രാധാന്യമർഹിക്കുന്ന കാര്യമായിരുന്നില്ല. സുദീർഘമായ എന്റെ പര്യന്വേഷണങ്ങൾ അതിന്റെ അന്ത്യം പ്രാപിച്ചിരിക്കുന്നതായി ഞാൻ വ്യക്തമായി മനസ്സിലാക്കി." ഡഗ്ലസ് ഹൈഡ് കമ്മ്യൂണിസം ഉപേക്ഷിച്ചു കത്തോലിക്കാസഭാംഗമായി.

മരിയഭക്തിയുടെ മനോഹാരിത, അതിന്റെ ദിവ്യാനന്ദം, അനുഭവിച്ചവർക്കേ അറിയാവൂ. ഹൈഡിന്റെ അനുഭവം അനേകായിരങ്ങളിൽ ഒന്നു മാത്രമാണു്. മരിയവണക്കം തിരതല്ലുന്ന ഈ മേയ്മാസത്തിൽ, അനന്യശരണരായി, നിരാശാഭരിതരായി, ക്ലേശാർത്തരായി കഴിയുന്ന ഓരോ വ്യക്തിയും അലൗകികസുന്ദരിയായ ഈ അമ്മയുടെ പാദാന്തികത്തിൽ അണയുന്നതിനു സന്മനസ്സു പ്രകടിപ്പിക്കുകയാണെങ്കിൽ ശാന്തിയുടേയും സമാധാനത്തിന്റേയും ഉറവകൾക്കു പുരോഗതിയായിരിക്കും അതെന്നു സുദൃഢം വിശ്വസിക്കാം. മാതൃസ്നേഹത്തിന്റെ വററാത്ത ഉറവയിലേക്കുള്ള പിപാസുവിന്റെ പ്രത്യാശാസ്ഥാനമായിരിക്കും അതു്. ക്രിസ്തുവിന്റെ രക്ഷണീയകൃത്യത്തോടു അഭേദ്യം ഒട്ടിക്കപ്പെട്ടിരിക്കുന്ന മരിയമാദ്ധ്യസ്ഥത്തിന്റെ മനോഹരവശങ്ങൾ അവഗാഢം പഠിക്കുന്നവർക്കു അനന്തമായ ദൈവപരിപാലനയുടെ വ്യവസ്ഥിതിയിൽ മറിയത്തിന്റെ യുക്തിയുക്തമായ പങ്കു മനസ്സിലാക്കുവാൻ വിഷമമുണ്ടാവുകയില്ല. അവശതകളിൽ ആണ്ടുപോയിരിക്കുന്ന ലോകത്തിനു മറിയം ശുഭപ്രതീക്ഷാതാരമാണു്. ക്രിസ്തുവിന്റെ സമാഗമത്തെ മനുഷ്യാത്മാവുകളിൽ സാർത്ഥകമാക്കുന്നതിനുള്ള മാർഗ്ഗദർശിത്വമാണു് മരിയഭക്തി പ്രദാനം ചെയ്യുന്നതു്. മേയ്മാസറാണി ഓരോ മനുഷ്യവ്യക്തിയിലും അവിടുത്തെ മാതൃത്വം സഫലമാക്കട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### ജർമ്മൻ പ്രോട്ടസ്റ്റന്റു മേധാവി മാർപ്പാപ്പായെ സന്ദർശിച്ചു

ജർമ്മനിയിലെ ഏവൻജെലിക്കൽസഭയുടെ മേധാവിയായ ഡോക്ടർ ഡിബേലിയുസ് അവർകൾ ഈയിടെ പരിശുദ്ധ മാർപ്പാപ്പായെ സന്ദർശിക്കുകയുണ്ടായി. ലൂതറുടെ കാലം മുതൽ ജർമ്മൻ പ്രോട്ടസ്റ്റന്റുകാർ പ്രത്യേകിച്ചും മാർപ്പാപ്പായെ അവജ്ഞയോടുകൂടിയാണല്ലോ വീക്ഷിക്കുന്നതു്. പാപ്പാ "അന്തിക്രിസ്തു"വാണെന്നാണു് അവർ അദ്ധ്യാപിക്കുക. ഈ പരിതസ്ഥിതിയാണു് ഡോക്ടർ ഡിബേലിയുസിന്റെ സന്ദർശനത്തെ കൂടുതൽ പ്രാധാന്യമുള്ളതാക്കിത്തീർക്കുന്നതു്. മാത്രമല്ല അദ്ദേഹം ജർമ്മനിയിൽ തിരിച്ചെത്തിയപ്പോൾ അദ്ദേഹത്തിനു നൽകപ്പെട്ട ആഡംബരപൂർവ്വകമായ സ്വീകരണത്തിൽനിന്നും, ഈ സന്ദർശനത്തെ അധികരിച്ചു ഉന്നതസ്ഥാനീകളായ പ്രോട്ടസ്റ്റന്റു നേതാക്കന്മാർ പ്രകടിപ്പിച്ച ആശയങ്ങളിൽനിന്നും പ്രോട്ടസ്റ്റന്റുവിഭാഗത്തെ അഭിപ്രായം പാടെ വ്യത്യാസപ്പെട്ടിട്ടുണ്ടെന്നു വിശദമായിരിക്കുന്നു. എവൻജെലിക്കൽ സഭയിലെ ഒരു പ്രസിദ്ധ വൈദികനായ പാസ്റ്റർ അസ്മുസൻ അവർകൾ പത്തു ലക്ഷത്തിലധികം വരിക്കാരുള്ള ഒരു കൊളോൺപത്രത്തിൽ ഈ സന്ദർശനത്തെ പരാമർശിച്ചെഴുതിയ ഒരു ലേഖനത്തിൽ പറയുന്നതിപ്രകാരമാണു്:- "400 കൊല്ലങ്ങൾക്കുമുമ്പു നടന്ന തിരിവിനുശേഷം ഉണ്ടായിട്ടുള്ള ഏററം പ്രധാനമായ മതസംഭവമാണു് ഈ സന്ദർശനം, ഡോക്ടർ ഡിബേലിയുസിന്റെ റോമാസന്ദർശനം ഒഴുക്കിനെതിരായ ഒരു നീക്കമാണു്—ഇപ്പോൾ പ്രോട്ടസ്റ്റന്റു നേതാക്കന്മാരുടെ സാധാരണമായ നടപടി റഷ്യാസന്ദർശനമാണു്." ഡോക്ടർ ഡിബേലിയുസ് ജർമ്മനിയിൽ മടങ്ങിയെത്തിയശേഷം നടത്തിയ ഒരു ടെലവിഷൻ സംഭാഷണത്തിൽ പറഞ്ഞു, റോമിലെത്തിയശേഷം മാർപ്പാപ്പായുമായി സന്ദർശനം നടത്താനുള്ള വിഷയം ആലോചിച്ചപ്പോൾ അദ്ദേഹത്തിനു അവശ്യം വേണ്ടതാണെന്നുള്ള അഭിപ്രായമാണുണ്ടായതെന്നാണു്. ഇദ്ദേഹം പറഞ്ഞു:-

"എല്ലാം വിഭാഗത്തിൽപ്പെട്ട ക്രിസ്ത്യാനികളും കത്തോലിക്കാസഭയുടെ തലവന്റെ നേർക്കു ബഹുമാനവും മതിപ്പും പ്രകടിപ്പിക്കേണ്ടതു് ആവശ്യവും ലോകത്തിനു അതു നന്മയുമാണു്." പാപ്പാസ്ഥാനത്തോടുള്ള പ്രോട്ടസ്റ്റന്റു മനോഭാവത്തിന്റെ വ്യതിയാനത്തെ വിശദമാക്കുന്ന വേറൊരുദാഹരണമാണു് മറെറാരു ജർമ്മൻമെത്രാനായ ഡോക്ടർ ഹാൻസ് ലിൽജ് അവർകൾ മാർപ്പാപ്പായുടെ 80-ാം ജന്മദിനം പ്രമാണിച്ചെഴുതിയ ഒരു ലേഖനത്തിൽ വിശദമാക്കിയിരിക്കുന്നതു്. അദ്ദേഹം പറയുന്നതു്. പന്ത്രണ്ടാം പിയൂസ് ഉത്തമനായ ഒരു റോമനും, പാപ്പാധിപത്യചരിത്രത്തിലെ മഹാന്മാരെന്നു ബഹുമതി അർഹിച്ചിട്ടുള്ള മഹാന്മാരെപ്പോലെ "മഹാൻ" എന്ന നാമത്തിനർഹനുമാണു് എന്നത്രെ. "കത്തോലിക്കർക്കു പ്രത്യേകമെന്നു ഞങ്ങൾ കരുതുന്ന മതതത്വങ്ങളേയും ഭക്താചരണങ്ങളേയുംപററി അവരെ ഉൽബോധിപ്പിക്കുന്ന അവസരങ്ങളിലൊഴിച്ചൊന്നും പന്ത്രണ്ടാംപിയൂസ് മാർപ്പാപ്പാ പ്രോട്ടസ്റ്റന്റുകാരോടു എതിർപ്പു പ്രകടിപ്പിച്ചിട്ടില്ല" എന്നും അദ്ദേഹം വ്യക്തമാക്കി. ജർമ്മനിയിൽതന്നെ ഈ സന്ദർശനത്തെപ്പററി ചുരുക്കം ചിലർക്കു എതിരഭിപ്രായമുണ്ടെങ്കിലും പൊതുവെ ജനങ്ങളും നേതാക്കന്മാരും മാർപ്പാപ്പായുമായുള്ള ഈ സൗഹൃദത്തെ അത്യധികം വിലമതിക്കുന്നവരും സ്വാഗതം ചെയ്യുന്നവരുമാണു്. സത്യത്തിലേക്കുള്ള ഒരു സമീപനമാണിതെന്നുള്ളതിനു സംശയമില്ല.

* * *

### കമ്മ്യൂണിസ്റ്റു് പ്രചരണംകൊണ്ടു് വഞ്ചിതരാകരുതെന്നു കർദ്ദിനാൾ

മാർഷൽ ബുൾഗാനിന്റേയും മി. ക്രൂഷേവിന്റേയും സന്ദർശനത്തിലുള്ള പ്രതിഷേധപ്രകടനമായും അതിൽനിന്നുളവാകാവുന്ന നാശഫലങ്ങളെ നിവാരണം ചെയ്യുന്നതിനുള്ള മാർഗ്ഗമായും ഇംഗ്ലീഷ് കത്തോലിക്കരുടെ ആഭിമുഖ്യത്തിൽ ആചരിക്കപ്പെട്ട "പ്രാർത്ഥനാദിന"ത്തിൽ വെസ്റ്റ്മിനിസ്റ്റർ കത്തീഡ്രലിൽവച്ചു അത്യുന്നത കർദ്ദിനാൾ ഗ്രിഫിൻ തിരുമനസ്സുകൊണ്ടു് കമ്മ്യൂണിസ്റ്റു് പ്രചരണതന്ത്രങ്ങളിൽ കുടുങ്ങിപ്പോകരുതെന്നു ജനങ്ങൾക്കു മുന്നറിയിപ്പു് നൽകുകയുണ്ടായി. റഷ്യയിൽ വന്നുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന മാററങ്ങളും നയവ്യതിയാനങ്ങളും മൂലം കമ്മ്യൂണിസം അതിന്റെ മതവിധ്വംസക മനോഭാവത്തിൽനിന്നു പിൻതിരിയുകയാണു് എന്നാരും തെററിദ്ധരിക്കരുതെന്നവിടുന്നു ഉൽബോധിപ്പിച്ചു:

"ഈയിടെയായി മോസ്കോയിൽനിന്നു സന്മനോഭാവത്തിന്റെ ചില ബാഹ്യപ്രകടനങ്ങളെല്ലാം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെങ്കിലും കമ്മ്യൂണിസത്തിനധീനപ്പെട്ട രാജ്യങ്ങളിലെ ജനങ്ങളുടെ ദുർവ്വിധികളുടെനേരെ നമുക്കു കണ്ണടയ്ക്കുക സാദ്ധ്യമല്ല; അവർക്കു മതസ്വാതന്ത്ര്യമില്ല, ക്രിസ്തീയവിശ്വാസത്തിനുവേണ്ടി അവർ പീഡനമനുഭവിക്കുകയാണു്. അനേകം വർഷങ്ങളായി മെത്രാന്മാരുടേയും, വൈദികരുടേയും, അൽമായരുടേയും അറസ്റ്റുകളേയും കാരാഗൃഹവാസത്തേയും കുറിച്ചുള്ള വാർത്തകൾ നാം കേട്ടുകൊണ്ടിരിക്കുകയാണു്. ഗ്രാമവാസികളെ ഒന്നടങ്കം നാടുകടത്തിയിട്ടുണ്ടു്; കത്തോലിക്കാവിദ്യാലയങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടു്; സ്വത്തുക്കൾ കണ്ടുകെട്ടിയിട്ടുണ്ടു്; ദേവാലയങ്ങൾ മലിനമാക്കപ്പെട്ടിട്ടുണ്ടു്.

"അടുത്ത കാലത്തു റഷ്യയിൽ ചില പുതിയ പരിവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ടു്. സ്റ്റാലിൻ ഇപ്പോൾ കുററവാളിയായി മുദ്രയടിക്കപ്പെട്ടിരിക്കുന്നു. ശാരീരികമർദ്ദനം പാരമ്യമടഞ്ഞിരിക്കുന്നു എന്നു സ്റ്റാലിന്റെ അനന്തരഗാമികൾക്കു രഹസ്യത്തിലെങ്കിലും ബോദ്ധ്യപ്പെട്ടിരിക്കുന്നു എന്നു മാത്രമേ ഇതിനർത്ഥമുള്ളൂ. മതാധികാരികളുടെ പ്രവർത്തനങ്ങൾ തടയപ്പെട്ടു; പക്ഷെ ജനഹൃദയങ്ങളെ തിരുസഭയിൽനിന്നോ മതവിശ്വാസത്തിൽനിന്നോ വിച്ഛേദിക്കുന്നതിനു അതിനു സാധിച്ചിട്ടില്ല. റഷ്യയുടെ നയത്തിൽ കൗശലപൂർവ്വകമായ ഒരു വ്യതിയാനം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടു്. കഴിഞ്ഞ ഏതാനും മാസങ്ങളായി അവഗാഹവും, സഹിഷ്ണുതാപൂർവ്വകവും, വിദഗ്ദ്ധമായി ക്രമപ്പെടുത്തപ്പെട്ടതുമായ പ്രചാരണത്തിന്റെ തെളിവായ ലക്ഷണങ്ങൾ കാണുന്നുണ്ടു്. 1954 ൽ മി. ക്രൂഷേവു് ഇതിനു കടകവിരുദ്ധമായിരുന്നു. കമ്മ്യൂണിസവും ക്രിസ്തുമതവും ഒന്നിച്ചുപോകുന്നതിൽ അസാദ്ധ്യതയില്ല എന്നു ജനങ്ങളെ ധരിപ്പിക്കുന്നതിനുള്ള ഒരു ശ്രമം മാത്രമാണിതു്. തന്മൂലം കമ്മ്യൂണിസ്റ്റു് ഭരണത്തിൽ സാമൂഹികപരിപാടികളെ സംബന്ധിച്ചിടത്തോളം ക്രിസ്ത്യാനികളുടെ തീവ്രമായ സഹകരണം സമ്പാദിക്കുന്നതിനുള്ള തന്ത്രവുമാണിതു്. കമ്മ്യൂണിസത്തിന്റെ വിക്രിയകൾ നല്ലപോലെ ധരിച്ചുകഴിഞ്ഞിട്ടുള്ള കമ്മ്യൂണിസ്റ്റു് രാജ്യങ്ങളിൽ ഈ കുപ്രചരണം വിലപ്പോകുകയില്ല എന്നു നാം വിശ്വസിക്കുന്നു. എന്നാൽ ഈ ദാരുണമായ അനുഭവജ്ഞാനമില്ലാത്ത പാശ്ചാത്യർ, കമ്മ്യൂണിസത്തിനു അവരുടെ മതവിശ്വാസത്തെ ഉന്മൂലനം ചെയ്യുന്നതിനുദ്ദേശമില്ല എന്നു തെററിദ്ധരിച്ചുപോകാതിരിക്കുവാൻ നാം ശ്രദ്ധാലുക്കളായിരിക്കണം. ലെനിന്റേയും മാർക്സിന്റേയും തത്വങ്ങൾ നാം പരിശോധിച്ചാൽ കാണാം മതവിരുദ്ധമല്ലാത്ത ഒരു ലക്ഷ്യം അതിനില്ല എന്നു്. റഷ്യൻനേതാക്കന്മാർ ഈ രാജ്യം സന്ദർശിക്കുന്ന അവസരത്തിൽ ഇക്കാര്യം എല്ലാവരും പ്രത്യേകം അനുസ്മരിക്കണമെന്നാണു് നാം അത്യധികമായി അഭിലഷിക്കുന്നതു്."

കർദ്ദിനാൾ തിരുമനസ്സിലെ ഈ വിശകലനവും ഉൽബോധനവും കമ്മ്യൂണിസവുമായി ഇടപെടുന്നവർക്കെല്ലാവർക്കും രക്ഷാകരമായ മാർഗ്ഗദർശനമാണു് പ്രദാനം ചെയ്യുന്നതു്. ഏതു പച്ചക്കള്ളവും അവസരോചിതം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു ജനങ്ങളെ മിരട്ടി വഴിതെററിക്കുന്ന അവരുടെ കുതന്ത്രവും കള്ളപ്രചരണവും ആരെയും അന്ധാളിപ്പിക്കുന്നവയാണു്. കമ്മ്യൂണിസം മതവിരുദ്ധമല്ലെന്നും കത്തോലിക്കാമതത്തോടുപോലും ഒത്തുപോകുന്നതിനു അതു സന്നദ്ധമാണെന്നും മററും അ

# വിവിധവൃത്താന്തങ്ങൾ

## 280 ലക്ഷത്തിന്റെ നാമത്തിൽ

സോവ്യററുനേതാക്കന്മാരുടെ ബ്രിട്ടൻപര്യടനം സംബന്ധിച്ച് ഇംഗ്ലണ്ടിലെ കർദ്ദിനാൾ ഗ്രിഫിൻ തിരുമനസ്സുകൊണ്ട് വെസ്റ്റ്മിനിസ്റ്റർ കത്തീഡ്രലിൽ ചെയ്ത ഒരു പ്രസംഗത്തിൽ, അവരുടെ സന്ദർശനത്തിന്റെ രഹസ്യമായ ലക്ഷ്യം, കമ്മ്യൂണിസവും ക്രിസ്തുമതവും തമ്മിൽ വൈരുദ്ധ്യമില്ലെന്നുള്ള ധാരണ പരത്തുവാനാണെന്നു പ്രസ്താവിച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ ജനങ്ങളുടെ തിക്താനുഭവങ്ങൾ അനുഭവിച്ചറിയാനിടയായിട്ടില്ലാത്ത പശ്ചിമരാഷ്ട്രങ്ങളിലെ ജനങ്ങൾ വളരെ കരുതലുള്ളവരായിരിക്കണമെന്നും, കമ്മ്യൂണിസം മതവിരുദ്ധമല്ലെന്നുള്ള അബദ്ധധാരണയിൽ ചെന്നുപെടരുതെന്നും തിരുമേനി ഉദ്ബോധിപ്പിച്ചു. ലെനിന്റെയും മാർക്സിന്റെയും പഠനങ്ങൾ തന്നെ ഇതിനു ഒന്നാംതരം തെളിവാണ്. കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങളിലെ മതമർദ്ദനകഥയും ഈ നേതാക്കളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ബ്രി. ഗവമ്മെന്റിനു ചുമതലയുണ്ടെന്നും ബ്രിട്ടീഷ് കോമൺവെൽത്തിലെ 280 ലക്ഷം കത്തോലിക്കരുടെ നാമത്തിലാണ് താൻ ഇങ്ങനെ പറയുന്നതെന്നും, കത്തോലിക്കരല്ലാത്ത അനേകായിരങ്ങളും ഈ അഭിപ്രായക്കാരാണെന്നും തിരുമേനി ഇടയ്ക്കു പ്രസ്താവിച്ചു.

## അവരുടെ പ്രതിഷേധം

സോവ്യററ് നേതാക്കന്മാരുടെ ബ്രിട്ടൻസന്ദർശനത്തെ എസ്തോണിയാ, ലാററ്‌വിയാ, ലിത്വാനിയാ, പോളണ്ട്, ഉക്രയിൻ മുതലായ സോവ്യററധീനരാജ്യങ്ങളിൽ നിന്നുള്ള അഭയാർത്ഥികൾ പ്രതിഷേധിച്ചിരിക്കുന്നു. അവരിൽ ആയിരത്തിൽപ്പരമാളുകൾ നോട്ടിങ്ങാം തെരുവിൽക്കൂടി ഒരു പ്രതിഷേധജാഥ നയിക്കുകയുണ്ടായി. "കമ്മ്യൂണിസ്റ്റ്മർദ്ദകർ നശിക്കട്ടെ", "അടിമപ്പാളയങ്ങളിലെ അടിമകളെ മോചിപ്പിക്കുക", "ഉക്രയിനെ സ്വതന്ത്രമാക്കുക" മുതലായ മുദ്രാവാക്യങ്ങളെഴുതിയിട്ടുള്ള കൊടികൾ അവർ വഹിച്ചിരുന്നു. നോട്ടിങ്ങ്ഹാം മാർക്കററ് സ്ക്വയറിൽ കൂടിയ പൊതുയോഗത്തിൽ വളരെയധികമാളുകൾ സംബന്ധിച്ചിരുന്നു. കോമൺസ് ജനറൽസിക്രട്ടറി ഡോക്ടർ സി. എ. സ്മിത്ത്, മിസ്റ്റിസ് എച്ച്. ബേവർ, കൗൺസിലർ വൈറ്റ്കാമ്പ്‌ലിസ് മുതലായവർ പ്രസംഗിച്ചു. സമാധാനത്തിന്റെ ദൂതന്മാരായി നടക്കുന്ന ഈ നേതാക്കന്മാരുടെ നാട്ടിലെ അടിമപ്പാളയങ്ങളേയും മതമർദ്ദനങ്ങളേയുംപററി അവർ വിവരിക്കുകയുണ്ടായി.

## ഇപ്പോഴും പഴയതുതന്നെ

രാജ്യദ്രോഹികളായി വിധിക്കപ്പെട്ടിരിക്കുന്ന കിഴക്കൻയൂറോപ്പിലെ പല കമ്മ്യൂണിസ്റ്റ്നേതാക്കന്മാരും സ്വതന്ത്രലോകത്തിൽ കുടിതാമസിക്കുവാൻ ബദ്ധപ്പെട്ടുകൊണ്ടിരിക്കുകയാണല്ലോ. ഇവരുടെ പുനരധിവാസത്തെപ്പററി പറയുകയിൽ വത്തിക്കാനിലെ ഒസ്സർവത്തോരെ റൊമാനോ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. "സ്റ്റാലിന്റെ കാലത്തു തടവിലാക്കപ്പെട്ട കർദ്ദിനാളന്മാരും മെത്രാന്മാരും ഇപ്പോഴും ജയിലിൽതന്നെ; സ്റ്റാലിൻവിരുദ്ധ കമ്മ്യൂണിസ്റ്റുകാരും കമ്മ്യൂണിസ്റ്റു കർത്തന്നെ അഭയാർത്ഥിനേതാക്കന്മാരുടെ പുനരധിവാസശ്രമം വെറും രാഷ്ട്രീയമായ ഒരു നടപടിയാണെന്നു പത്രം ചൂണ്ടിക്കാണിക്കുന്നു. കർദ്ദിനാൾ മിൻസെന്തിയേയോ, ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെങ്കിൽ ആർച്ചുബിഷപ്പ് ഗ്രോസ്സിനേയോ, ഹംഗറിയിലും മററു ജനകീയജനാധിപത്യങ്ങളിലും തടവിലാക്കപ്പെട്ടിരിക്കുന്ന മെത്രാന്മാരേയോ വൈദികരേയോ, വിശ്വാസികളേയോ പുനരധിവാസം ചെയ്യിക്കുന്നതിനു ആലോചിക്കുന്നതിൽ തെററില്ലെന്നു ആ പത്രം തുറന്നുപറയുന്നു.

## ഇൻഡ്യയിലെ യുവാക്കന്മാരോട്

മദ്രാസ് മെത്രാപ്പോലീത്താ ഡോക്ടർ മത്യാസ് തിരുമേനി പരിശുദ്ധ പിതാവ് പീയൂസ് മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചപ്പോൾ ഇൻഡ്യയിലെ കത്തോലിക്കാ യുവാക്കന്മാരെ സംബന്ധിച്ച് അവിടുത്തെ പൈതൃകഹൃദയത്തിനുള്ള രണ്ട് അഭിലാഷങ്ങളെ പ്രകടമാക്കുകയുണ്ടായി. ഒന്ന്, ഡോമിനിക്ക് സാവിയോയെപ്പോലെയോ മരിയഗൊരേത്തിയെപ്പോലെയോ ഉള്ള ഒരു പുണ്യാത്മാവിനെ അവർ ഭാരതസഭയ്ക്കു പ്രദാനംചെയ്യണമെന്നുള്ളതാണ്. രണ്ട്, ഇൻഡ്യയിലെ 36 കോടി ജനങ്ങൾക്കുവേണ്ടി, സ്വദേശീയവൈദികരുടെ സംഖ്യ വർദ്ധിപ്പിക്കുവാൻ അവർ മുന്നോട്ടുവരണമെന്നുള്ളതാണ്. ഭാരതസഭയുടെ അഭിവൃദ്ധിക്കും ഭാരതമാനസാന്തരത്തിനും അത്യന്താപേക്ഷിതമായ രണ്ടുപാധികളാണ് തിരുമനസ്സിലെ ഈ അഭിലാഷങ്ങളിൽ അടങ്ങിയിരിക്കുന്നതു. വിദേശമിഷനറിമാരോട് ഏതാണ്ട് എതിർമനോഭാവം പ്രകടിതമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു സ്വദേശീയവൈദികരുടെ സംഖ്യ വർദ്ധിക്കേണ്ടതിന്റെ ആവശ്യകത അനന്യസാധാരണമാണല്ലോ. വിശിഷ്ടമായ സുകൃതങ്ങളാൽക്കൂടിയ യുവാക്കന്മാരുടെ സാന്നിദ്ധ്യവും മാതൃകയുമാണു സഭയ്ക്കു ജീവൻ നൽകുന്നതു.

തിന്റെ പ്രചാരകന്മാർ കൊട്ടിഘോഷിക്കുമ്പോൾ ഈ വസ്തുത എല്ലാവരും ഓർത്തിരിക്കേണ്ടതാണ്.

### ജപമാലപ്പസ്തോലസഖ്യത്തിന്റെ മേയ് മാസത്തിലെ പൊതുനിയോഗം

"മറിയത്തിന്റെ രാജത്വത്തിന്റെ അംഗീകരണം രാജ്യങ്ങൾ തമ്മിലുള്ള ഐക്യത്തിനു നിദാനമാകുവാൻ"

### വേദപ്രചാരനിയോഗം

"പരിശുദ്ധ മറിയത്തിന്റെ നേർക്കു പ്രദർശിപ്പിക്കപ്പെടുന്ന ബഹുമാനം അക്രൈസ്തവരെ സത്യമതത്തിലേക്കാനയിക്കുന്നതിന്."

## അടുത്തആഴ്ചയിൽ

മേയ്

3 വ്യാ: വി. കുരിശു കണ്ടെത്തൽ
4 വെ: വി. മോനിക്ക
5 ശ: വി. പീയൂസ് 5-ാമൻ
6 ഞാ: ഉയിർപ്പു 5-ാംഞായർ
7 തി: വി. സ്താനിസ്ലാവോസ്
8 ചൊ: വി. മിഖായേൽ
9 ബു: വി. ഗ്രിഗോറിയോസ് നസിയാൻസെൻ

## റോമിൽ അന്താരാഷ്ട്രീയ കുഷ്ഠരോഗ കോൺഗ്രസ്

അന്താരാഷ്ട്രീയ കുഷ്ഠരോഗ കോൺഗ്രസിന്റെ സമ്മേളനത്തിനുമുമ്പായി കോൺഗ്രസിൽ സംബന്ധിക്കുന്നവർക്കു പരിശുദ്ധ പിതാവു ഒരു സ്വകാര്യസന്ദർശനമനുവദിക്കുകയുണ്ടായി. വത്തിക്കാൻ കൊട്ടാരത്തിലെ ഏററവും പ്രധാനപ്പെട്ട ഹാളിൽവച്ചായിരുന്നു കൂടിക്കാഴ്ച. തദവസരത്തിൽ തിരുമനസ്സുകൊണ്ട് 15 മിനിററുനേരം ഫ്രഞ്ചുഭാഷയിൽ സംസാരിക്കുകയുണ്ടായി. യുവാക്കളെ വെല്ലുന്ന ഉന്മേഷത്തോടുകൂടിയാണ് തിരുമനസ്സുകൊണ്ട് പ്ലാററ്ഫോറത്തിൽ എത്തിച്ചേർന്നത്. തിരുമനസ്സിലെ പ്രഭാഷണം തികച്ചും സ്ഫുടമായിരുന്നു. അതിനുശേഷം ഡെലിഗേററുകൾക്കു തിരുമേനി ഒരു മണിക്കൂറോളം ഇന്റർവ്യൂ അനുവദിക്കുകയുണ്ടായി.

എറണാകുളം അതിരൂപതവകയായി ചേർത്തലയിൽ പ്രശസ്തമായി നടത്തിവരുന്ന ഗ്രീൻഗാർഡൻസ് കുഷ്ഠരോഗാസ്പത്രി മുതലായ സ്ഥാപനങ്ങളുടെ ഡയറക്ടർ റവ. ഫാദർ ജോസഫ് കെ. ഡബ്ലിയു. തോമസ് (കണ്ടത്തിൽ) അന്താരാഷ്ട്രീയ കുഷ്ഠരോഗകോൺഗ്രസിൽ സംബന്ധിക്കുവാനായി യഥാസമയം എത്തിച്ചേർന്നു. കോൺഗ്രസ് ഒരു വൻപിച്ച വിജയമായിരുന്നു. ലോകത്തിന്റെ നാനാഭാഗത്തുനിന്നുമായി പ്രശസ്തശാസ്ത്രകാരന്മാരും ഭിഷഗ്വരന്മാരുമുൾപ്പെടെ ഒട്ടനവധി ഡെലിഗേററുകൾ കോൺഗ്രസിൽ പങ്കെടുത്തിരുന്നു. ചേർത്തല കുഷ്ഠരോഗാസ്പത്രിയിലെ ഒരു വിദേശീയ ഡോക്ടർ വീസും റോമിൽ യഥാവസരം എത്തിച്ചേരുകയുണ്ടായി.

## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

ഡോ: ഫ്രാൻസീസ് കളത്തറ
സെൻറ് ഷേരീസ് ഡിസ്പെൻസറി,
വടുതല

## മാനസാന്തര കാരണം

ബർമ്മായുടെ പശ്ചിമതീരത്തുള്ള ചോങ്ങ്താ ഗ്രാമത്തിലെ 500 പേരും ഇന്നു കത്തോലിക്കരാണ്. പ്രേതാരാധകരായ ചോങ്ങ്തായിലെ ജനങ്ങൾ, ബുദ്ധമതം പഠിക്കുന്നതിലേക്കു ചില ബുദ്ധസന്യാസിമാരെ കൂട്ടിക്കൊണ്ടുവരുന്നതിനായി ഒരു നിവേദകസംഘത്തെ മാൻഡലെയിലേക്കയച്ചു. പ്രേതാരാധകർക്കുള്ളതല്ല ബുദ്ധമതം എന്നായിരുന്നു സന്യാസിമാരുടെ മറുപടി. നിരാശരായ നിവേദകസംഘം നാട്ടിലേക്കു മടങ്ങുംവഴി, രാത്രിയിൽ ഒരു കത്തോലിക്കാ ഭവനത്തിൽ താമസിക്കേണ്ടിവന്നു. വിദേശികളുടെ സാന്നിദ്ധ്യത്തെ വകവെക്കാതെ ആ വീട്ടുകാർ കൃത്യസമയത്തുതന്നെ പതിവുള്ള നിശാപ്രാർത്ഥനകൾ നടത്തുകയുണ്ടായി. ഇതിൽ ആകൃഷ്ടരായ നിവേദകസംഘക്കാർ അവരുടെ മതമെന്താണെന്നു മനസ്സിലാക്കുകയും, നാട്ടിലെത്തി ആ വിവരം റിപ്പോർട്ടുചെയ്യുകയുംചെയ്തു. ഉടനെതന്നെ കത്തോലിക്കാമതം പഠിപ്പിക്കുന്നതിനു വേണ്ട പ്രബോധകരെ കിട്ടുവാനായി റംഗൂൺമെത്രാന്റെ അടുക്കലേക്ക് അവർ ആളയച്ചു. അതിന്റെ ഫലമായിട്ടാണ് ആ ഗ്രാമവാസികൾ കത്തോലിക്കരായതു.

## ഫിലിം നിരോധിച്ചു

ശാസ്ത്രത്തിന്റെയും കലയുടെയും പേരിൽ എന്തെല്ലാം വേണ്ടാതീനങ്ങളാണെന്നോ അടുത്തകാലത്തു പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ശസ്ത്രക്രിയവഴിയുള്ള ഒരു ശിശുവിന്റെ ജനനത്തെ കാണിക്കുന്ന ഒരു ഫിലിം ഈയിടെ അമേരിക്കയിൽ നിർമ്മിക്കുകയുണ്ടായി. ആ ചിത്രപ്രദർശനത്തിന്റെ ഫലം അധാർമ്മികമായിരിക്കുമെന്നുള്ള കാരണത്താൽ ന്യൂയോർക്ക് രൂപതയിലെ റേഡിയോ ആൻറ് ടെലിവിഷൻ ഡയറക്ടറായ ഫാദർ ടിമോത്തി ഫ്ളിൻ അതിന്റെ പ്രദർശനത്തെ ശക്തിയായി പ്രതിഷേധിക്കുകയുണ്ടായി. ന്യൂയോർക്ക് മെത്രാപ്പോലീത്താ കർദ്ദിനാൾ സ്പെൽമാൻ തിരുമനസ്സുകൊണ്ട് ഈ പ്രതിഷേധത്തെ ശക്തിയായി പിന്താങ്ങി. ഇപ്പോൾ അമേരിക്കയിൽ ടെലിവിഷൻവഴി ആ ചിത്രം പ്രദർശിപ്പിക്കുന്നതിനെ നിരോധിച്ചിരിക്കുന്നു.

## ഫാദർ മത്തെയോ ക്രൗലി

കുടുംബങ്ങളെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുന്നതിനു 1906-ൽ വിശുദ്ധ പത്താംപീയൂസ് മാർപ്പാപ്പായാൽ നിയോഗിക്കപ്പെട്ട ഫാ. മത്തെയോ ക്രൗലി 42 കൊല്ലങ്ങൾക്കുശേഷം തന്റെ ജന്മനാടായ വാൽപ്പാറായിസോ (ചില്ലി)യിൽ തിരിച്ചെത്തിയിരിക്കുന്നു. കഴിഞ്ഞ 10 കൊല്ലമായി കൃാനഡായിലെ ആശുപത്രികളിൽ അദ്ദേഹം ഒരു രോഗിയായി കഴിയുകയായിരുന്നു. തിരുഹൃദയപ്രതിഷ്ഠ പ്രോത്സാഹിപ്പിക്കുന്നതിനായി ലോകത്തിലെ മിക്കരാജ്യങ്ങളിലും തന്നെ അദ്ദേഹം സഞ്ചരിച്ചിട്ടുണ്ട്. ഈ ഭക്തി പ്രചരിപ്പിക്കുവാൻ സന്നദ്ധരായ സ്കൂൾകുട്ടികൾക്കുവേണ്ടി അദ്ദേഹം ഏർപ്പെടുത്തിയിട്ടുള്ള ഒരു സംഘടനയാണ് തിരുഹൃദയത്തിന്റെ താർസീസ്യന്മാർ. വിശുദ്ധകുർബാന എഴുന്നള്ളിച്ചുകൊണ്ടുപോകയാൽ കുപിതരായ അക്രൈസ്തവജനക്കൂട്ടത്താൽ വധിക്കപ്പെട്ട ഒരു റോമൻബാലനായ വിശുദ്ധ താർസീസിയൂസിൽനിന്നാണ് സംഘടനയ്ക്കു ഈ പേരു ലഭിച്ചിരിക്കുന്നതു. ഫാദർ മത്തെയോ ക്രൗലിക്കു ഇപ്പോൾ 80 വയസ്സു പ്രായമുണ്ട്.

—o—

## വിദേശവാർത്തകൾ

—തീർത്ഥകരുടെ സംഖ്യ പ്രതിവർഷം വർദ്ധിച്ചുവരുന്നതിനാൽ ലൂർദ്ദിൽ ഒരു ബ്രഹ്മാണ്ഡമായ അന്തർഭൗമികദേവാലയം പണികഴിപ്പിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. വിശുദ്ധ പത്താംപീയൂസിനു പ്രതിഷ്ഠിക്കപ്പെടുന്ന ഈ ദേവാലയത്തിൽ 20,000 പേർക്കു ഇരിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടായിരിക്കും. ഇതിന്റെ ചെലവിലേക്കു മാർപ്പാപ്പാതിരുമനസ്സുകൊണ്ട് 2000 പവൻ സംഭാവന നൽകിയിരിക്കുന്നു. ഇപ്പോൾ പ്രതിവർഷം ശരാശരി 20 ലക്ഷം തീർത്ഥകർ ലൂർദ്ദ് സന്ദർശിക്കുന്നുണ്ട്. ഗ്രോട്ടോയ്ക്കടുത്തു പാറതുരന്നായിരിക്കും ഈ അന്തർഭൗമികദേവാലയം പണിയുന്നതു.

—ആസ്ട്രിയായിലെ പ്രമുഖപത്രപ്രവർത്തകനായ ഡോക്ടർ ഫ്രീഡ്‌റിച്ച് ഫണ്ടർ തന്റെ ഡോക്ടർ ബിരുദം ഈയിടെ നവീകരിക്കുകയുണ്ടായി. 83 വയസ്സു പ്രായമുള്ള അദ്ദേഹം 60 കൊല്ലം മുൻപാണ് വിയെന്നാസർവ്വകലാശാലയിൽനിന്നു നിയമത്തിൽ ഡോക്ടർ ബിരുദമെടുത്തതു. 60-ാംവാർഷികം ബിരുദത്തിനുള്ള സാക്ഷ്യപത്രം വളരെ ആഘോഷപൂർവ്വം നൽകുകയുണ്ടായി. യൂറോപ്പിലേക്കും പ്രമുഖമായ ഒരു ദിനപത്രം അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. നാസികൾ അതു കണ്ടുകെട്ടുകയും അദ്ദേഹത്തെ കുപ്രസിദ്ധമായ ഡാച്ചു തടങ്കൽപാളയത്തിൽ അടയ്ക്കുകയും ചെയ്തു. 7 കൊല്ലത്തെ ദുരിതപൂർണ്ണമായ ജീവിതത്തിനുശേഷം അദ്ദേഹം മുക്തനായി. അതിൽപിന്നെ ഒരു കത്തോലിക്കാവാരിക അദ്ദേഹം നടത്തിക്കൊണ്ടിരിക്കയാണ്.

—ഓക്സ്ഫോർഡിലെ പ്രോട്ടസ്റ്റൻറു മെത്രാനായിരുന്ന ബിഷപ്പ് ബോർണ്ണ്ഡ് വിശുദ്ധ കുർബാനയിലെ ദിവ്യസാന്നിദ്ധ്യസിദ്ധാന്തത്തെ പരസ്യമായി അവഹേളിച്ചതിനു പ്രായശ്ചിത്തമായി 1928 മുതൽ ബർമ്മിങ്ങാമിലെ കത്തോലിക്കർ ആചരിച്ചുവരുന്ന ഒരു പരിഹാരപ്രവൃത്തിയാണ് ഈസ്റ്റർ കഴിഞ്ഞുവരുന്ന തിങ്കളാഴ്ചത്തെ പരസ്യദിവ്യകാരുണ്യസ്വീകരണം. ഇക്കൊല്ലം ഇതിൽ സംബന്ധിച്ചവരുടെ സംഖ്യ ദേവാലയത്തിൽ കൊള്ളാത്തവണ്ണം അധികമായിരുന്നതിനാൽ, ദേവാലയമുററത്തും ആളുകൾ മുട്ടുകുത്തിയിരുന്നു.

—കഴിഞ്ഞ മൂന്നു മാസമായി അർജൻറീനായിൽ പിള്ളവാതത്തിന്റെ ആക്രമണം വളരെ ശക്തിപ്പെട്ടിരിക്കയാണ്. ഈ രോഗത്തെ തടയുന്നതിനും, രോഗത്തിനധീനരായ കുട്ടികളുടെ ജീവിതം സുഖപ്രദമാക്കുന്നതിനും ബ്യൂനോസ് അയേഴ്സിലെ കത്തോലിക്കാപ്രവർത്തകസംഘം ഊർജ്ജിതമായ നടപടികളെടുത്തുവരുന്നു. ഇതിൽ തനിക്കുള്ള സന്തോഷസൂചകമായി പരിശുദ്ധ പിതാവു് തിരുമനസ്സുകൊണ്ടു 850 പവൻ സഹായധനമായി അയച്ചുകൊടുത്തിരിക്കുന്നു.

—കഴിഞ്ഞ കൊല്ലം ചാനൽ നീന്തിക്കടന്ന 17 വയസ്സു പ്രായമുള്ള മേരിലിൻ ബെൽ എന്ന കൃാനഡാക്കാരിയായ വിദ്യാർത്ഥിനിയെ ടൊറൻടോയിൽവെച്ചു കത്തോലിക്കാസഭയിൽ സ്വീകരിച്ചിരിക്കുന്നു.

—മേയ് 1-ാംതീയതി പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു ലോകത്തിലെ തൊഴിലാളികൾക്കായി ഒരു സന്ദേശം വത്തിക്കാൻ റേഡിയോ മുഖാന്തിരം പ്രക്ഷേപണം ചെയ്യുന്നതാണ്.

—ലണ്ടനിൽ വുഡ്ചെസ്റ്റർ സ്ട്രീററിൽ മഗ്ദലനമറിയത്തിന്റെ നാമത്തിലുള്ള ആംഗ്ലോ-കത്തോലിക്ക എന്ന പ്രോട്ടസ്റ്റൻറു പള്ളിയുടെ വികാരിയായ റവ. എച്ച്. തോൺടൺ കത്തോലിക്കാസഭയിൽ പ്രവേശിച്ചിരിക്കുന്നു. അവിവാഹിതനായ അദ്ദേഹം ഒരു കത്തോലിക്കാവൈദികനാകുവാനാണ് ആഗ്രഹിക്കുന്നതു.

—അനാഭിലഷണീയമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവെന്ന കാരണത്താൽ യു. എൻ. ഒ. യിലെ സോവ്യററ് ഡെലിഗേഷനിൽപെട്ട രണ്ടു ഉദ്യോഗസ്ഥന്മാരെ അമേരിക്കൻ ഗവമ്മെന്റ് അമേരിക്കയിൽനിന്നു പുറത്താക്കിയിരിക്കുന്നു. അമേരിക്കയിൽ അഭയം പ്രാപിച്ച 5 സോവ്യററ് മത്സ്യം പിടുത്തക്കാരെ റഷ്യയിലേക്കു കടത്തിക്കൊണ്ടുപോകുവാൻ ഗൂഢാലോചന നടത്തിയെന്നാണ് ഇവരുടെ പേരിലുള്ള കേസ്.

—ഇന്നത്തെ ചുററുപാടിൽ സോവ്യററ് നേതാക്കന്മാർ അമേരിക്ക സന്ദർശിക്കുന്നുണ്ടെങ്കിൽ ഏതെങ്കിലും ഗുണം സിദ്ധിക്കുവാൻ പോകുന്നതായി താൻ കരുതുന്നില്ലെന്നു പ്രസിഡൻറ് ഐസനോവർ പ്രസ്താവിച്ചിരിക്കുന്നു.

വാരാന്ത്യവീക്ഷണം

# ആംഗ്ലോ_സോവ്യററ് സംഭാഷണങ്ങൾ

റഷ്യൻനേതാക്കന്മാരായ ബുൾഗാനിൻേറയും ക്രൂഷ്ചേവിൻേറയും ബ്രിട്ടൻസന്ദർശനം കഴിഞ്ഞ വെള്ളിയാഴ്ചകൊണ്ടവസാനിച്ചിരിക്കുന്നു. ബ്രിട്ടീഷ്ഗവൺമെൻറും റഷ്യൻനേതാക്കന്മാരുമായി നടന്ന രാഷ്ട്രീയസംഭാഷണങ്ങളുടെ ഫലം ഒരു സംയുക്തകമ്മ്യൂണിക്കേമുഖേന പുറത്തുവന്നിട്ടുണ്ട്. സംഭാഷണങ്ങൾ പൊതുവെ പറഞ്ഞാൽ വിജയകരമായിരുന്നില്ല. റഷ്യൻനേതാക്കന്മാർ അഭിലഷിച്ചിരുന്ന ആനുകൂല്യങ്ങളൊന്നും ബ്രിട്ടൻ അനുവദിച്ചുകൊടുത്തിട്ടില്ലെന്നു കമ്മ്യൂണിക്കേ വ്യക്തമാക്കുന്നുണ്ട്. നാടകീയമായ രണ്ടു പ്രഖ്യാപനങ്ങളെ തുടർന്നാണ് റഷ്യൻനേതാക്കന്മാർ ബ്രിട്ടൻ പര്യടനമാരംഭിച്ചത്. കോമിൻഫോം പിരിച്ചുവിട്ടതും, മദ്ധ്യപൂർവ്വദേശത്ത് സമാധാനം പരിപാലിക്കുന്നതിനു പശ്ചിമരാഷ്ട്രങ്ങൾക്കു റഷ്യ സഹകരണം വാഗ്ദാനംചെയ്തതുമാണ് ഈ പ്രഖ്യാപനങ്ങൾ. ഈ പ്രഖ്യാപനങ്ങളുടെ ഫലമായി ബ്രിട്ടനിൽനിന്നും ഉദാരമായ ഒരു സമീപനം റഷ്യ പ്രത്യാശിച്ചിരുന്നു. പ്രധാനമായി വ്യാപാരവികസനത്തിൽ ബ്രിട്ടൻ റഷ്യയുടെ അഭിലാഷങ്ങൾക്കു വഴങ്ങിക്കൊടുക്കുമെന്നു റഷ്യൻനേതാക്കന്മാർ ആഗ്രഹിച്ചിരുന്നു. സമരപ്രാധാന്യമുള്ള സാധനങ്ങൾ കമ്മ്യൂണിസ്റ്റ്രാജ്യങ്ങളിലേക്കു കയററി അയക്കരുതെന്നു പശ്ചിമരാഷ്ട്രങ്ങളിൽ ഒരു നിരോധനം നിലവിലിരിപ്പുണ്ട്. ഇതെന്നു മാററിക്കിട്ടിയാൽ കൊള്ളാമെന്നു റഷ്യ ആഗ്രഹിക്കുന്നുണ്ട്. കച്ചവടവികസനത്തെ സംബന്ധിച്ചുള്ള നിയന്ത്രണങ്ങൾ ഉപേക്ഷിച്ചാൽ അടുത്ത അഞ്ചുവർഷക്കാലത്തു് 100 കോടി പവൻ വിലയുള്ള സാധനങ്ങൾ ബ്രിട്ടനിൽനിന്നും റഷ്യ വാങ്ങിക്കൊള്ളാമെന്നു റഷ്യൻനേതാക്കന്മാർ ബ്രിട്ടനു വാഗ്ദാനം നൽകിയിട്ടുണ്ട്. പക്ഷെ നിലവിലുള്ള നിയന്ത്രണങ്ങൾ നീക്കുവാൻ ബ്രിട്ടൻ വിസമ്മതിക്കയാണു ചെയ്തത്. ആംഗ്ലോ-സോവ്യററ് സംഭാഷണങ്ങളിലെ മറെറാരു വിഷയം രണ്ടു രാജ്യങ്ങളും തമ്മിലുള്ള സമ്പർക്കവികസനമായിരുന്നു. ഈ വിഷയത്തിലും നേതാക്കന്മാർക്കു ഒരു പ്രായോഗൈക്യമുണ്ടായിട്ടില്ല. മറെറാരു സംഭാഷണവിഷയം മദ്ധ്യപൂർവ്വപ്രദേശമായിരുന്നു. അറബിരാഷ്ട്രങ്ങളും ഇസ്രായേലും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനു ഐക്യരാഷ്ട്രസംഘടന സ്വീകരിക്കുന്ന നടപടികൾക്കു റഷ്യയും ബ്രിട്ടനും പിന്തുണ നൽകേണ്ടതാണെന്നു് ആംഗ്ലോ-റഷ്യൻ നേതാക്കന്മാർ നിശ്ചയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ അഭിപ്രായൈക്യമുണ്ടായെങ്കിലും റഷ്യയുടെ യഥാർത്ഥ നയമെന്തായിരിക്കുമെന്നു് ഇപ്പോൾ നിശ്ചയിക്കാവുന്നതല്ല. ഐക്യരാഷ്ട്രസംഘടനയുടെ നടപടികൾ പുരോഗമിക്കുമ്പോൾ മാത്രമേ അതു നിശ്ചയിക്കാവൂ. നിരായുധീകരണമായിരുന്നു മറെറാരു സംഭാഷണവിഷയം. രാജ്യാന്തരനിയന്ത്രണത്തിനു വിധേയമായി രാജ്യങ്ങൾ സായുധസേനയെ കുറയ്ക്കുന്നതിനും സായുധസേനയിൽ വരുത്തുന്ന കുറവിനനുസരണമായി ആയുധങ്ങൾ കുറയ്ക്കുന്നതിനും പ്രാരംഭനടപടികൾ ആരംഭിക്കുന്നതിനു വേണ്ട കരാറുണ്ടാക്കേണ്ടതിൻെറ ആവശ്യം രണ്ടു രാജ്യങ്ങളും അംഗീകരിക്കുന്നുണ്ട്. ഈ പ്രശ്നം സംബന്ധിച്ച് ഒത്തുതീർപ്പുണ്ടാക്കുന്നതിനു ഐക്യരാഷ്ട്രസംഘടനയുടെ നിരായുധീകരണസബ്കമ്മീഷൻ പരിശ്രമങ്ങൾ തുടരേണ്ടതാണെന്നാണ് ആംഗ്ലോ-സോവ്യററ് നേതാക്കന്മാർ തീരുമാനിച്ചത്. ചുരുക്കിപ്പറഞ്ഞാൽ, വ്യാപാരവികസനം, സമ്പർക്കവികസനം, മദ്ധ്യപൂർവ്വപ്രദേശം, നിരായുധീകരണം എന്നീ നാലു പ്രധാനപ്രശ്നങ്ങളെപ്പററി ആംഗ്ലോ-സോവ്യററ് നേതാക്കന്മാർ ചർച്ചകൾ നടത്തിയെങ്കിലും, ഏതെങ്കിലും പുതിയതായ ഒരു തീരുമാനമോ സമീപനമോ ആവിഷ്കരിക്കുന്നതിനു അവർക്കു സാധിച്ചില്ല. ആംഗ്ലോ-റഷ്യൻ സംഭാഷണങ്ങളുടെ ഫലം വളരെ പരിമിതമാണെന്നുള്ള പരമാർത്ഥം ബ്രിട്ടീഷ്കേന്ദ്രങ്ങളും റഷ്യൻകേന്ദ്രങ്ങളും മറച്ചുവച്ചിട്ടില്ല. അമേരിക്കയോടും ഇതരബന്ധുരാജ്യങ്ങളോടുമുള്ള ബ്രിട്ടൻെറ നിലയിൽ മാററമൊന്നും വന്നിട്ടില്ലെന്നു കാണുന്നതിൽ അമേരിക്കൻകേന്ദ്രങ്ങൾ സന്തോഷിക്കുന്നുണ്ട്. റഷ്യയിൽ അടുത്തകാലത്തുണ്ടായ പരിവർത്തനങ്ങൾക്കു വലിയ പ്രാധാന്യമൊന്നും ബ്രിട്ടീഷ്നേതാക്കന്മാർ കൊടുത്തിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. കഴിഞ്ഞകാലത്തെ സംഭവങ്ങൾ അത്രവേഗം മറക്കുന്നതിനു ബ്രിട്ടനു സാധിച്ചിട്ടില്ല. റഷ്യൻനയത്തിലുണ്ടാകുന്ന പരിവർത്തനങ്ങൾക്കു എത്രമാത്രം കഴമ്പുണ്ടെന്നും മാർക്സിയൻതത്വസംഹിതയിൽ അടിയുറച്ച സോവ്യററ് നേതാക്കന്മാരുടെ വാക്കുകൾ മുഖവിലയ്ക്കു സ്വീകരിക്കാമോയെന്നും ബ്രിട്ടീഷ്നേതാക്കന്മാർ ഇതുവരെ ഉറച്ചുകഴിഞ്ഞിട്ടില്ല.

## ഇന്ത്യാഗവൺമെൻറിൻെറ വ്യവസായനയം

1948-ലെ വ്യവസായനയപ്രഖ്യാപനത്തിൽ ചില മാററങ്ങൾ വരുത്തുവാൻ ഇന്ത്യാഗവൺമെൻറു തീരുമാനിച്ചിട്ടുണ്ട്. ഇതിനെപ്പററി ഒരു പ്രഖ്യാപനം ഉടനെ ഉണ്ടാകുന്നതാണ്. പ്രധാനമന്ത്രി മി. നെഹ്രുതന്നെയാണ് പുതിയ നയപ്രഖ്യാപനം തയാറാക്കിയിട്ടുള്ളത്. 1948-ലെ നയപ്രഖ്യാപനത്തെക്കാൾ വളരെ കൂടുതൽ സോഷ്യലിസ്റ്റ് സ്വഭാവമുള്ളതാണ് പുതിയ നയം. പുതിയ നയമനുസരിച്ച് വ്യവസായങ്ങളെ മൂന്നു തരങ്ങളായി തിരിക്കുന്നതാണ്. ഒന്നാംതരത്തിൽപെട്ട വ്യവസായങ്ങളെല്ലാം ഗവൺമെൻറിനു മാത്രം നടത്തുവാൻ അവകാശമുള്ളതാണ്. 16 വ്യവസായങ്ങളെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇരുമ്പ്, ഉരുക്കു മുതലായ അടിസ്ഥാനവ്യവസായങ്ങളെല്ലാം ഈ ഇനത്തിൽ പെടുന്ന ഗവൺമെൻറു കുത്തകകളായിരിക്കും. രണ്ടാമത്തെ വിഭാഗത്തിൽ 12 വ്യവസായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡ്ഗതാഗതം, കപ്പൽഗതാഗതം, ഔഷധനിർമ്മാണം മുതലായ 12 വ്യവസായങ്ങൾ കാലക്രമേണ ഗവൺമെൻറുടമയിൽ കൊണ്ടുവരുന്നതാണെങ്കിലും തല്ക്കാലം ഇവയുടെ വികസനത്തിനു് സ്വകാര്യവ്യവസായികൾക്കു സ്വാതന്ത്ര്യവും സ്ഥാനവുമനുവദിക്കുന്നതാണ്. മററു വ്യവസായങ്ങളെല്ലാം മൂന്നാംതരത്തിൽ ഉൾപ്പെടുത്തിയിരിക്കയാണ്. ഈ വിഭാഗത്തിലെ വ്യവസായങ്ങൾ നടത്തുന്നതിനു സ്വകാര്യവ്യക്തികൾക്കു സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്. എന്നാൽ രാഷ്ട്രത്തിൻെറ സാമ്പത്തികവും സാമൂഹ്യവുമായ നയങ്ങൾക്കു പൊരുത്തപ്പെട്ടവിധത്തിലായിരിക്കണം സ്വകാര്യവ്യക്തികൾ വ്യവസായങ്ങൾ നടത്തുവാൻ. ഇങ്ങനെയുള്ള വ്യവസായങ്ങൾക്കു വ്യവസായവികസനനിയമത്തിൻെറ നിയന്ത്രണമുണ്ടായിരിക്കുന്നതുമാണ്. ഇന്ത്യാഗവൺമെൻറിൻെറ സാമ്പത്തികനയം ഒരു സോഷ്യലിസ്റ്റ് സാമുദായികവ്യവസ്ഥ സ്ഥാപിക്കുവാനാണെന്നു മി. നെഹ്രു പറയാറുള്ളതു് നൂറുശതമാനവും നടപ്പിൽവരുത്തണമെന്നും അതിനു കാലതാമസം വന്നുകൂടെന്നും അദ്ദേഹത്തിനു നിർബന്ധമുണ്ടെന്നുള്ളതിനു പുതിയ വ്യവസായനയപ്രഖ്യാപനം മതിയായ തെളിവായിരിക്കും. പക്ഷെ ഇതെല്ലാം നടത്തുവാനുള്ള കഴിവ് ഗവൺമെൻറിനുണ്ടോയെന്നുള്ളതു മറെറാരു പ്രശ്നമാണ്.

## ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി

പാലക്കാട്ടുവച്ചു നടന്ന ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നാലാമതുകോൺഗ്രസ് തീരുമാനിച്ചതു് മി. നെഹ്രുവിൻെറ കോൺഗ്രസ്ഗവൺമെൻറിൻെറ വിദേശനയത്തെ അംഗീകരിക്കുവാനും, ആഭ്യന്തരനയത്തിനു സോപാധികമായ പിന്തുണ നൽകുവാനുമാണ്. നെഹ്രുഗവൺമെൻറിൻെറ ആഭ്യന്തരനയത്തിനു പരിപൂർണ്ണപിന്തുണ നൽകേണ്ടതാണെന്നുള്ള അഭിപ്രായം പുറപ്പെടുവിച്ച മുൻജനറൽസിക്രട്ടറി മി. പി. സി. ജോഷിയോട് കോൺഗ്രസ് പ്രതിനിധികളിൽ മൂന്നിലൊരുഭാഗം യോജിച്ചിരുന്നു. എന്നാൽ കേന്ദ്രകമ്മിററിയിലെ മുപ്പതു അംഗങ്ങളിൽ ഭൂരിപക്ഷവും മി. ജോഷിക്കെതിരായിരുന്നു. ഇപ്പോഴത്തെ ജനറൽസിക്രട്ടറി മി. അജയഘോഷിൻെറ "തിസീസ്" അഥവാ പ്രമാണപ്രമേയമാണ് കോൺഗ്രസ് സ്വീകരിച്ചതു്. മി. പി. സി. ജോഷിയും അനുയായികളും കമ്മ്യൂണിസ്റ്റു പാർട്ടിയിൽനിന്നും രാജിവച്ച് ഒരു പുതിയ പാർട്ടി ആരംഭിക്കുമെന്നും, കോൺഗ്രസിലെ ചില ഇടതുപക്ഷക്കാരും, മി. രാം മനോഹർ ലോഹിയായുടെ സോഷ്യലിസ്റ്റു ഗ്രൂപ്പുകാരും ഈ പാർട്ടിയിൽ ചേരുവാൻ ഇടയുണ്ടെന്നും പറയപ്പെടുന്നുണ്ട്. ഇപ്പോൾ സ്വീകരിക്കുന്ന തിസീസ് അനുസരിച്ച് നെഹ്രുവിൻെറ ആഭ്യന്തരനയത്തെ കമ്മ്യൂണിസ്റ്റുകാർക്ക് ആവശ്യമനുസരിച്ചു ആക്ഷേപിക്കാവുന്നതാണ്. തൊഴിലാളികളുടേയും ഗിരിജനങ്ങളുടേയും കഷ്ടപ്പാടുകളെ ചൂഷണംചെയ്യണമെങ്കിൽ ഗവൺമെൻറിനെ അനുസ്യൂതം കുററപ്പെടുത്തേണ്ടതു് ആവശ്യമാണെന്നു വിചാരിക്കുന്നവരാണ് കമ്മ്യൂണിസ്റ്റുനേതാക്കന്മാരിൽ ഭൂരിപക്ഷവും. പഞ്ചവത്സരപദ്ധതികൾമൂലമായും മററും രാഷ്ട്രത്തിൻെറ നാനാവിധത്തിലുള്ള അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന മി. നെഹ്രുവിൻെറ നയത്തിനു പരിപൂർണ്ണമായ പിന്തുണനൽകി വർഗ്ഗീയവാദികളും സ്ഥാപിതതാല്പര്യക്കാരുമായ ചില പ്രബലകോൺഗ്രസ് വിഭാഗങ്ങളുടെ സ്വാധീനം കുറയ്ക്കുവാൻ കമ്മ്യൂണിസ്റ്റ്പ്രമാണികൾ ശ്രമിച്ചിരുന്നെങ്കിൽ അതു പുരോഗമനപരമായി കണക്കാക്കാമായിരുന്നു.

ആലേങ്ങാടൻസ്സ് വെസ്സൽസ് ഹൗസ്

ഓട്ട്, ചെമ്പ്, പിച്ചള, അലുമിനിയം, സ്റ്റെയിൻലെസ്സ് സ്റ്റീൽ പാത്രങ്ങൾ.

റാണാവു് & മാർക്കററ്

ഇരിഞ്ഞാലക്കുട

Pro. A. K. പൗലോസ്

(ആലേങ്ങാടൻ)

# ബാലദിനം

[മേയ് 13]

കുട്ടികളുടെ പാപ്പായെന്നറിയപ്പെടുന്ന വി. പത്താംപീയൂസ് ബാലഹൃദയങ്ങളെ ശരിയായ വിധത്തിൽ കരുപ്പിടിപ്പിക്കുവാൻ വളരെയധികം പരിശ്രമിച്ചിട്ടുണ്ട്. ദൈവബോധത്തിലും മതചൈതന്യത്തിലും കുട്ടികളെ വളർത്തിക്കൊണ്ടു വരുവാൻ അവിടുന്നു ഏർപ്പെടുത്തിയിട്ടുള്ള പരിഷ്കാരങ്ങൾ പ്രസിദ്ധങ്ങളാണ്. ഭാവിലോകം അവരുടെ ആദർശങ്ങൾ അനുസരിച്ചായിരിക്കും വർത്തിക്കുക എന്നു തിരുമനസ്സുകൊണ്ടു മനസ്സിലാക്കിയിരുന്നു. ഇന്നു ഭാഗ്യമോടെ തിരുസിംഹാസനത്തിൽ വാണരുളുന്ന പന്ത്രണ്ടാംപീയൂസ് പാപ്പാ കുട്ടികളോടു പ്രദർശിപ്പിക്കുന്ന സ്നേഹം ശ്രദ്ധാർഹമാണ്. നീതിബോധത്തിലും കൃത്യനിഷ്ഠയിലും ആദ്ധ്യാത്മികതത്വത്തിലും അടിയുറച്ച് വിശ്വസിക്കുന്ന ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കുവാൻ കത്തോലിക്കാതിരുസ്സഭ സദാ പരിശ്രമിക്കുന്നു. കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ മാതാപിതാക്കന്മാർക്കുള്ള ഗൗരവമേറിയ കടമയെപ്പററി സഭാദ്ധ്യക്ഷന്മാർ പലപ്പോഴും ഉൽബോധിപ്പിക്കാറുള്ളതിൻെറ കാരണവും ഇതാണ്. ബ. വൈദികർ ബാലസംഘങ്ങൾ തങ്ങളുടെ ഇടവകകളിൽ സ്ഥാപിച്ചു നടത്തുന്നതിൻേറയും ഉദ്ദേശം വേറൊന്നല്ല. ഫാത്തിമാബാലസംഘത്തിൻെറ ഉടലെടുപ്പിനു പ്രചോദനം നൽകിയതും ഈ വസ്തുതകൾതന്നെയാണ്.


ഫാത്തിമാബാലസംഘം ബാലദിനത്തെ ഗൗരവത്തോടെ വീക്ഷിക്കുന്നു. കാരണം, ബാല്യത്തിൽ പിഞ്ചുഹൃദയങ്ങളിൽ രൂപം കൊള്ളുന്ന ആശയാദർശങ്ങളായിരിക്കും ബഹുഭൂരിപക്ഷത്തിൻേറയും ജീവിതത്തിൽ സ്വാധീനം ചെലുത്തുകയെന്ന വസ്തുത മാതാപിതാക്കന്മാരെ ഗ്രഹിപ്പിക്കുവാൻ ഈ അവസരം പ്രയോജനപ്പെടുന്നതാണ്. ബാലികാബാലന്മാരിൽ ലീനമായിക്കിടക്കുന്ന കഴിവുകളെ വളർത്താനും വികസിപ്പിക്കുവാനും ഇപ്രകാരമുള്ള ദിനങ്ങൾ സഹായിക്കുന്നു. മാത്രമല്ല, അവരിൽസഹകരണചിന്ത ദൃഢമൂലമാക്കുന്നതിനും സംഘടിതപ്രവർത്തനങ്ങൾക്കു ആവേശം പകരുന്നതിനും ബാലദിനം ഉപകരിക്കുന്നതാണ്.

ഫാത്തിമായിൽ പ്രതിധ്വനിച്ച പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിൻേറയും സന്ദേശം സ്വീകരിച്ചുകൊണ്ട് കുട്ടികളെ മാതാവിൻെറ ഓമനമക്കളാക്കി വളർത്തുവാനാണ് സംഘം പരിശ്രമിക്കുന്നതു്. ലോകത്തെ ദൈവത്തിങ്കലേക്കു് പിന്തിരിപ്പിക്കുവാൻ കുട്ടികളെ വെല്ലുന്ന ഒരു ശക്തിയില്ല. മാതാവ് ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടു ആശയുടെ— ലോകസമാധാനത്തിൻേറയും മാനസാന്തരത്തിൻേറയും— സന്ദേശം മൂന്നു കുട്ടികൾ വഴിയാണു ലോകത്തിനു നൽകിയതു്.

എല്ലാം കൊല്ലവും മേയ്മാസം രണ്ടാം ഞായറാഴ്ചയാണ് ബാലദിനമായി സംഘം ആഘോഷിക്കുന്നതു്. ആ ദിവസം വിവിധ പരിപാടികൾ കൊണ്ടു മോടിപിടിപ്പിക്കുവാൻ സംഘത്തിനു പദ്ധതികളുണ്ട്. കുട്ടികളുടെ കുർബാന, കായികമത്സരങ്ങൾ, റാലി, സമ്മേളനം എന്നിവ അവയിൽ ചിലതുമാത്രമാണ്. ബാലികാബാലന്മാരുടെ സ്വഭാവരൂപീകരണത്തിൽ അതീവം ശ്രദ്ധിക്കുന്ന ഫാത്തിമാബാലസംഘത്തിൻെറ പ്രവർത്തനങ്ങളിൽ ഏവരുടേയും സഹായസഹകരണങ്ങൾ ഇത്തരുണത്തിൽ ഞങ്ങൾ സാദരം അഭ്യർത്ഥിക്കുന്നു.

ഫാത്ത്മാ ബാലസംഘം

ഇരിഞ്ഞാലക്കുട



# പ്രകാശത്തെ നിഷേധിക്കുന്ന ഒരു ലോകത്തിൽ പ്രകാശത്തിന്റെ പുത്രികളാകുവിൻ

### കത്തോലിക്കായുവതികളോടു് മാർപ്പാപ്പായുടെ ഉദ്ബോധനം

കത്തോലിക്കാ യുവതികളുടെ ലോകഫെഡറേഷന്റെ ദ്വൈവാർഷികകോൺഗ്രസ്സ് ഈയിടെ റോമയിൽ സമ്മേളിച്ചപ്പോൾ ലോകത്തിലെ 35 രാജ്യങ്ങളിൽ നിന്നുള്ള 1400 പ്രതിനിധികൾ അതിൽ സംബന്ധിച്ചിരുന്നു. ഫ്രഞ്ചു് ഇക്വറ്റോറിയൽ ആഫ്രിക്കാ, സെനഗൽ, അപ്പർവോൾട്ടാ, ഇന്ത്യ, ആസ്ട്രേലിയാ, ക്യാനഡാ, അമേരിക്ക, ചില്ലി, കൊളംബിയാ, മെക്സിക്കോ, വെനിസുലാ, ജർമ്മനി, ഇംഗ്ലണ്ടു്, ആസ്ട്രിയാ, ബെൽജിയം, സ്പെയിൻ, ഫ്രാൻസ്, അയർലൻഡ്, ഇറ്റലി, ലക്സംബർഗ്ഗ്, മൊണോക്കോ, നെതർലൻഡ്സ്, പോർട്ടുഗൽ മുതലായ രാജ്യങ്ങളിൽനിന്നും, ലിത്വാനിയാ, പോളണ്ടു്, റഷ്യ എന്നീ കമ്മ്യൂണിസ്റ്റധീനരാജ്യങ്ങളിൽനിന്നുള്ള അഭയാർത്ഥികളിൽനിന്നും പ്രതിനിധികൾ ഈ കോൺഗ്രസിൽ സംബന്ധിച്ചിരുന്നു. ഇൻഡ്യയെ പ്രതിനിധീകരിച്ചിരുന്നതു ചങ്ങനാശേരി സ്വദേശിനിയും, ഗുണ്ടൂർ വിമൻസ് കോളേജ് പ്രിൻസിപ്പലുമായ മിസ് മേരി പോത്തൻ (നെടിയകാലാപ്പറമ്പിൽ) എം. എ. യായിരുന്നു.

കോൺഗ്രസിന്റെ സമാരംഭദിനമായ ഏപ്രിൽ 3-ാം തീയതി വേൾഡ് ഫെഡറേഷന്റെ ചാപ്ലിനായ മോൺ: ഡോക്ടർ എ. സി. റാംസ്ക്ലീയർ സെൻറു് പീറ്റേഴ്സ് ബസ്ലിക്കായിൽ അർപ്പിച്ച ദിവ്യപൂജയോടുകൂടി കോൺഗ്രസ് സമാരംഭിച്ചു. ദിവ്യപൂജാനന്തരം കോൺഗ്രസിൽ സംബന്ധിക്കുന്ന പ്രതിനിധികൾ പാപസങ്കീർത്തനാൾത്താരയുടെ മുൻപിൽ മുട്ടുകുത്തി, ഒരേസ്വരത്തിൽ വിശ്വാസപ്രമാണം ആലപിക്കുകയുണ്ടായി. തുടർന്നു പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു് അവർക്കു സന്ദർശനമനുവദിക്കുകയും വികാരനിർഭരമായ ഭാഷയിൽ അവരോടു ഒരു പ്രഭാഷണം ചെയ്യുകയുംചെയ്തു.

അവിസ്മരണീയമായ ആ സന്ദർശനവേളയിൽ തിരുമേനി ആ 1400 പ്രതിനിധികളേയും അവരുടെ പ്രവർത്തനങ്ങളേയും അനുഗ്രഹിക്കുകയുണ്ടായി. ഓരോ രാജ്യത്തിൽനിന്നുമുള്ള പ്രധാന പ്രതിനിധികളും എക്സിക്യൂട്ടീവ് കമ്മിററിയംഗങ്ങളും തിരുമനസ്സിലെ തൃപ്പാദങ്ങളിൽ മുട്ടുകുത്തി അവിടുത്തെ പ്രത്യേകമായ പൈതൃകാശീർവാദങ്ങളും പ്രോത്സാഹനങ്ങളും സ്വീകരിക്കുകയുണ്ടായി.

ഫെഡറേഷന്റെ പ്രൊട്ടക്ടറായ കർദ്ദിനാൾ പിസ്സാർഡോ തിരുമേനിയാണു ഉൽഘാടനസമ്മേളനത്തിൽ ആദ്ധ്യക്ഷംവഹിച്ചതു്. വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തെ ഒരു ആദ്ധ്യാത്മികാടിസ്ഥാനത്തിൽ കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകതയെ ഊന്നിപ്പറഞ്ഞുകൊണ്ടുള്ളതായിരുന്നു തിരുമനസ്സിലെ പ്രസംഗം. അനേകം വൈദികമേലദ്ധ്യക്ഷന്മാരും, വിവിധ നയതന്ത്രപ്രതിനിധികളും സർവ്വരാജ്യകത്തോലിക്കാസംഘടനകളുടേയും ഇററാലിയൻ കത്തോലിക്കാപ്രവർത്തനസംഘത്തിന്റേയും പ്രതിനിധികളും ഈ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഈ സമ്മേളനത്തിൽ പ്രസംഗിക്കുകയുണ്ടായി. ഇൻഡ്യൻ പ്രതിനിധിയായ മിസ് മേരി പോത്തൻ ഇംഗ്ലീഷിൽ ഒരു പ്രസംഗംചെയ്തു. മററു പ്രസംഗകർ മിസ് ഡൊറോത്തി വിൽമാൻ (അമേരിക്ക), മാഡം നോൾട്ടു് (ക്യാനഡാ), ജൂലിത്താ ഡയാസ് (വെനിസുലാ), എവുജിനി ഡെംബെ (ഫ്രാൻസ്), എം. എച്ചു്. സി. വെൻഡ്റിക്കു് (നെതർലൻഡ്സ്) എന്നിവരായിരുന്നു.

വിവിധരാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളുടെ പേരുകൾ വായിക്കപ്പെട്ടപ്പോൾ സമ്മേളനഹാൾ ഹർഷാരവംകൊണ്ടു മുഖരിതമായി. എന്നാൽ കമ്മ്യൂണിസ്റ്റധീനരാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളുടെ പേരുവിളിച്ചപ്പോൾ സമ്മേളനം യഥാർത്ഥത്തിൽ വികാരാധീനമായിത്തീർന്നു. ചില രാജ്യങ്ങളിൽ നടമാടുന്ന മതപീഡനത്തെ പ്രതിഷേധിച്ചു് കോൺഗ്രസിൽനിന്നും ഐക്യരാഷ്ട്രസമിതിക്കു് ഒരു കമ്പിസന്ദേശം അയക്കുകയുണ്ടായി. തുടർന്നു പത്തിക്കാൻ വികാരിജനറാളായ മോൺ: വാൻലിർഡെ പണ്ഡിതോചിതമായ ഒരു പ്രസംഗംചെയ്തു. അനന്തരം കോൺഗ്രസ് പല ഗ്രൂപ്പുകളായി തിരിയുകയും, "ഇന്നത്തെ യുവലോകം ആദ്ധ്യാത്മികവിഷയങ്ങളെപ്പററി എന്തു വിചാരിക്കുന്നു" എന്ന കോൺഗ്രസിന്റെ ചർച്ചാവിഷയത്തെപ്പററി പഠനംനടത്തുകയും ചെയ്തു.

---

**കാർമ്മൽ അപ്പസ്തോലിക്കു് സ്കൂൾ**
**എറണാകുളം**

കർമ്മലീത്താ നിഷ്പാദുക ഒന്നാംസഭയിൽ ചേർന്നു് പ്രാർത്ഥനാപരവും അനുസരണം ആവശ്യപ്പെടുന്ന പ്രേഷിതവേലകൾ കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ ചെയ്തുകൊണ്ടുമുള്ള ജീവിതം നയിക്കുവാനാഗ്രഹിക്കുന്ന സ്കൂൾഫൈനൽ & കോളേജ് വിദ്യാർത്ഥികൾ നേരത്തെ അപേക്ഷിക്കുക.

The Rev. Fr. Director.
Carmel Ap: School
St. Teresa's Monastery,
Banerji Road, Ernakulam-1

---

പ്രതിനിധികൾ ഒരുമിച്ചു പ്രാർത്ഥിക്കുകയും, സാമൂഹ്യസമ്മേളനങ്ങൾവഴിയും മററും പരസ്പരം പരിചയപ്പെടുകയുംചെയ്തു.

കോൺഗ്രസ് പ്രതിനിധികൾക്കു സന്ദർശനമനുവദിച്ച അവസരത്തിൽ പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു്, വിശ്വാസസത്യങ്ങളെക്കാൾ, നിയമങ്ങൾക്കും, സ്ഥിരോത്സാഹത്തെക്കാൾ അഭിനയങ്ങൾക്കും പ്രാധാന്യം നൽകുന്ന മതസംഘടനകളെപ്പററി അവിടുന്നു് ഒരു മുന്നറിയിപ്പുനൽകുകയുണ്ടായി. തിരുമേനി പ്രസ്താവിച്ചു:

"നിർഭാഗ്യമെന്നു പറയട്ടെ, സദുദ്ദേശ്യപ്രേരിതരെങ്കിലും ഉപരിപ്ലവരും ബുദ്ധിപൂർവ്വമായ ബോദ്ധ്യമില്ലാത്തവരുമായ യുവതികളെ നാം പലപ്പോഴും കണ്ടുമുട്ടുന്നു. ഇവർ ദുർബ്ബലമായ മനോഭാവങ്ങളുടെയും, പുറമേ നല്ലതായ ആശയങ്ങളുടെയും, ധൃഷ്ടമായ പ്രവർത്തനങ്ങളുടെയും ആകർഷകത്വത്തിനു തങ്ങളെത്തന്നെ വിധേയരാക്കുകയും, ഇത്തരം മുഖസ്തുതിക്കു വിവേചനകൂടാതെ കീഴടങ്ങുകയും ചെയ്യുന്നു. ഗുരുതരമായ അവിവേകങ്ങൾ കാണിക്കുകയെന്ന വിപത്തിൽ അവർ പലപ്പോഴും ചെന്നുപതിക്കുന്നു.

"മതപരമായ സംഘടനയുടെ അഭാവമില്ല; പക്ഷെ അതു പൂർണ്ണമോ, സുസ്ഥിരമോ അല്ല. ഉറച്ച വിശ്വാസസത്യങ്ങളേക്കാൾ തിളങ്ങുന്ന നിയമങ്ങളാണു അതിന്റെ ചൈതന്യത്തെ കൂടുതലായി ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നതു്. നിഷ്പ്രഭവും ഉദാരവുമായ സ്ഥിരോത്സാഹത്തെക്കാൾ പകിട്ടേറിയ അഭിനയങ്ങൾക്കാണു് അവിടെ കൂടുതലായ ശ്രദ്ധ കാണപ്പെടുന്നതു്."

സമീകൃതവും സുസ്ഥിരവുമായ ഒരു ആഭ്യന്തരജീവിതത്തിൽ ശ്രദ്ധാലുക്കളായിരിക്കുവാൻ തിരുമേനി തന്റെ ശ്രോതാക്കളെ ഉദ്ബോധിപ്പിച്ചു: "പല യുവക്രൈസ്തവരും, സാങ്കേതികപുരോഗതി പ്രദാനംചെയ്യുന്ന ജ്ഞാനത്തിനും പ്രവർത്തനത്തിനുമുള്ള ഉപാധികളെ ശ്രദ്ധാരഹിതമായി കണ്ടെത്തവേ, യാതൊരു ശങ്കയുംകൂടാതെ അവയെ സ്വീകരിക്കുകയും, യാതൊരു പുനരാലോചനയും കൂടാതെ അവയെ ഉപയോഗിക്കുകയും, സയൻസും സാങ്കേതികനേട്ടങ്ങളും പ്രതിദിനം പരിധികളെ തള്ളിമാററിക്കൊണ്ടിരിക്കുന്ന ഒരു പ്രപഞ്ചത്തെ കീഴടക്കുവാൻ പുറപ്പെടുകയുംചെയ്യുന്നു.

"പുനരാലോചനയ്ക്കോ ശ്രദ്ധാകേന്ദ്രീകരണത്തിനോ അല്പസമയംപോലും അനുവദിക്കാത്ത ഈ നീർച്ചുഴിയാൽ അവർ ഗ്രസ്തരായിരിക്കുന്നു. കൂടുതൽ വാസ്തവികവും ഉന്നതവുമായ യാഥാർത്ഥ്യങ്ങളെപ്പററിയുള്ള ബോധം അവർക്കു നഷ്ടപ്പെടുന്നു. ഭീമമായ വലുപ്പത്തിലുള്ള ഒരു കെട്ടിടത്തെപ്പോലെ ആധുനികലോകം ഉയർന്നുവരുന്നു. എന്നാൽ സ്വസ്രഷ്ടാവായ ദൈവത്തിന്റെ മുദ്രവഹിക്കുന്ന മനുഷ്യാത്മാവിനു്, ഈ പുതിയ വസതിയോടുള്ള അഭിനിവേശവും ബഹുമാനവും എന്തുതന്നെയായിരുന്നാലും, അതിനു തന്റെ ഉത്ഭവരഹസ്യത്തിൽനിന്നും അന്ത്യലക്ഷ്യത്തിൽനിന്നും ഒരിക്കലും ഓടിപ്പോകുവാൻ സാദ്ധ്യമല്ല."

പ്രാർത്ഥനാപരമായ വ്യക്തിജീവിതത്തിൽ അടിസ്ഥാനപ്പെടുത്താത്തപക്ഷം യാതൊരു പ്രേഷിതത്വവും ആ പേരിനുപോലും അർഹമല്ലായെന്നു പരിശുദ്ധപിതാവു തിരുമേനി പ്രസ്താവിച്ചു: "ആധുനികപരിഷ്കാരം വിരോധനിയമമാണു്; എന്തെന്നാൽ അതിന്റെ സ്വഭാവംതന്നെ നവ്യത്വമാകുന്നു. അതു ഭാവിയിലേക്കു്, സ്വായത്തീകരണത്തിലേക്കു നോക്കുന്നു; രാജ്യതന്ത്രത്തിന്റെയും വസ്തുത്തിന്റെയും അതിർത്തികളെ ഉല്ലംഘിക്കുന്നതും പ്രപഞ്ചം മുഴുവൻ വ്യാപിക്കുന്നതുമായ ഒരു സമുദായത്തിന്റെ രൂപവൽക്കരണത്തിലേക്കു നോക്കുന്നു.

"ഏതെങ്കിലും വിധത്തിൽ നിങ്ങൾക്കു് അതിനെപ്പററി അനുഭവജ്ഞാനമില്ലെങ്കിൽ, കൂടുതൽ അത്ഭുതാവഹവും എന്നാൽ കൂടുതൽ യഥാർത്ഥവുമായ ആദ്ധ്യാത്മികലോകത്തിലേക്കു അഗാധമായി ചുഴിഞ്ഞിറങ്ങുവാനും, ദൈവത്തിന്റെ മാഗ്ഗദർശിത്വത്തിൽ അതേപ്പററി അന്വേഷിക്കുവാനും പ്രതിദിനം നിങ്ങൾ യത്നിക്കുന്നില്ലെങ്കിൽ, ആദ്ധ്യാത്മികജീവിതത്തിന്റെ ആകർഷകമായ യാഥാർത്ഥ്യത്തെയും പ്രചോദകമായ ശക്തിയേയുംപററി നിങ്ങൾക്കുതന്നെ എങ്ങനെ ബോദ്ധ്യമുണ്ടാകും?"

"പ്രകാശത്തെ നിഷേധിക്കുന്ന ഒരു ലോകത്തിൽ, പ്രകാശത്തിന്റെ പുത്രിമാരായി" നിലനില്ക്കുന്നതിനു കത്തോലിക്കായുവതികൾ ധീരമായ ഒരു സമരംതന്നെ ചെയ്യേണ്ടിയിരിക്കുന്നു. കത്തോലിക്കാ പ്രവർത്തനംവഴി നടത്തപ്പെടുന്ന ആ സമരം, പ്രധാനമായും ആഭ്യന്തരമായ ഒരു ആദ്ധ്യാത്മികസമരമാകുന്നു.




# ചോദിച്ചാൽ പറയാം

[മതപരമോ സാന്മാർഗ്ഗികമോ, സാമൂഹ്യമോ ആയ വിഷയങ്ങളെപ്പററിയുള്ള ചോദ്യങ്ങൾക്കു ഈ പംക്തിയിൽ മറുപടി പറയുന്നതാണു്. ശരിയായ ഉത്തരം അറിയുന്നതിനുവേണ്ടിയുള്ളവയായിരിക്കണം ചോദ്യങ്ങൾ]

ചോ: കമ്മ്യൂണിസം അതിന്റെ മതപരവും അക്രമപരവുമായ നിഷിദ്ധാശയങ്ങൾ ഉപേക്ഷിച്ചിരിക്കുകയാണെന്നും, ആ നിലയ്ക്കു കമ്മ്യൂണിസം കത്തോലിക്കർക്കു സ്വീകാര്യമാണെന്നും എന്റെ ഒരു സ്നേഹിതൻ പറയുന്നു. ആ വാദം ശരിയാണോ? K. V.

ഉ: മതപരവും അക്രമപരവുമായ നിഷിദ്ധാശയങ്ങൾ ഉപേക്ഷിച്ചുകഴിഞ്ഞാൽ കമ്മ്യൂണിസം കമ്മ്യൂണിസമായിരിക്കുകയില്ലായെന്നതാണു വാസ്തവം. യൂറോപ്യൻ രാജ്യങ്ങളിൽ പ്രാവർത്തികമായിക്കൊണ്ടിരിക്കുന്ന സംഘടിതശ്രമങ്ങളാണുള്ള കമ്മ്യൂണിസമാണല്ലോ നമുക്കു അറിയപ്പെട്ടിട്ടുള്ളതു്. മററു സംഘടനകളിൽനിന്നു അതിനെ വേർതിരിച്ചുനിർത്തുന്നതു് അതു പ്രത്യേകമായി സ്വീകരിച്ചിരിക്കുന്ന ചില സിദ്ധാന്തങ്ങളും പ്രവൃത്തിമാർഗ്ഗങ്ങളുമാണു്. ആ സിദ്ധാന്തങ്ങളും പ്രവൃത്തിമാർഗ്ഗങ്ങളും പലതും മതപ്രബോധനങ്ങൾക്കു എതിരായതുകൊണ്ടാണു് കത്തോലിക്കാസഭ കമ്മ്യൂണിസത്തെ എതിർക്കുന്നതു്. ആ പേരിനോടല്ലാ സഭയ്ക്കു എതിർപ്പ് എന്നർത്ഥം.

മതപരമായ നിഷിദ്ധാശയങ്ങൾ മുഴുവൻ ഉപേക്ഷിച്ചാൽ പിന്നെ കത്തോലിക്കർക്കു അസ്വീകാര്യമായി കമ്മ്യൂണിസത്തിൽ ഒന്നുമില്ലായെന്നുള്ളതു താത്വികമായി ശരിയായിരിക്കാം. പക്ഷെ ആദർശത്തിലും പ്രവൃത്തിയിലും മതപരമായ നിഷിദ്ധാശയങ്ങൾ മുഴുവൻ ഉപേക്ഷിക്കുവാൻ കമ്മ്യൂണിസത്തിനു സാദ്ധ്യമാണോ? സർവ്വശക്തനായ ദൈവത്തിൽ വിശ്വസിക്കുകയും ദൈവപ്രോക്തങ്ങളായ നിയമങ്ങളെ അനുസരിക്കുകയും, മനുഷ്യനു പ്രകൃതിദത്തമായ സ്വാതന്ത്ര്യസ്വത്തുടമാവകാശത്തെ അംഗീകരിക്കുകയും വാക്കിലും പ്രവൃത്തിയിലും അക്രമമാർഗ്ഗങ്ങൾ പരിവർജ്ജിക്കുകയും ചെയ്തുകഴിഞ്ഞാൽ പിന്നെ കമ്മ്യൂണിസംതന്നെ ഒരു വൈരുദ്ധ്യമായിരിക്കും. അപ്പോൾ കത്തോലിക്കർ കമ്മ്യൂണിസം സ്വീകരിക്കുകയെന്ന ഒരു പ്രശ്നം ഉദിക്കുകയുമില്ല.

കമ്മ്യൂണിസത്തിന്റെ അണികളിലുണ്ടായിക്കൊണ്ടിരിക്കുന്ന പിളർപ്പുകൾ നികത്തുവാൻ, മതപരവും അക്രമപരവുമായ നിഷിദ്ധാശയങ്ങൾ ഉപേക്ഷിച്ചിരിക്കുന്നുവെന്നു കമ്മ്യൂണിസ്റ്റുകാർ ചിലർ വാക്കുകൾ പറയാറുണ്ടായിരിക്കാം. പക്ഷെ അവരുടെ പ്രവൃത്തികളാണു പ്രധാനമായി പരിഗണിക്കേണ്ടതു്. തന്റെ മക്കളുടെ സർവ്വതോമുഖമായ ശ്രേയസ്സിൽ ശ്രദ്ധാലുവായ കത്തോലിക്കാസഭ എല്ലാം നിഷ്കർഷാപൂർവ്വം വീക്ഷിച്ചുകൊണ്ടിരിക്കുകയാണു്. കമ്മ്യൂണിസത്തിലെ നിഷിദ്ധാംശങ്ങൾ നീക്കപ്പെട്ടുവെന്നു ബോദ്ധ്യമായാൽ സഭ അതു സസന്തോഷം പ്രഖ്യാപനം ചെയ്യുകതന്നെചെയ്യും. അതിനാൽ തല്പരകക്ഷികളുടെ പ്രചരണങ്ങൾക്കധീനരായി കത്തോലിക്കർ വഴിതെററിപ്പോകേണ്ട ആവശ്യമില്ല.

ചോ: ആവശ്യപ്പെടാത്തവരെ ഒരിക്കലും അതിനു നിർബന്ധിക്കാത്തതും, എന്നാൽ ആവശ്യപ്പെടുന്നവർക്കുമാത്രം വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നതുമായ ഗവമ്മെൻറിന്റെ കുടുംബസംവിധാനപദ്ധതിയെ കത്തോലിക്കർ എതിർക്കുന്നതു ശരിയാണോ?

K. V.

ഉ: കുടുംബസംവിധാനം അതിൽതന്നെ ചീത്തയാണെങ്കിലും, കത്തോലിക്കരെ ബാധിക്കാത്ത കാലത്തോളം അവർ അതിനെ എതിർക്കേണ്ടാ എന്നൊരു ധ്വനിയാണല്ലോ ഈ ചോദ്യത്തിൽ അടങ്ങിയിരിക്കുന്നതു്. സാമൂഹ്യമായും ധാർമ്മികമായും തെററായ ഒരു അടിസ്ഥാനത്തിലാണു് ഈ നിഗമനം കെട്ടിപ്പടുത്തിരിക്കുന്നതു്. നമ്മുടെ വീട്ടിൽ ആർക്കും പിടിപെട്ടിട്ടില്ലെങ്കിലും, അയൽവീട്ടിൽ കോളറയോ, പ്ലേഗോ പിടിപെടുന്നതിനെ നാം അനുകൂലിക്കാറില്ലല്ലോ. നിങ്ങളെ ബാധിച്ചിട്ടില്ലല്ലോ, പിന്നെ നിങ്ങളെന്തിനു കോളറയേയും പ്ലേഗിനേയും എതിർക്കുന്നുവെന്നു ആരെങ്കിലും ചോദിക്കാറുണ്ടോ? പ്ലേഗിനും കോളറായ്ക്കും ഒരു സാംക്രമികസ്വഭാവമുള്ളതുകൊണ്ടു്, സ്വതേ ആപല്ക്കരമായ ആ തിന്മകൾ നമ്മുടെ നാട്ടിൽതന്നെ കടന്നുകൂടാതിരിക്കുവാൻ നാം അത്യുത്സാഹികളായിരിക്കുന്നു.

ആത്മഹത്യ ചെയ്യുന്നവർ അതു വേണമെന്നു് ആഗ്രഹിക്കുന്നവർ മാത്രമാണു്. ആഗ്രഹിക്കാത്തവർ ആത്മഹത്യചെയ്യാറില്ല. എന്നിട്ടും ലോകത്തിലെ എല്ലാ പരിഷ്കൃതജനസമുദായങ്ങളും ആത്മഹത്യയെ നിഷിദ്ധമായി ഗണിക്കുകയും, ആത്മഹത്യാശ്രമം ഒരു ക്രിമിനൽ കുററമെന്ന നിലയിൽ ശിക്ഷാർഹമാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു. മാത്രമല്ല ആരെയെങ്കിലും നിർബന്ധിച്ചു് ആത്മഹത്യചെയ്യിക്കുന്നതു് ഏററവും അപരിഷ്കൃതമായ ഒരു നടപടിയായി ഗണിക്കുകയുംചെയ്യുന്നു. ആത്മഹത്യ അതിൽതന്നെ കുററകരമായ ഒരു പ്രവൃത്തിയായ

വേദശാസ്ത്രപംക്തി

# സപ്തസംസ്കാരങ്ങൾ അഥവാ കൂദാശകൾ

(ഫാദർ മാത്യൂസ് ടി. ഒ. സി. ഡി.)

നമുക്കേവർക്കും വളരെ പരിചയമുള്ള ഒരു പദമാണ് സംസ്കാരമെന്നതു്. പല ലേഖനങ്ങളിലും നാം വായിക്കുന്നതും മിക്ക പ്രസംഗങ്ങളിലും കേൾക്കുന്നതുമായ ഒന്നാണതു്. സാധാരണയായി ഏതർത്ഥത്തിലാണതു ഉപയോഗിക്കുന്നതെന്നു നമുക്കേവർക്കും ഏറെക്കുറെ അറിയാം. അതിനാലതിനെപ്പററി ഇവിടെ യാതൊന്നും പ്രസ്താവിക്കണമെന്നുദ്ദേശിക്കുന്നില്ല. പ്രസ്തുത പദം പ്രകൃതത്തിൽ സാധാരണയുള്ളതിൽനിന്നും അല്പം വിഭിന്നമായ അർത്ഥത്തിലാണു ഉപയോഗിച്ചിരിക്കുന്നതു്. അതിനെപ്പററി രണ്ടുവാക്കു് പറഞ്ഞുകൊള്ളട്ടെ ആദ്യമായി. സംസ്കാരം എന്ന പദത്തിനു് ശുദ്ധിക്രിയ, പരിശുദ്ധമാക്കൽ, കറതീർക്കൽ, പൂർണ്ണമാക്കൽ എന്നിങ്ങനെയാണു് നിഘണ്ടുവിൽ കാണുന്ന അർത്ഥം. ഈ ആശയം വിനിമയം ചെയ്യുന്നതിനു് ഭാഷയിൽ കൂദാശ എന്ന സുറിയാനിപദം തത്സമമായി സ്വീകരിച്ചുപയോഗിക്കുകയാണല്ലോ നാം ചെയ്തതും ചെയ്യുന്നതും. സുറിയാനിയിലെ കൂദാശയുടെ ഭാവനം സംസ്കാരംകൊണ്ടു് മിക്കവാറും സാധിക്കാം. സുറിയാനിയിലെ കൂദാശ (കന്തശ്)ശുദ്ധീകരിക്കുക എന്ന ക്രിയയിൽനിന്നുമുണ്ടായിട്ടുള്ളതാണ്. സക്രമേന്തും (Sacramentum) എന്നു് ലത്തീനിൽ ഉപയോഗിക്കുന്ന പദവും സാക്രും (Sacrum) പരിശുദ്ധമായതു് എന്ന പദത്തിൽനിന്നുമുണ്ടായിട്ടുള്ളതാണ്. പഴയനിയമത്തിൽ ശുദ്ധവസ്തു, സ്വാഭാവികരഹസ്യം എന്നീ ആശയങ്ങളോടുകൂടിയും, പുതിയനിയമത്തിൽ വിശ്വാസരഹസ്യം, വിശുദ്ധ വസ്തുക്കളെ സൂചിപ്പിക്കുന്ന ഇന്ദ്രിയഗോചരമായ ചിഹ്നം എന്നീ അർത്ഥം നൽകിയും പ്രസ്തുത പദം പല സ്ഥലത്തും ഉപയോഗിച്ചിട്ടുണ്ടു്. പന്ത്രണ്ടാം നൂററാണ്ടോടുകൂടിയാണു് വേദാന്തികൾ ഇതിനു് നിഷ്കൃഷ്ടമായ അർത്ഥം നൽകുവാൻ തുടങ്ങിയതു്. ആ ആശയം വിനിമയംചെയ്യുന്നതിനു് കൂദാശ എന്ന സുറിയാനിപദം നാം സ്വീകരിക്കുകയുംചെയ്തു.

## സംസ്കാരങ്ങൾ

ക്രിസ്തുവിനാൽ സ്ഥായിയായി സ്ഥാപിക്കപ്പെട്ട വരപ്രസാദസൂചനാത്മകവും പ്രദാനാത്മകവും ഇന്ദ്രിയഗോചരവുമായ ചിഹ്നങ്ങളാകുന്നു സംസ്കാരങ്ങൾ. വിഭിന്നങ്ങളും ആശയസമ്പുഷ്ടങ്ങളുമായ നാലു വ്യവസ്ഥകൾ ഈ നിർവ്വചനത്തിൽ അടങ്ങിയിട്ടുണ്ടു്.

വരപ്രസാദം, ദൈവവരപ്രസാദം, ഇത്യാദി സംജ്ഞകളാൽ അറിയപ്പെടുന്ന ആ അതിസ്വാഭാവികദൈവികദാനം ദൈവികജീവിതത്തിന്റെ ഒരു ഭാഗഭാഗിത്വമാകുന്നു. അതു് പ്രദാനംചെയ്യുന്നതിനു് ദൈവത്തിനുമാത്രമേ സാധിക്കൂ. മനുഷ്യശക്തിക്കു എന്നു മാത്രമല്ല സൃഷ്ടിക്കപ്പെട്ട എല്ലാ ശക്തികളേയും അതിശയിക്കുന്ന ശക്തിവിശേഷം—ദൈവികശക്തി—ആവശ്യമാകയാലാണു് സംസ്കാരങ്ങളുടെ സ്ഥാപകനാരായിരിക്കണമെന്നു പ്രത്യേകം നിർവ്വചനത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്. നരദൈവമായ ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടവയായിരിക്കണം അവ. അതും സ്ഥായിയായി.

ശുദ്ധജലത്താൽ മലിനീകൃതമായ ശരീരവും മലിനസമായ സാധനങ്ങളും ശുദ്ധീകരിക്കപ്പെടുന്നതുപോലെ, ഭക്ഷണപാനീയങ്ങൾ മൂലം ശരീരം പോഷിപ്പിക്കപ്പെടുന്നതുപോലെ, തൈലലേപനംകൊണ്ടു് മുറിവുകളും വ്രണങ്ങളും സുഖപ്പെടുന്നതുപോലെ, പാപമാകുന്ന ആത്മീയമലിനതയാൽ മലിനസമായിരിക്കുന്ന ആത്മാവു് വരപ്രസാദജലത്താൽ ക്ഷാളനം ചെയ്യപ്പെട്ടു് ശുദ്ധീകരിക്കപ്പെടുന്നു. വി. കുർബ്ബാനയാകുന്ന ആത്മീയഭോജനത്താൽ പരിപോഷിപ്പിക്കപ്പെടുന്നു. വി. തൈലാഭിഷേകത്താൽ ആത്മീയക്ഷതങ്ങൾ സുഖമാക്കപ്പെടുന്നു. ഇങ്ങനെ ശരീരത്തിന്റെ സുസ്ഥിതി, പോഷണം ആദിയായ വിവിധാവശ്യങ്ങൾക്കുപയോഗിക്കുന്ന സാധനങ്ങൾതന്നെ ചിഹ്നങ്ങളായി സ്വീകരിച്ചു് ആത്മീയജീവിതത്തിനും അഭിവൃദ്ധിക്കും ആവശ്യമായ വരപ്രസാദവുമായി അത്ഭുതമാംവിധം ഘടിപ്പിച്ചിരിക്കുന്നു.

നമ്മുടെ കർത്താവിന്റെ ഹ്രസ്വമായ ഈലോകജീവിതകാലത്തു് പലർക്കും അവിടുന്നു് സമൃദ്ധമായി നൽകിയിട്ടുണ്ടു് വരപ്രസാദജീവൻ. "നിങ്ങൾക്കു ജീവനുണ്ടാകുന്നതിനും അതു് സമൃദ്ധിയായുണ്ടാകുന്നതിനുമാണു് ഞാൻ വന്നിരിക്കുന്നതു്" എന്ന അവിടുത്തെ ദിവ്യോക്തിക്കനുസരണമായിരുന്നു അവിടുത്തെ ജീവിതം. ചിലർക്കു തന്റെ സ്പർശനംവഴിയായിട്ടായിരുന്നുവെങ്കിൽ, മററു ചിലർക്കു അവിടുത്തെ അമൃതോപമമായ വചസ്സുകൾവഴിയായിട്ടും മാധുര്യപൂർണ്ണമായ കടാക്ഷവീക്ഷണങ്ങൾ വഴിയായിട്ടുമായിരുന്നു. ഇവയെല്ലാം നാം സുവിശേഷങ്ങളിൽ വായിക്കുന്ന സംഭവങ്ങളാണു്. ഈ സൽഫലങ്ങൾ പ്രദാനംചെയ്തുകൊണ്ടു് ലോകാവസാനംവരെ ലോകത്തിൽ ജീവിക്കുവാനവിടുന്നുദ്ദേശിച്ചിരുന്നില്ല. ഒരു ഹ്രസ്വകാലഘട്ടത്തിനുശേഷം അവിടുന്നു് ലോകരംഗത്തുനിന്നും അപ്രത്യക്ഷനാകുന്നു; തന്റെ രക്ഷണീയവേല തുടർന്നുകൊണ്ടുപോകുന്നതിനാവശ്യമായ സംവിധാനങ്ങൾ ചെയ്തശേഷം. ഈ ലോകത്തിൽ താനാരംഭിച്ചതു് തുടർന്നുകൊണ്ടുപോകുന്നതിനു്, താൻ സമ്പാദിച്ച യോഗ്യതകൾ എല്ലാവർക്കും വിതരണം ചെയ്യുന്നതിനു് താൻ സ്ഥാപിച്ച സഭയിൽ വേണ്ട സജ്ജീകരണങ്ങളും ഏർപ്പാടുകളും ചെയ്തു. ഈ സജ്ജീകരണങ്ങളാണു്—മാർഗ്ഗങ്ങളാണു് അവിടുന്നു സ്ഥാപിച്ച സപ്തസംസ്കാരങ്ങൾ. ഇപ്രകാരം മിശിഹാ തന്റെ ഐഹികജീവിതം സംസ്കാരങ്ങൾവഴി തുടർന്നുകൊണ്ടിരിക്കുന്നതിനാലാണു്. അവ മിശിഹായുടെ ജീവിതത്തിന്റെ തുടർച്ചയെന്നു പറയപ്പെടുന്നതു്. അവിടുത്തെ രക്ഷണീയകൃത്യത്തിന്റെയും മനുഷ്യാവതാരത്തിന്റേയും ഫലം നമുക്കു് സംലബ്ധമാകുന്നതു് സംസ്കാരങ്ങൾവഴിയാകയാൽ അവ മനുഷ്യാവതാരത്തിന്റെ അനുകരണങ്ങളെന്നോ സംക്ഷേപമെന്നോ ആലങ്കാരികമായി പറയാവുന്നതാണു്.

ദൈവത്തിന്റെ അനന്തജ്ഞാനത്തിന്റേയും നന്മയുടേയും സർവ്വോപരി സ്നേഹത്തിന്റേയും നിത്യസ്മാരകങ്ങളായി പരിശോഭിക്കുന്ന സ്തംഭസമൂഹങ്ങളാകുന്നു സംസ്കാരങ്ങൾ. കൃതജ്ഞതാനിർഭരമായ ഹൃദയത്തോടുകൂടിയല്ലാതെ ഇവയെപ്പററി സ്മരിക്കുവാനോ ഇവയെ സമീപിക്കുവാനോ ആർക്കും സാധിക്കുകയില്ല. ഇവയെപ്പററി ചിന്തിക്കുകയിൽ പിതാക്കന്മാർ അത്ഭുതപരിതരാകുകയും ആനന്ദാബ്ധിയിൽ നിമഗ്നരാകുകയും ചെയ്തിട്ടുണ്ടു് എന്നു് അവരുടെ പ്രസ്താവനകൾതന്നെ സാക്ഷ്യം നൽകുന്നു. സ്വർഗ്ഗീയജലത്താൽ സഭയെ ഫലഭൂയിഷ്ഠമാക്കിച്ചെയ്യുന്ന— മനോഹരപറുദീസായാക്കിത്തീർക്കുന്ന— സ്രോതസ്സുകളാണു് സംസ്കാരങ്ങൾ. സഭാഗാത്രത്തിലെ വിവിധാംഗങ്ങളെ പരസ്പരം സംയോജിപ്പിച്ചു് ഏകഗാത്രമാക്കിത്തീർക്കുന്ന സിരാനികരങ്ങളും ബന്ധനങ്ങളുമാണു് അവ. സ്ഥല, കാല, വർഗ്ഗ, വർണ്ണാദിചിന്തകളെല്ലാം പാടെ ഉന്മൂലനംചെയ്തു ഏകോദരസഹോദരങ്ങളെപ്പോലെ പെരുമാറുന്നതിനു് നമുക്കു് അവ എളുപ്പം നൽകുന്നു. സ്നേഹനാഥൻ തന്റെ പീഡാസഹനവും കുരിശുമരണവും വഴിയായി സമ്പാദിച്ച യോഗ്യതകൾ മനുഷ്യരിലേക്കു പ്രവഹിക്കുന്ന പ്രസാദവരവാഹികളായ നീർച്ചാലുകളാണു് സപ്തസംസ്കാരങ്ങൾ. ഉറവയിൽനിന്നു് ജലമെന്നപോലെ വരപ്രസാദജലം സമൃദ്ധമായി ഇവിടെനിന്നും പ്രവഹിക്കുന്നു. യോഗ്യതയോടെ ഇവ സ്വീകരിക്കുന്നവർ സമൃദ്ധമായി നനയ്ക്കപ്പെടുന്നു സ്വർഗ്ഗീയജലത്താൽ. ജീവന്റെ ജലം നിർഗ്ഗളിക്കുന്ന ഈ സ്രോതസ്സുകളെ ക്ഷുദാർത്തരായ മനുഷ്യർ സമീപിക്കട്ടെ, ലോകത്തിനു നൽകാൻ സാധിക്കാത്തതും അലൗകികവും സ്വർഗ്ഗീയവും ആയ ആസ്വാദ്യതയും സന്തുഷ്ടിയും കവിഞ്ഞൊഴുകുന്നതുമായ ഈ സ്ഥലത്തേക്കു വരട്ടെ. മനുഷ്യർ ഇതു് യഥാവിധി മനസ്സിലാക്കി നശ്വരങ്ങളും ക്ഷണപ്രഭാചഞ്ചലങ്ങളും ആത്മനാശകാരണങ്ങളുമായവയെല്ലാം പാടെ പരിത്യജിച്ചു് ഈ ജീവജലത്തിനായി ദാഹിച്ചിരുന്നെങ്കിൽ! ഇതിനെ സമീപിച്ചിരുന്നെങ്കിൽ! ഇതു് പാനം ചെയ്തിരുന്നെങ്കിൽ!

(തുടരും)

## ഉപകാരസ്മരണ

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദേശിച്ചകാര്യം സാധിച്ചതിനു ഉപകാരസ്മരണ. കാലതാമസം വരുത്തിയതിനു ക്ഷമാപണം.

മിസ്സിസ് എം. പി. ലൂവിസ്,
ഞാറക്കൽ

ളകൊണ്ടാണു്, ആഗ്രഹങ്ങളേയും ഇഷ്ടാനിഷ്ടങ്ങളേയും നോക്കാതെ അതു തിന്മയാണെന്നു വിധിക്കപ്പെട്ടിരിക്കുന്നതു്.

സാംക്രമികരോഗത്തേയും ആത്മഹത്യയേയുംകാൾ വിപല്ക്കരമായ ഒരു തിന്മയാണു് 'കുടുംബസംവിധാന'ത്തിൽ ഉൾപ്പെട്ടിരിക്കുന്നതു്. ദൈവപ്രോക്തമായ നിയമങ്ങൾക്കും ലക്ഷ്യങ്ങൾക്കും കടകവിരുദ്ധമായ കുടുംബസംവിധാനം അതിൽതന്നെ ഒരു തിന്മയാകുന്നു. തന്നെപ്പോലെതന്നെ തന്റെ അയല്ക്കാരനേയും സ്നേഹിക്കുവാൻ ബാദ്ധ്യസ്ഥനായ ഒരു കത്തോലിക്കനു്, തന്റെ അയല്ക്കാരൻ ആ തിന്മയ്ക്കു വിധേയനാകുന്നതു കണ്ടുകൊണ്ടിരിക്കുക സാദ്ധ്യമല്ല. മാത്രമല്ല ദൈവത്തെ സ്നേഹിക്കുന്ന ഒരു കത്തോലിക്കൻ, ദൈവപ്രമാണങ്ങൾ എവിടേയും പാലിക്കപ്പെട്ടുകാണുവാൻ ഉത്സാഹിക്കേണ്ടതാണു്.

ആവശ്യപ്പെടാത്തവരെ നിർബന്ധിക്കുന്നില്ലാത്തതുകൊണ്ടു കുടുംബസംവിധാനം കത്തോലിക്കരെ ബാധിക്കുകയില്ലെന്നു കരുതുന്നതു തെററാണു്. കുടുംബസംവിധാനത്തിന്റെ ആകമാനമായ ഫലം വർഗ്ഗഹത്യയാണു്. രാജ്യത്തിന്റെ ജീവച്ഛക്തിയായ യുവാക്കന്മാരുടെ സംഖ്യ കുറയുന്നതോടുകൂടി ആ രാജ്യം അധഃപതിക്കുകതന്നെചെയ്യും. ഈ അധഃപതനം കത്തോലിക്കരേയും ബാധിക്കുന്നതാണു്. കഴിഞ്ഞ ലോകമഹായുദ്ധത്തിൽ ഫ്രാൻസ് കീഴടങ്ങേണ്ടിവന്നപ്പോൾ ഫ്രാൻസിനെ തോല്പിച്ചതു ജർമ്മൻശക്തിയല്ല, കുടുംബസംവിധാനക്കാരായ ഫ്രാൻസിലെ മാതാപിതാക്കന്മാരാണു്, എന്നു ഫ്രഞ്ചു ഭരണാധികാരികൾ പരിതപിച്ചതു് ഇവിടെ സ്മരണീയമാണു്.

കുടുംബസംവിധാനം ഒരു തിന്മയാണു്. അതൊരു തിന്മയായിരിക്കുന്നതിനാൽ കത്തോലിക്കരെ നിർബന്ധിക്കുന്നില്ലെങ്കിലും അതിനെ എതിർക്കുവാനും അതിനെതിരായി പൊതുജനാഭിപ്രായം സംഘടിപ്പിക്കുവാനും കത്തോലിക്കർക്കു അവകാശമുണ്ടു്. ചുമതലയുണ്ടു്.

## പുസ്തകാഭിപ്രായം

### പാടുന്ന പൂമൊട്ടുകൾ

(ഗ്രന്ഥകർത്താ, സി. ടി. ജോർജ്, കാക്കനാട്ട്, പുറം 32, വില നാലണ)

പ്രൈമറിസ്കൂളുകളിലെ കുട്ടികളുടെ കായികവും മാനസികവുമായ ശക്തിവികസനത്തിനു് കളിശീലം പ്രയോജനപ്പെടുത്തത്തക്ക വിധത്തിൽ, അവരെ അഭ്യസിപ്പിക്കാവുന്ന 12 അഭിനയഗാനങ്ങളാണു ഈ ചെറുപുസ്തകത്തിന്റെ ഉള്ളടക്കം. ഓരോ ഗാനവും അഭിനയിക്കുകയും പാടുകയും ചെയ്യേണ്ടതെങ്ങനെയെന്നു്, അടിയിൽ കൊടുത്തിരിക്കുന്ന കുറിപ്പിൽ വിശദീകരിച്ചിട്ടുണ്ടു്. "ശിശുക്കളിൽ കാണുന്ന നിർമ്മാണശീലവും കളിശീലവും തട്ടിയുണർത്തുന്നതിനും, പദബോധവും കലാവാസനയും ഉയർത്തിത്തെളിക്കുന്നതിനും ഇതിലെ ഉള്ളടക്കം പ്രയോജനപ്പെടുന്നതാണെ"ന്നു് അവതാരികാകാരനായ പ്രൈമറി ആൻഡു് മിഡിൽസ്കൂൾ ഇൻസ്പെക്ടർ മി. വറുഗീസ് മാത്യുവും, "പാടുവാനും കളിക്കുവാനും കുട്ടികൾക്കുള്ള നൈസർഗ്ഗികമായ വാസനയെ ഉണർത്തുവാനും, ക്രമേണ അവരെ അല്പാല്പം ഉയർന്ന ചിന്തയിലേക്കു ആനയിക്കുവാനും ഈ ഗാനങ്ങൾക്കു കഴിവുണ്ടെ"ന്നു മൂവാററുപുഴ ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ മി. കെ. മുഹമ്മദാലിയും, "ചുററുമുള്ള പ്രകൃതിയിൽ താല്പര്യവും, പഠിപ്പിൽ ഔൽസുക്യവും പ്രയത്നത്തിൽ ഔന്മുഖ്യവും ജനിപ്പിക്കുന്ന"വയാണു ഈ ഗാനങ്ങളെന്നു മഹാകവി ജി. ശങ്കരക്കുറുപ്പും അഭിപ്രായപ്പെട്ടിരിക്കുന്നു. അങ്ങനെയുള്ള ഈ പാടുന്ന പൂമൊട്ടുകൾ തങ്ങളുടെ കുട്ടികൾക്കു വാങ്ങിക്കൊടുക്കുവാനും അവരെക്കൊണ്ടു് അഭിനയിപ്പിക്കുവാനും രക്ഷാകർത്താക്കന്മാർ ഉത്സാഹിക്കേണ്ടതാണു്.

J. O. M.

—o—

## മൂന്നാമത്തെ ബസ്ലിക്കാ

മാർത്തോമ്മാശ്ലീഹായുടെ ശ്മശാനം സ്ഥിതിചെയ്യുന്ന മൈലാപ്പൂർ കേരളീയക്രിസ്ത്യാനികൾക്കു വളരെ പ്രിയംകരമായ ഒരു പുണ്യസ്ഥലമാണല്ലോ. അവിടത്തെ സെൻറു തോമ്മസ് ഭദ്രാസനദേവാലയം, പരിശുദ്ധ പിതാവു പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഒരു ബസ്ലിക്കായുടെ പദവിയിലേക്കുയർത്തിയിരിക്കുന്നു. ഇതു് ഇൻഡ്യയിലെ മൂന്നാമത്തെ ബസ്ലിക്കായായിരിക്കും. ആദ്യത്തേതു വിശുദ്ധ ശൗരിയാരുടെ അക്ഷയശരീരം കുടികൊള്ളുന്ന ഗോവയിലെ "ബോം ജീസസും" രണ്ടാമത്തേതു ബോംബെയിൽ ബൻഡാറായിലെ സെൻറു മേരീസ് ചർച്ചുമാകുന്നു. മൈലാപ്പൂർ സെൻറു തോമസ് ബസ്ലിക്കായിലെ മാതൃസ്വരൂപത്തെ മദ്രാസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ആഘോഷപൂർവ്വം മുടിധരിപ്പിക്കുന്നതാണു്. വിശുദ്ധ ഫ്രാൻസിസ് സേവ്യർ 400 കൊല്ലം മുമ്പു് ഈ മാതൃസ്വരൂപത്തിന്റെ മുമ്പിൽ പ്രാർത്ഥനാനിരതനായിരുന്നിട്ടുള്ളതാണു്.

## പുതിയ ഭൂഗർഭാലയം

റോമാപ്പട്ടണം ഭൂഗർഭാലയങ്ങളുടെ നാടാണല്ലോ. എന്നാൽ ഇതേവരെ അറിയപ്പെടാതിരുന്ന ഒരു പുതിയ ഭൂഗർഭാലയം "വിയാ ലററിനാ"യ്ക്കടുത്തു അടുത്തകാലത്തു കണ്ടെത്തപ്പെട്ടിരിക്കുന്നു. ഒരു കെട്ടിടത്തിനു തറകെട്ടുവാൻ വാരം തോണ്ടിയപ്പോഴാണു് ഈ അന്തർഭൗമികശ്മശാനത്തിന്റെ അസ്തിക്യം വെളിപ്പെട്ടതു്. ഇതിന്റെ ഭിത്തികൾ മനോഹരങ്ങളായ ചുവർചിത്രങ്ങൾകൊണ്ടു സമലംകൃതങ്ങളാണു്. ആദത്തിന്റെ വീഴ്ച, കായേനും ആബേലും, ജലപ്രളയം, ലോത്തിന്റെ സോദോമിൽനിന്നുള്ള പലായനം, ഗിരിപ്രഭാഷണം, ലാസറിന്റെ ഉയിർപ്പ്, ക്രൂശാരോഹണം മുതലായ ബൈബിൾ കഥകളോടൊപ്പം ചരിത്രപരവും പുരാണകഥാസംബന്ധവുമായ സംഭവങ്ങളും ഇവിടെ ചിത്രീകരിച്ചിട്ടുണ്ടു്. വത്തിക്കാൻ ഭൂഗർഭശാസ്ത്രജ്ഞനായ ഫാദർ അന്റോണിയോ ഫെറുവാ പറയുന്നതു ഇത്ര മനോഹരങ്ങളായ ചിത്രങ്ങളുള്ള മറെറാരു ഭൂഗർഭാലയവുമില്ലെന്നാണു്. ഇതിൽ കയറുന്നവൻ, നാലാംനൂററാണ്ടിലെ ഒരു ആർട്ടു ഗാലറിയിൽ നില്ക്കുകയാണോയെന്നു ശങ്കിച്ചുപോകുമെന്നു് അദ്ദേഹം പ്രസ്താവിക്കുന്നു.

## ഭാഗ്യവതിയായ അമ്മ

ഫാത്തിമായുടെ ചരിത്രത്തിൽ പ്രഖ്യാതരായ ഫ്രാൻസെസ്കോ, ജസീന്താ എന്നീ കുട്ടികളുടെ മാതാവായ മാഡം ഒളിംപിയാ ഡെ ജീസസ് മാർത്തോ 86-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു. ചെറുപ്പത്തിലെതന്നെ നിര്യാതരായ ആ കുട്ടികൾ രണ്ടും ഫാത്തിമാബസ്ലിക്കായിലെ പ്രധാന അൾത്താരയുടെ ഇടത്തും വലത്തുമായി സംസ്കരിക്കപ്പെട്ടിരിക്കുന്നു. അമ്മ ഇപ്പോൾ ഫാത്തിമാസിമിത്തേരിയിലും. അവരുടെ ഭർത്താവും നാലു മക്കളും ഇപ്പോഴും ജീവിച്ചിരിപ്പുണ്ടു്. പൗത്രന്മാരിൽ നാലുപേർ പട്ടത്തിനു പഠിച്ചുകൊണ്ടിരിക്കുകയാണു്. ഫാത്തിമായിൽ മാർത്തോക്കുഞ്ഞുങ്ങളോടൊപ്പം പരിശുദ്ധ കന്യകമറിയത്തെ കാണുവാൻ ഭാഗ്യമുണ്ടായ ലൂസി ഇപ്പോൾ കോയിംബ്രായിലെ കർമ്മലീത്താമഠത്തിലെ ഒരു അംഗമാണു്. പ്രാർത്ഥിക്കുകയും പ്രായശ്ചിത്തമനുഷ്ഠിക്കുകയും ചെയ്യുക; എന്നാൽ റഷ്യാ മാനസാന്തരപ്പെടുകയുംലോകത്തിൽ സമാധാനമുണ്ടാകുകയും ചെയ്യുമെന്നാണു് 39 കൊല്ലം മുമ്പു് പരിശുദ്ധ കന്യകാമറിയം ആ കുട്ടികൾവഴി നൽകിയ സന്ദേശം.

—o—

# പരാജയപ്പെടുന്ന കമ്മ്യൂണിസം

(കെ. വി. സെബാസ്റ്റ്യൻ)

(തുടർച്ച)

## വ്യക്തിസ്വാതന്ത്ര്യം

കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ വ്യക്തിസ്വാതന്ത്ര്യം വെറും കിനാവു മാത്രമാണ്. രാഷ്ട്രമാകുന്ന ചങ്ങലയിലെ കണ്ണികളാണ് വ്യക്തികൾ എന്ന തത്വം അവതരിപ്പിക്കപ്പെടുന്നു. വ്യക്തിയേക്കാൾ പ്രധാനം സമൂഹമായതുകൊണ്ട് സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി വ്യക്തികളെ ബലികഴിക്കാമെന്നാണ് കമ്മ്യൂണിസ്റ്റുകൾ വിശ്വസിക്കുന്നത്. രാഷ്ട്രപതികളുടേതിൽനിന്ന് ഭിന്നമായ ഒരു താല്പര്യവും വ്യക്തിക്ക് ഉണ്ടായിക്കൂടാ. അങ്ങനെ ഉണ്ടായാൽ അതു രാജ്യദ്രോഹമാവും "പ്രതിവിപ്ലവ"മാവും; അട്ടിമറിയാവും! സോവിയറ്റ് പൗരന്റെ ജീവിതത്തിൽ ഈ തത്വത്തിന്റെ പ്രയോഗം കരിനിഴൽ വീശിക്കൊണ്ടിരിക്കുന്നു.

ഒരു ജനതയുടെ സാംസ്കാരിക വളർച്ച എത്രത്തോളമെന്നറിയാൻ അതിനെ പ്രതിനിധീകരിക്കുന്ന കലാകാരന്മാരെ മനസ്സിലാക്കിയാൽ മതി. സോവ്യറ്റ് എഴുത്തുകാരൻ എവിടെനില്ക്കുന്നു? രാഷ്ട്രപതികളെ വാനോളം പുകഴ്ത്തുക, അവർ ചെയ്യുന്നതു മുഴുവൻ നന്മമാത്രമാണെന്നു കൊട്ടിഘോഷിക്കുക എന്നതാണ് സോവിയറ്റ് എഴുത്തുകാരന്റെ ജോലി. സോവിയറ്റ് നോവലുകളും നാടകങ്ങളും വായിക്കുമ്പോൾ ഇതു വ്യക്തമാകും. ശരിയായ ജീവിതവിമർശനമാണ് ഉത്തമകലയെങ്കിൽ സോവിയറ്റ് നോവലുകൾ പ്രദാനം ചെയ്യുന്ന ജീവിതചിത്രങ്ങൾ ഒന്നാംതരം പട്ടാളച്ചിട്ടയിൽ കഴിഞ്ഞുകൂടുന്ന ഒരു ജനവിഭാഗത്തെയാണ് കാണിക്കുന്നത്. വല്ലാത്ത ജീവിതംതന്നെ. എവിടെയും സംതൃപ്തി, ഏറ്റവും സന്തോഷം സ്ഫുരിക്കുന്ന വദനങ്ങൾമാത്രം. ടോൾസ്റ്റോയിയും ഗോർക്കിയും ജീവിക്കുകയും എഴുതുകയും ചെയ്ത അന്തരീക്ഷത്തിനുവന്ന മാറ്റം അത്ഭുതപ്പെടുത്തുന്നതുതന്നെ. അദ്ധ്വാനിക്കുന്ന ജനതയുടെ ഹൃദയത്തുടിപ്പും മനുഷ്യസ്നേഹത്തിന്റെ ഗംഭീരമായ ശബ്ദവുമാണ് ഗോർക്കിയുടെ കഥാപാത്രങ്ങൾക്കുള്ളത്. "മനുഷ്യൻ! എത്ര മനോഹരമായ പദം!" എന്നാണ് ഗോർക്കി പറഞ്ഞത്. അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ ഒരു പുത്തൻജീവിതത്തിന്റെ സന്ദേശവാഹകരും മനുഷ്യസ്നേഹികളും മനുഷ്യമഹത്വത്തെ മാനിക്കാനറിയാവുന്നവരുമാണ്. സാംസ്കാരികപ്രവണതകളും മൂല്യങ്ങളും സാഹിത്യത്തിൽനിന്നു ചോർന്നുപോകരുതെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ അനുയായികളെന്നഭിമാനിക്കുന്ന സോഷ്യലിസ്റ്റ് റിയലിസത്തിന്റെ കൊമ്പുവിളിക്കാർ എന്താണ് ചെയ്യുന്നത്? പഴയകാലങ്ങളിൽ രാജകൊട്ടാരങ്ങളിൽനിന്നു ചിലവു പാറ്റി ലോകത്തില്ലാത്ത നുണകൾ പറഞ്ഞു രാജാവിനെ പ്രീണിപ്പിച്ചിരുന്ന വിദൂഷകന്മാരുടെ പാരമ്പര്യമാണവർ വച്ചുപുലർത്തുന്നത്. ജനങ്ങളുടെ ഏറ്റവും മികച്ച കലാകാരന്മാർ? ടിപ്പുകൾക്ക് നിറവും രൂപവും നൽകി അവതരിപ്പിക്കാനല്ലാ കഴിവില്ലാത്തയാണിവരെന്നു പറഞ്ഞുകൂടാ. എഴുത്തുകാരൻ ചങ്ങലയ്ക്കിടപ്പെട്ടിരിക്കുന്നു എന്നതാണ് പരമാർത്ഥം.

"അങ്ങേ നാമം ഉരുക്കിനേക്കാൾ ബലവത്താണ്,

സൂര്യപ്രകാശത്തേക്കാൾ ശോഭയേറിയതാണ് അങ്ങയുടെ മഹത്വം.

അങ്ങയുടെ വചസ്സുകൾ മധുവിലും മധുരതരമാണ്.

ഞങ്ങളുടെ പ്രിയപ്പെട്ട നേതാവേ, നീണാൾ വാഴുക.

മഹാനായ നേതാവേ, ജനങ്ങളുടെ നേതാവേ, അങ്ങു മനുഷ്യന് ജീവിതം നൽകി.

ഭൂമിയെ ഫലപുഷ്പമാക്കിയത വിടുന്നാണ്.

വസന്തം വികസിക്കുന്നത് ഭവാനിൽക്കൂടിയാണ്

ആഹ്ലാദത്തിന്റെ മുഴ മന്ത്രികൾ മീട്ടുന്ന കരങ്ങൾ അങ്ങയുടെതാണ്."

സ്റ്റാലിനെ പ്രകീർത്തിച്ചുള്ള അനേകം ഗാനങ്ങളിൽ ഒന്നിന്റെ ചുരുക്കമാണിത്. ഒരു കാലത്ത് സ്റ്റാലിന്റെ സ്തുതിപാഠകന്മാരായിരുന്നവർ ഇന്ന് അദ്ദേഹത്തെ നിശിതമായി വിമർശിക്കുന്നത് എന്തുകൊണ്ടാണ്? സോവിയറ്റ് കമ്മ്യൂ പാർട്ടിയുടെ 20-ാം കോൺഗ്രസ്സിൽ ഈ വിമർശനം ഉഗ്രരൂപം കൈക്കൊണ്ടു. സ്റ്റാലിൻ ജീവിച്ചിരുന്ന കാലത്ത് അദ്ദേഹത്തെ വിമർശിക്കാൻ ആർക്കും ധൈര്യമുണ്ടായിരുന്നില്ല.

ഇങ്ങനെ നേതാക്കൾ താളം മാറിയിരിക്കുമ്പോൾ അതിനൊപ്പിച്ച് എഴുത്തുകാരനും തുള്ളേണ്ടിവരും, തീർച്ച. സോവിയറ്റുകലാസൃഷ്ടികളുടെ ആത്മാവിൽ സ്വാതന്ത്ര്യത്തിന്റെ ശവക്കുഴിയുണ്ട്.

സോവിയറ്റു ജീവിതത്തിന്റെ എല്ലാ വശങ്ങളും അതിന്റെ പൂർണ്ണതയിൽ ചിത്രീകരിക്കുക എന്ന മുദ്രാവാക്യമാണ് ആ നാട്ടിലെ കലാകാരന്മാർ സ്വീകരിച്ചിരിക്കുന്നതത്രെ. ജീവിതചിത്രീകരണം എങ്ങനെയിരുന്നാലും സോവിയറ്റ് സിനിമകൾ ഒരു കാര്യത്തിൽ പ്രശംസയർഹിക്കുന്നുണ്ട്. അതു അനുകരണീയംകൂടിയാണ്. ലൈംഗിക അരാജകത്വത്തിന്റെ കുത്തിയൊഴുക്കിൽ പെടാതെ സ്വാതന്ത്ര്യമായി നില്ക്കാൻ കഴിയുന്നു എന്നതാണ് ഈ വിശേഷത. ഹോളിവുഡ് ചിത്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, ആശ്വാസകരമായ ഒരു മാറ്റത്തിലൂടെയാണ് സോവിയറ്റ് സിനിമ പുരോഗമിക്കുന്നതെന്നു കാണാൻ കഴിയും. സോവിയറ്റ് പ്രചാരവേലയുടെ മാദ്ധ്യമമാണെങ്കിലും, സംസ്കാരത്തിന്റെ പരിധി വിട്ടുപോകുന്ന ഭാരം അവ ഏറ്റെടുത്തിട്ടില്ല.

### പത്രങ്ങൾ

റഷ്യൻ ഭരണഘടന പത്രസ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. പിന്നാൽ അതു "രാഷ്ട്രത്തിന്റെ താല്പര്യങ്ങൾക്കനുയോജ്യവും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെ ശക്തിപ്പെടുത്താൻ ഉതകുന്നതും" ആയിരിക്കണം. ഈ നിർവ്വചനത്തിൽനിന്നുതന്നെ പത്രസ്വാതന്ത്ര്യത്തിന്റെ പരിധി കണ്ടറിയാൻകഴിയും. പത്രങ്ങൾ സർക്കാരിനെ വിമർശിക്കാതിരുന്നാൽമാത്രം പോരാ അനുകൂലിക്കുകതന്നെ ചെയ്യണം. റഷ്യയിലെ പത്രങ്ങളെല്ലാം സർക്കാരധീനത്തിലുള്ളവയോ നിയന്ത്രണത്തിലുള്ളവയോ ആണ്. പ്രവദ റഷ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ മുഖപത്രമാണ്. ഇസ്‌വെസ്റ്റിയ സർക്കാരിന്റെ ഔദ്യോഗികജിഹ്വയും. തൊഴിലാളിസംഘടനകളുടേയും യുവജനസമാജങ്ങളുടേയും വകയായി പത്രങ്ങളുണ്ട്. പക്ഷെ പാർട്ടിയും, ഗവർമെന്റും, ട്രേഡ്‌യൂണിയനുകളുമെല്ലാം ഒരുപിടി നേതാക്കന്മാരുടെ പിടിയിലാണെന്നുമാത്രം. ആ സ്ഥിതിയിൽ നേതാക്കന്മാരുടെ താല്പര്യത്തിനെതിരായ എന്തെങ്കിലും പത്രങ്ങളിൽ വരിക എന്ന പ്രശ്നമേയില്ല. സ്വതന്ത്രമായ പത്രപ്രവർത്തനം റഷ്യയിൽ നടപ്പില്ല.

### മതസ്വാതന്ത്ര്യം

മതത്തിനെതിരായി പ്രത്യക്ഷസമരം നടത്തുകയെന്ന നയം കമ്മ്യൂണിസ്റ്റ് ഗവമ്മെൻറുകൾ സ്വീകരിച്ചിട്ടില്ല. രാജ്യത്തിൽ അവിടവിടെയായി ദേവാലയങ്ങൾ ഉണ്ടായിരിക്കുന്നതിൽ എതിർപ്പു പ്രകടിപ്പിക്കാറുമില്ല. മറ്റെന്തിനേക്കാൾ കൂടുതലായി മനുഷ്യമനസ്സിൽ രൂഢമൂലമായിട്ടുള്ളതാണ് മതവിശ്വാസമെന്ന് കമ്മ്യൂണിസ്റ്റുകൾക്കറിയാം. അങ്ങനെ ജനങ്ങളുടെ രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള ദൈവവിശ്വാസത്തിനെതിരായി സമരപ്രഖ്യാപനം നടത്തുന്നത് വിഢ്ഢിത്തമായ നടപടിയായിരിക്കുമെന്ന് അവർക്കു ബോദ്ധ്യമുണ്ട്. കമ്മ്യൂണിസത്തിന്റെ ഏറ്റവും വലിയ ശത്രു കത്തോലിക്കാസഭയാണെന്നവർക്കറിയാം. അതുകൊണ്ട് തങ്ങളുടെ നാട്ടിലെ കത്തോലിക്കാനേതാക്കന്മാരെ "രാജ്യദ്രോഹി"കളാക്കുന്നതിനു അവർ തന്ത്രപൂർവ്വം കരുക്കൾ നീക്കുന്നു. കാർഡിനൽ മിൻസെന്തിയും സ്റ്റെപ്പിനാക്ക് തിരുമേനിയും അഭിമുഖീകരിച്ചതു ബോധപൂർവ്വം തയ്യാറാക്കപ്പെട്ട തന്ത്രങ്ങളെയാണ്.

പുതിയ തലമുറയുടെ ഹൃദയത്തിൽനിന്നു മതബോധം നിർമ്മൂലനം ചെയ്യുന്നതിൽ അധികാരികൾ ദത്തശ്രദ്ധരാണ്. വിദ്യാലയങ്ങളിൽ അതിനനുകൂലമായ പാഠപദ്ധതികൾ സൃഷ്ടിക്കുന്നതിൽ അവർ പ്രത്യേകം ശ്രദ്ധിക്കുന്നു. മതത്തിനും ദൈവവിശ്വാസത്തിനുമെതിരായി പ്രചരണം നടത്തുന്ന സംഘടനകളെ അധികാരികൾ പരോക്ഷമായി പ്രോത്സാഹിപ്പിക്കുന്നു. (ഇന്ത്യയിലെ കമ്മ്യൂ: നേതാക്കളും ഇതേ നയംതന്നെയാണ് കൈക്കൊണ്ടിട്ടുള്ളത്. പ്രസംഗവേദികളിൽ അവർ മതത്തെ എതിർക്കാറില്ല. മതവിശ്വാസം ക്ഷീണിക്കാനിടയുള്ള തങ്ങളുടെ പരിപാടികൾ വിജയിക്കു എന്നവർക്കു ബോദ്ധ്യമുണ്ട്. ഇതിൽനിന്നു ഭിന്നമായ ഒരു നിലപാട് ഇൻഡ്യയെപ്പോലുള്ള ഒരു രാജ്യത്ത് സ്വാഗതം ചെയ്യപ്പെടുകയില്ലല്ലോ)

ഇത്രമാത്രം കരുതലോടെ പ്രവർത്തിച്ചിട്ടും കമ്മ്യൂ: ഗവമ്മെൻറുകൾക്ക് വളരെയധികം കത്തോലിക്കരെ "പ്രതിവിപ്ലവകാരി"കളാക്കേണ്ടിവന്നു. കത്തോലിക്കർ ധാരാളമുള്ള കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലാണ് മതത്തിനെതിരായുള്ള ആക്രമണം ശക്തിപ്രാപിച്ചത്.

പോളണ്ട്:- ഏഴു മെത്രാന്മാർ ജയിലിലുണ്ട്. രണ്ടുപേരെ നാടുകടത്തി. അനവധി വൈദികർ വധിക്കപ്പെടുകയോ നാടുകടത്തപ്പെടുകയോ ചെയ്തു. പള്ളിവക മുതലുകൾ കണ്ടുകെട്ടി. ചെക്കോസ്ലോവാക്കിയായിലെ ജയിലുകളിൽ എട്ടു മെത്രാന്മാർ "ശിക്ഷ" യനുഭവിക്കുന്നു.

യൂഗോസ്ലാവിയാ:- ഒരു മെത്രാൻ വധിക്കപ്പെട്ടു. ഒരാൾ ജയിലിൽ. മതസ്ഥാപനങ്ങളും പ്രസ്സുകളും കണ്ടുകെട്ടി.

ഹംഗറി:- ഒരു മെത്രാൻ വധിക്കപ്പെട്ടു. മൂന്നുപേർ ഇന്നും ജയിലിൽ കഴിയുന്നു. അൽബേനിയായിൽ രണ്ടു മെത്രാന്മാർ വധിക്കപ്പെട്ടു. ഒരാളെ നാടുകടത്തി. രണ്ടുപേർ ജയിലിൽകിടന്നുതന്നെ മരിച്ചു. ഒരാൾ ഇപ്പോഴും ജയിലിലുണ്ട്.

റുമേനിയ:- മൂന്നു മെത്രാന്മാർ ജയിലിൽ കിടന്നു മരിച്ചു. എട്ടുപേരെ നാടുകടത്തുകയോ ജയിലിലടയ്ക്കുകയോ ചെയ്തു. (തുടരും)

---

(12-ാം പേജ് തുടർച്ച)

യസമൃദ്ധയുണ്ട്' നിർവൃതിനേടുന്നതിനായി ധാരാളം ഭക്തജനങ്ങൾ അന്നും ആ ഗ്രാമദേവാലയത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. ആ കൂട്ടത്തിൽ സാധാരണ പതിവില്ലാത്ത ഒരാളെക്കൂടി കാണാം. അതു നമ്മുടെ ഇരുട്ടയാത്രയവസാനിപ്പിച്ച ചാക്കോച്ചൻതന്നെ.

ചേറണിവഴിയിലൂടെ നടക്കയാൽ പററിച്ചേർന്ന കളങ്കമെല്ലാം ഉത്തമമനസ്താപത്താൽ ധന്യമായ ഒരു മുഴുവൻകുമ്പസാരത്താൽ അതിരാവിലെതന്നെ ചാക്കോച്ചൻ കഴുകിക്കളഞ്ഞു. അലോകമോഹനമായ ആത്മീയാനന്ദത്തിൽ നിർവൃതിയാർന്നു ആ ദിവ്യസദൃക്ക കാത്തുനില്ക്കുന്ന ചാക്കോച്ചനെ ഉദയസൂര്യൻ പള്ളിയുടെ ജനാലപ്പഴുതിലൂടെ എത്തിനോക്കി പുഞ്ചിരിതൂകി. തന്റെ പ്രഭയെ വെല്ലുന്ന ഒരു കാന്തിപ്രചുരിമ അവന്റെ മുഖത്തു കളിയാടുന്നതുകണ്ടു ലജ്ജിച്ചിട്ടായിരിക്കാം സമീപമെത്തിയ ഒരു മേഘപടലത്തിനിടയിൽ ഉദയാർക്കൻ മറഞ്ഞുകളഞ്ഞത്.

അന്നു വീട്ടിൽ തിരിച്ചെത്തിയ ചാക്കോച്ചൻ തന്റെ ഡയറിയിൽ ഒരു വാചകംകൂടി കുട്ടിച്ചേർത്തു: "എന്റെ ജീവിതയാത്രയെ നേരായ മാർഗ്ഗത്തിലേക്കു തിരിച്ചുവിട്ട എന്റെ ഏററം വലിയൊരു ധ്യാനഗുരുവാണ് മിന്നൽപ്പിണർ" എന്നു.

---

നിത്യമായ സന്തോഷത്തിന്
പണമാണ് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നത്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണ്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ക്ലിപ്തമായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ച് പരിമിതമായ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്ക് ധൈര്യവും പ്രചോദനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെട്ടും. നിങ്ങളുടെ നിക്ഷേപങ്ങൾക്ക്.
ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്: ചങ്ങനാശ്ശേരി
ബ്രാഞ്ചുകൾ
ആലപ്പുഴ – അതിരമ്പുഴ – കോഴിക്കോട്
ചങ്ങനാശ്ശേരി – എടത്വാ – കോട്ടയം
മണിമല – തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി
K.P.S.

---

## വിനോദവീചി

നവവരൻ വധുവിനോട്:— "നീയാണ് എന്റെ ജീവിതത്തിലെ സൂര്യപ്രകാശം; എന്റെ ഹൃദയത്തിന്റെ ഏകാവലംബവും നീതന്നെ; നീയില്ലെങ്കിൽ എന്റെ ജീവിതം കാർകൊണ്ട ആകാശം പോലെയാണ്."

വധു:- "നിങ്ങൾ സംസാരിക്കുകയാണോ, അതോ കാലാവസ്ഥ റിപ്പോർട്ട് വായിക്കുകയാണോ?"

x x x

ഓപ്പറേഷൻ തുടങ്ങുന്നതിനുമുമ്പു ഡോക്ടർ മേശമേൽ കിടത്തപ്പെട്ടിരിക്കുന്ന രോഗിയോട്:- "നിങ്ങളോടു ഈ അവസരത്തിൽ പരമാർത്ഥതയോടുകൂടി പ്രസ്താവിക്കേണ്ടതു എന്റെ കടമയാണ്. അതുകൊണ്ടു പറയുന്നതാണ്, നിങ്ങൾ വിധേയനാകുന്ന ഈ ഓപ്പറേഷൻ കുറെ അപകടം പിടിച്ചതാണ്. അതുകൊണ്ടു നിങ്ങൾ നല്ലവണ്ണം തയാറാവുക. ഈ അവസരത്തിൽ ഞാൻ പ്രത്യേകമായി നിങ്ങൾക്കുവേണ്ടി ചെയ്യാവുന്ന എന്തെങ്കിലും സേവനമുണ്ടെങ്കിൽ പറയാം."

രോഗി:- "സാർ ഒരുപകാരം മാത്രം ചെയ്താൽമതി. എന്റെ വസ്ത്രങ്ങൾ ഇങ്ങുതരിക. ഞാൻ പൊയ്ക്കൊള്ളാം."

x x x



"എന്റെ വർത്തമാനം കേട്ടപ്പഴേതേ നിങ്ങളിങ്ങനെ ചിരിക്കുന്നതു?"

"അല്ല ഇത്രവലിയ നുണ ഒന്നിച്ചു കേൾക്കാൻ കഴിഞ്ഞല്ലോ എന്നോർത്ത് ചിരിച്ചുപോയി. ഒരാളെയാണെങ്കിൽ പറയുമ്പോഴേ ഇത്രവലിയ നുണ പുറത്തുവരുകയില്ലല്ലോ!!"

---

പരിശുദ്ധ അമലോത്ഭവമാതാവിന്റേയും വി. പത്താംപീയൂസ് മാർപ്പാപ്പായുടേയും മാദ്ധ്യസ്ഥതാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

V. K. T, നിലമ്പൂർ

Reg. No. M. 2293

# Sathya Deepam

Vol. 29 | Ernakulam May 2 1956 | No. 37



## ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




നിങ്ങൾ വളരെയധികം കേട്ടിട്ടില്ലാത്ത ഒരു കൊച്ചു പുണ്യവതിയെയാണ് ഇന്നു വല്യേട്ടൻ നിങ്ങൾക്കു പരിചയപ്പെടുത്താൻ തുടങ്ങുന്നത്. ഇറ്റലിയിലുള്ള ഒരു ഗ്രാമമാണ് ലൂക്കാ എന്നറിയപ്പെടുന്നത്. ലൂക്കായിലെ പാവനാന്തരീക്ഷത്തിൽ പത്തൊൻപതാം നൂറ്റാണ്ടിൽ മൊട്ടിട്ടുവികസിച്ച ഒരു മോഹനകുസുമമാണ് "ലൂക്കായിലെ ലില്ലി" എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വിശുദ്ധ ജെമ്മ ഗൽഗാനി. ജെമ്മാ യാതൊരു സന്യാസസഭയിലും അംഗമായി ചേർന്നില്ലായെങ്കിലും നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തോടുണ്ടായിരുന്ന പ്രത്യേകഭക്തിമൂലം ഒരു "പാഷനിസ്റ്റ്" സന്യാസിനിയെപ്പോലെയാണ് വസ്ത്രധാരണം ചെയ്തിരുന്നത്. വളരെ ആഴമായ ആദ്ധ്യാത്മികത്വം ആ വിശുദ്ധയിൽ പ്രശോഭിച്ചിരുന്നു. മനുഷ്യജീവിതത്തിൽ ഭൗതികതാദർശങ്ങൾ വളരെയധികം പ്രചരിച്ചിരിക്കുന്ന നമ്മുടെ കാലത്തേക്കു ഏറ്റവും പറ്റുന്ന ഒരു മാതൃകയാണ് ഈ വിശുദ്ധ പ്രദാനംചെയ്യുന്നത്.

ജെമ്മായുടെ ജീവിതത്തിൽ വളരെയധികം അവളുടെ ഹൃദയത്തെ സ്പർശിച്ച സംഭവങ്ങൾ നടന്ന ഒരു ദിവസമാണ് 1885 മേയ് 26-ാം തീയതി. അവളുടെ അമ്മ അതിഗൗരവമായ രോഗം പിടിച്ചു മരണാസന്നയായി കിടക്കുന്നു. അവളുടെ സ്ഥൈര്യലേപനത്തിനായി നിശ്ചയിക്കപ്പെട്ട ദിവസവും അതുതന്നെയായിരുന്നു. കാലത്തെ പള്ളിയിലേക്കു പോകുന്നതിനുമുമ്പായി അവൾ അമ്മയെ സമീപിക്കുന്നു. തന്റെ കുഞ്ഞുമക്കളോടുകൂടി ആ വിശുദ്ധകർമ്മത്തിൽ സംബന്ധിക്കുവാൻ ആ അമ്മയുടെ ഹൃദയം വെമ്പുകയായിരുന്നു. എന്തു ചെയ്യാം? ജെമ്മായുടെ അനുജത്തി ഗൗരവം മനസ്സിലാക്കാതെ അമ്മയോടു ചോദിക്കുന്നു, പള്ളിയിൽ പോരുന്നില്ലേ എന്ന്. ജെമ്മാ, അമ്മയെ സമാധാനിപ്പിക്കുന്നു.

വല്യേട്ടൻ




ജെമ്മായുടെ അമ്മ രോഗക്കിടക്കയിൽ
ജെമ്മ സ്ഥൈര്യലേപനം സ്വീകരിക്കുവാൻ തയ്യാറായി അമ്മയുടെ അടുത്തു വന്നുനില്ക്കുന്നു.

### 68-ാം നമ്പ്ര പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—പട്ടണം
മനക്കണക്കിന്റെ ഉത്തരം
കഴിയാനുള്ള കൊല്ലം—10
പിതാവിന്റെ വയസ്സ് 62.
മകന്റെ വയസ്സ് 31.

### പ്രശ്നം നമ്പ്ര 69
(പി. സി. ജോസഫ് Reg. No. 32)

ഞാനും നിങ്ങളുമായി അഭേദ്യമായ ഒരു ബന്ധമാണുള്ളത്. എന്നെ ഒഴിഞ്ഞുപോകുവാൻ ആർക്കും സാദ്ധ്യമല്ല. എന്റെ ആഗമനം ഏറ്റം സുനിശ്ചിതമാണെങ്കിലും ആഗമനസമയം അനിശ്ചിതമാണ്. എന്റെ പേരിനു മൂന്നക്ഷരം. ആദ്യക്ഷരം മഴയിലുണ്ട്, പർവ്വതത്തിലില്ല. രണ്ടാമത്തെ അക്ഷരം താമരയിലുണ്ട്, ആമ്പലിലില്ല. മൂന്നാമത്തെ അക്ഷരം രണത്തിലുണ്ട്, യുദ്ധത്തിലില്ല. എന്റെ പേർ പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## "മിന്നൽപിണർ"

(ടി. വി. കുര്യൻ No. 31)

ആ കൊല്ലവും ചാക്കോച്ചൻ ഇടവകധ്യാനത്തിൽ സംബന്ധിച്ചു. ഒരാഴ്ചയോളം നീണ്ടുനിന്ന പ്രസ്തുത ധ്യാനം, ആത്മീയാധഃപ്പതനത്തിന്റെ അടിത്തട്ടിലേക്കിടിഞ്ഞിറങ്ങിയ ശതക്കണക്കിനാത്മാക്കളെ സമുദ്ധരിച്ചുകൊണ്ടിരുന്നു. എന്നാൽ ചാക്കോച്ചനെ സംബന്ധിച്ചിടത്തോളം ആ വന്ദ്യവൈദികന്റെ പരിശ്രമം വെറും വനരോദനമായി പരിണമിച്ചതേയുള്ളൂ.

യൗവ്വനത്തിന്റെ കൂരിരുട്ടുനിറഞ്ഞ കൊടുങ്കാടിന്റെ ഏതാണ്ടു മദ്ധ്യഭാഗത്തെത്താറായി ചാക്കോച്ചൻ. ആ ഘോരവനത്തിലേക്ക് അവൻ കടന്നുചെന്നിട്ടധികം കഴിയുന്നതിനു മുൻപേതന്നെ അവന്റെ ജീവിതത്തിൽ ആകപ്പാടെ ഒരു പരിവർത്തനമുണ്ടായി. ബാല്യത്തിന്റെ ധവളകോമളമായ നൈർമ്മല്യവും പരിശുദ്ധിയുമെല്ലാം അവനെ വിട്ടകന്നുകഴിഞ്ഞു. ഇടതടവില്ലാതെ അവനിലേക്കൊഴുകിക്കൊണ്ടിരുന്ന മിൻമിനുങ്ങോലുന്ന മാദകചിന്തകളെ അവൻ പൂവിട്ടു പൂജിക്കുവാൻ തുടങ്ങി. കാലം അധികം കാത്തുനില്ക്കേണ്ടിവന്നില്ല, അതിനുമുൻപേതന്നെ ചാക്കോച്ചൻ ആ മാദകചിന്തകൾക്കടിമയാകുകതന്നെ ചെയ്തു. അവ അവനെ മനുഷ്യത്വത്തിന്റെ മാന്യപദവിയിൽനിന്ന് മൃഗീയത്വത്തിന്റെ പാഴ്ക്കുണ്ടിലേക്ക് നിർദ്ദയം തള്ളിയിട്ടു. സുഖഭോഗങ്ങൾ തേടിപ്പിടിക്കുവാൻ അവൻ വെമ്പി, മണലുകൊണ്ടു കയറുപിരിക്കാൻ ശ്രമിക്കുന്നതുപോലെ.

തെളിനീരണി അരുവികളിലും കുളിരണിക്കാറ്റിനാലും പരിലസിച്ചിരുന്ന ശരൽക്കാലം പോയ്മറഞ്ഞു. കരിങ്കാറുകളാൽ മൂടപ്പെട്ട് ഭീകരനാദങ്ങളാൽ മുഖരിതമായ കാർക്കാലം വന്നുചേർന്നു; ബാല്യത്തിന്റെ നൈർമ്മല്യത്തിൽനിന്ന് യൗവ്വനത്തിന്റെ ദയനീയമായ ഭയാനകതയിലേക്കു കടന്നുചെന്ന ചാക്കോച്ചനെപ്പോലെ.

അതു കറുത്തപക്ഷത്തിലെ ഒരു കാറണിരാത്രിയായിരുന്നു. ഇരുൾച്ചുരുളുകളെ കീറിപ്പിളർന്നുകൊണ്ട് മിന്നൽപ്പിണരുകൾ കൂടെക്കൂടെ ഭൂതലത്തെ എത്തിനോക്കുന്നുണ്ടായിരുന്നു. കൂരിരുൾച്ചേല വാരിയുടുത്തുകൊണ്ട് നടന്നകലുന്ന നിശാദേവി, അവളുടെ യാത്ര തുടരുകയാണ്. സർവ്വജീവജാലങ്ങളും അവയുടെ രക്ഷാസങ്കേതങ്ങളിൽ സുഖനിദ്രയിലാണ്ടുതുടങ്ങി. ചാക്കോച്ചനു അന്നു കൂട്ടുകാരുമൊത്തു ഒരു ദുഷിച്ച സിനിമ കാണാൻ പട്ടണംവരെ പോകേണ്ടിയിരുന്നു. അതായിരുന്നു അവരുടെ പ്ലാൻ. കൂരിരുട്ടിനെ അപ്പപ്പോൾ കുത്തിപ്പിളർന്നുകൊണ്ടിരുന്ന മിന്നൽപ്പിണരുകളുടെ ആ കുസൃതികളി ചാക്കോച്ചനെ വല്ലാതെ വെറുപ്പിച്ചു. വളരെനേരം കാത്തിരുന്നിട്ടും മിന്നലുകൾ അവയുടെ കുസൃതിക്കളി നിറുത്താഞ്ഞതിനാൽ അവയെ മനസ്സാ ശപിച്ചുകൊണ്ട് ചാക്കോച്ചൻ ഇറങ്ങിപ്പുറപ്പെട്ടു. നീണ്ടുപരന്നു കിടക്കുന്ന ഒരു നെല്പാടം, അതിനപ്പുറത്തുള്ള ഒന്നു രണ്ടു മൊട്ടക്കുന്നുകൾ, ഇത്രയും കടന്നുചെല്ലുമ്പോൾ നിർദ്ദിഷ്ടസ്ഥാനത്തു ചാക്കോച്ചന്റെ കൂട്ടുകാർ കാത്തുനില്ക്കുമെന്നാണ് വാക്ക്. ചാക്കോച്ചന്റെ യാത്രോദ്ദേശം മനസ്സിലാക്കുവാനായിരിക്കാം മിന്നൽപ്പിണരുകൾ കൂടെക്കൂടെ അവന്റെ പിന്നാലെ പാഞ്ഞെത്തിക്കൊണ്ടിരുന്നത്. നെല്പാടത്തിന്റെ നടുവരമ്പിൽക്കൂടി അവൻ അതിവേഗം നടന്നുനീങ്ങുകയാണ്. അതാ ഒരു മിന്നൽക്കൂടെ ചാക്കോച്ചൻ പെട്ടെന്ന് സ്തബ്ധനായി നിന്നുപോയി. ഇത്രനേരവും ശപിച്ചിരുന്ന മിന്നൽപ്പിണരിനെ ഒരിക്കൽ കണി കാണാൻ അവൻ കൊതിച്ചു. ഒരിക്കൽക്കൂടി മിന്നൽപ്പിണർ തെളിഞ്ഞുമിന്നി. അപ്പോഴാണ് ചാക്കോച്ചനു് അവന്റെ അപകടനില മനസ്സിലായതു്. അതാ ഒരു കരിമൂർഖൻ വളഞ്ഞുകൂടി ഫണമുയർത്തിക്കൊണ്ട് അവന്റെ വഴിയിൽ കിടക്കുന്നു. മിന്നൽപ്പിണരുകളിൽനിന്ന് യഥാസമയം വെളിച്ചം ലഭിച്ചിരുന്നില്ലെങ്കിൽ അവൻ ആ സർപ്പച്ചുരുളിന്റെ നടുവിൽ കയറി ചവിട്ടേണ്ടതായിരുന്നു. അങ്ങിനെ സംഭവിച്ചിരുന്നെങ്കിൽ അടുത്ത നിമിഷത്തിൽ ഉണ്ടാകുവാൻ പോകുന്ന ആപത്തിന്റെ ഭയങ്കരതയോർത്ത് അവനൊന്നു ഞെട്ടി. എങ്കിലും ധൈര്യവാനും നിശ്ചയദാർഢ്യമുള്ളവനുമായ ചാക്കോച്ചന്റെ യാത്രോദ്ദേശം തടുത്തുനിറുത്തുവാൻമാത്രം പ്രബലമായ ഒരു പ്രതിബന്ധമായി അവൻ അതിനെ ഗണിച്ചില്ല. ആകയാൽ അവന്റെ യാത്ര പിന്നെയും മുമ്പോട്ടുതന്നെ നീങ്ങി. മിന്നൽപിണരുകൾ വെളിച്ചം പരത്തി പിന്നെയും അവന്റെ വഴി വ്യക്തമാക്കി കൊടുത്തുകൊണ്ടിരുന്നു. പിന്നീടവൻ അവയെ ശപിക്കാൻ മുതിർന്നില്ല. ഇരുട്ടിലുള്ള യാത്രയിൽ തനിക്കുണ്ടായിരിക്കേണ്ട ഒരുത്തമ സുഹൃത്തായി അവൻ അവയെ ഗണിച്ചു.

അവൻ ആ കുന്നിന്റെ ചെരിവിലേക്കിറങ്ങാനുള്ള ശ്രമമാണ്. തെളിഞ്ഞുമിന്നുന്ന കൊണ്ടൽപ്പാളികളുടെ പ്രകാശത്തിൽ അവൻ വഴി വേണ്ടവിധം പരിശോധിക്കുന്നുണ്ട്. അവൻ ഇറങ്ങിച്ചെല്ലുന്ന കുന്നിന്റെ അല്പം താഴോട്ടു മാറി ഒരു വലിയ ഗർത്തം അവന്റെ ദൃഷ്ടിയിൽപ്പെട്ടു. മിന്നലുകൾ തെളിയുമ്പോൾ ആ വെളിച്ചത്തിലൂടെ സൂക്ഷിച്ചുനോക്കിക്കൊണ്ട് അവനല്പനേരം അവിടെനിന്നു. തന്റെ വഴിയിൽ അപ്രതീക്ഷിതമായിക്കണ്ട ഗർത്തത്തെപ്പറ്റി അവൻ ചിന്തിച്ചു അത്ഭുതചിത്തനായിത്തീർന്നു. താൻ സ്വപ്നലോകത്തിലാണോ എന്നുപോലും അവനു തോന്നിപ്പോയി. ഏറെത്താമസിയാതെ അവൻ കാര്യങ്ങൾ ഏതാണ്ടെല്ലാം ഊഹിച്ചു. നേരത്തെ പെയ്ത പേമാരിയുടെ ഫലമായി പ്രസ്തുത കുന്നിൽ ഉരുൾപൊട്ടലുണ്ടായിക്കാണുമെന്നും ആ സംഭവം നടന്നതു സന്ധ്യാവേളയിലാകയാൽ അതുപറ്റി തനിക്കു നേരത്തെ അറിയാൻ കഴിഞ്ഞില്ലെന്നും അവനൂഹിച്ചു. അവന്റെ വഴി ആ ഗർത്തത്തിൽ ചെന്നവസാനിക്കുന്നതും അവനു വ്യക്തമായിക്കണ്ടു.

ചാക്കോച്ചന്റെ ചിന്തകൾ ആകപ്പാടെ ഇളകിമറിഞ്ഞു. അവനിൽ ഒരു ഭാവഭേദം സംഭവിച്ചു. ഏതായാലും അവൻ ഒന്നുറച്ചുകഴിഞ്ഞു, ഇനി തന്റെ ഇരുട്ടുയാത്ര മുൻപോട്ടില്ലായെന്ന്. അവൻ തന്റെ ബുദ്ധിയെ ചിന്തിപ്പാൻ വിട്ടുകൊണ്ട് പുറകോട്ടു തിരിഞ്ഞു നടന്നുതുടങ്ങി. അവൻ വിചാരിച്ചു. ഇരുൾനിറഞ്ഞ തന്റെ ജീവിതം ആ ഭീകരഗർത്തത്തിൽ ചെന്നവസാനിച്ചിരുന്നെങ്കിൽ അടുത്ത ഭാവി എന്താകുമായിരുന്നുവെന്ന്.

യൗവനാരംഭം മുതലുള്ള തന്റെ ജീവിതവും ആ ഇരുട്ടുയാത്രയും തമ്മിൽ വളരെയധികം സാധർമ്മ്യം അവൻ കണ്ടു. ലൗകികസുഖസന്തോഷങ്ങൾ തേടിപ്പിടിക്കുവാനുള്ള ശ്രമമാകുന്ന ഇരുട്ടുയാത്രയിൽ അദ്ധ്യാത്മഗുരുക്കളിൽനിന്ന് കൂടെക്കൂടെ പുറപ്പെട്ടുകൊണ്ടിരിക്കുന്ന ധാർമ്മികോപദേശങ്ങളാകുന്ന മിന്നൽപ്പിണരുകൾ അവന്റെ ആത്മാവിന്റെ അപകടനിലയെ പലപ്പോഴും അവനു മനസ്സിലാക്കിക്കൊടുത്തിട്ടുണ്ട്. അപ്പോഴെല്ലാം അവയെ ശപിക്കയല്ലാതെ അപഥസഞ്ചാരത്തിൽനിന്നൊഴിഞ്ഞുമാറാൻ അവൻ തയ്യാറായിട്ടില്ല. വെള്ളിത്തിരയിലൂടെ ഫിലിമുകൾ നീങ്ങുന്നതുപോലെ അവന്റെ ഹൃദയഭിത്തിയിലൂടെ ഈവക ചിന്തകളെല്ലാം നിരങ്ങിനീങ്ങിക്കൊണ്ടിരുന്നു.

ചാക്കോച്ചൻ തലേദിവസം കേട്ട ധ്യാനപ്രസംഗത്തിലേക്കു തിരിഞ്ഞു അവന്റെ ചിന്തകൾ. അന്നവൻ നിസ്സാരങ്ങളായി തള്ളിയ ഓരോ വാക്യങ്ങളും ആവർത്തിച്ചാവർത്തിച്ചവൻ ഓർത്തുനോക്കി. ഈടുറ്റ തത്വരത്നങ്ങളാൽ നിബിഡീകൃതങ്ങളാണ് അവ ഓരോന്നുമെന്നു ഇപ്പോളവനു ബോദ്ധ്യമായി.

ഇരുൾച്ചുരുളുകൾ തെറുത്തുനീക്കി പ്രകാശകതിരൊളികൾ വാരിവിതറിക്കൊണ്ട് പുലരിപ്പെൺകൊടി പൂർവ്വദിക്കിൽ പ്രത്യക്ഷപ്പെട്ടു. പതിവുപോലെ ആത്മ

(ശേഷം 11-ാം പേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press.
Ernakulam-1